# 2
# രക്ഷ, വിശ്വാസത്തിന്റെ ഫലം
# (ഭാഗം 1)
## (1:3- 25)

തന്റെ വായനക്കാർ യിസ്രായേലിന്റെ നേരിട്ടുള്ള പിൻഗാമികളായി തീരുവാനായിരുന്നു പത്രൊസ് ആഗ്രഹിച്ചതെന്ന് പ്രാരംഭ വാക്യങ്ങൾ വ്യക്തമാക്കുന്നു. അവർ "തിരഞ്ഞെടുക്കപ്പെട്ട" ജനമായിരുന്നു. യേശുക്രിസസ്തുവിലുള്ള അവരുടെ ബന്ധം നിമിത്തം അവന്റെ വായനക്കാരിൽ യെഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും പരിവർത്തനം ചെയ്യപ്പെട്ടവർ ഉണ്ടായിരുന്നേക്കാം. രണ്ടുകൂട്ടരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. ദൈവജനമായിരുന്ന യിസ്രായേലിന്ന് പഴയനിയമം അഗാധമായി മനസിലാക്കുവാനായിരുന്നു അപ്പൊസ്തലന്റെ വാക്കുകൾ, എന്നാൽ പഴയനിയമ ആശയം വേഗം മതിയാകാതെ വന്നു. പുതിയ ജനനം ലഭിച്ചവരായിരുന്നു അവന്റെ വായനക്കാർ. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിലായിരുന്നു അവരുടെ പ്രത്യാശ. അവരുടെ അവകാശം നിത്യമായി സ്വർഗത്തിൽ സൂക്ഷിച്ചിരിക്കയാണ്. അവസാനം വെളിപ്പെടുവാനിരിക്കുന്ന നിത്യരക്ഷക്കായി അവർ കാത്തിരിക്കുകയായിരുന്നു.

### "ജീവനുള്ള പ്രത്യാശക്കായി വീണ്ടും ജനിച്ചിരിക്കുന്നു"
### (1:3-5)

**3 നമ്മുടെ കർത്താവായ യേശുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽനിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി 4 അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്ക് വേണ്ടി സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും 5 ക്ഷയം, മാലിന്യം, വാട്ടം, മാലിന്യം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി വീണ്ടും ജനിപ്പിച്ചിരിക്കുന്നു.**

**വാക്യം 3.** ദൈവത്തിന്റെ വെളിപ്പാട് യിസ്രായേലിന്നു കൊടുത്തു, എന്നാൽ ക്രിസ്തുവിലുള്ള പുതുക്കമാണ് പുതിയ വെളിപ്പാട്. ഭക്തിയുള്ള യിസ്രായേലിന്നു പലപ്പോഴും ലഭിച്ചിട്ടുള്ള അനുഗ്രഹ പദമാണ് **അനുഗ്രഹിക്കപ്പെട്ടവർ** എന്നത്. ശാലേം രാജാവായ മൽക്കിസെദേക്ക് പറഞ്ഞു, "അത്യുന്നതനായ ദൈവത്താൽ അബ്രഹാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ." പിന്നെ അവൻ പറഞ്ഞു, "അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ" (ഉല്. 14:19, 20). ദാവീദ് തന്റെ വാക്കുകൾ അബീഗയിലിനോട് പറഞ്ഞു, "യിസ്രായേലിന്റെ ദൈവമായ യഹോവക്ക് സ്തോത്രം" (1 ശമു. 25:32). യഹോവയെ പുകഴ്ത്തുവാനായി സങ്കീർത്തനക്കാരൻ ആ വാക്ക് ഇടക്കിടക്ക് ഉപയോഗിച്ചിരിക്കുന്നു (ഉദാഹരണത്തിന്, സങ്കീ. 28:6; 31:21; 41:13; 66:20; 68:19, 35). യേശു

യെരുശലേമിൽ എത്തിയപ്പോൾ ജനക്കൂട്ടം ആർത്തു പറഞ്ഞു, "മുന്നും പിന്നും നടന്ന പുരുഷാരം ദാവീദ് പുത്രനു ഹോശന്നാ; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ" (മത്താ. 21:9).[1] പത്രൊസ് ഉപയോഗിച്ച അതേ ഗ്രാമർഘടന ഉപയോഗിച്ച് സെഖര്യാവ് പറഞ്ഞു, "യിസ്രായേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ" (ലൂക്കൊ. 1:68). അവസാനം 2 കൊരിന്ത്യർ 1:3 ലും, എഫെസ്യർ 1:3 ലും പത്രൊസ് ഉപയോഗിച്ച അതേ വാക്കുകൾ പൗലൊസും ഉപയോഗിച്ചിരിക്കുന്നു.

യിസ്രായേലിന്റെ പരമ്പരാഗത പള്ളികളിലും ഭക്തിയുള്ളവരുടെ തിരുവെഴുത്തിലും ആ വാക്കുകൾ വേരുന്നി കിടന്നിരുന്നു, എന്നാൽ പത്രൊസ് അവയെ കൂടുതൽ വിപുലമാക്കി. **കർത്താവായ യേശുവിന്റെ ദൈവവും പിതാവുമായവൻ** എന്നു പറയുവാൻ, ദൈവം അപ്പൊസ്തലന് അത് പൂർണ്ണമായും വെളിപ്പെടുത്തി കൊടുത്തിരുന്നു. നസറേത്തുകാരനായ യേശുവിന് പ്രത്യേകതയുള്ളവനായിരുന്നു "പിതാവ്." ആ നസറേത്തുകാരനായ യേശു "നമ്മുടെ കർത്താവായ യേശുക്രിസ്തു" ആണ്. അവൻ മനുഷ്യനായി ജീവിച്ചപ്പോൾ അവന്റെ കർത്തൃത്വം സ്പഷ്ടമായിരുന്നു, എന്നാൽ അവൻ ഉയർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു വാഴുവാൻ തുടങ്ങിയപ്പോൾ അത് കൂടുതൽ പ്രകടമായി. പത്രൊസ് തന്റെ വായനക്കാരെ പഴയ നിയമത്തിൽനിന്നു പുതിയ നിയമത്തിലേക്ക് കൊണ്ടുപോകുമ്പോൾ, പത്രൊസ് തന്റെ നിലപാടിൽ ഉറച്ചു നിന്നു.

ദൈവത്തെ പുകഴ്ത്തണം. അവൻ മനുഷ്യരെ രക്ഷിക്കുവാൻ മുൻകൈ എടുത്തതിൽ അവന്റെ ജനം അവനെ എപ്പോഴും വാഴ്ത്തണം. അപ്പൊസ്തലനും അവന്റെ വായനക്കാർക്കും ദൈവത്തോട് ബന്ധം പുലർത്തുവാൻ കഴിഞ്ഞത് **അവന്റെ കരുണാധിക്യപ്രകാരമാണ്**. ദൈവം തന്റെ പുത്രനെ ഒരു വീണ്ടെടുപ്പുകാരനായി അയച്ച് "അവന്റെ വലിയ കരുണയാൽ" അവർക്ക് ക്രിസ്തുവിന്റെ വാഗ്ദാനവും പ്രത്യാശയും ലഭിച്ചു.

പഴയതിന്മേൽ പുതിയതു പണിയുന്നത് പത്രൊസ് തുടർന്നു. ദൈവം അങ്ങനെ വാഴ്ത്തപ്പെട്ടവനായി, അവന്റെ മഹാകരുണയാൽ, അത്ഭുതകരമമായ പുതിയ ആശയങ്ങൾ നൽകുകയും ചെയ്തു. അവ യിസ്രായേലിന്റെ കഴിഞ്ഞകാലത്തിൽ വേരുന്നുന്നതായിരുന്നു, പക്ഷെ അടുത്തത് പുതിയതായിരുന്നു.[2] ഒരു യെഹൂദൻ ദൈവജനത്തിനുള്ള അനുഗ്രഹം പങ്കിട്ടത് ജനനത്താലായിരുന്നു. അമ്മ ഒരു ആൺകുട്ടിയെ പ്രസവിക്കുകയും അപ്പൻ അവനെ എട്ടാം നാളിൽ പരിച്ഛേദന കഴിപ്പിക്കയും ചെയ്യുമ്പോൾ, അവൻ ദൈവജനസമൂഹത്തിന്റെ ഭാഗമായി തീരുന്നു. എന്നാൽ പത്രൊസിന്റെ വായനക്കാർ അങ്ങനെ ആകുന്നില്ല! അത് ഭൗതികജനനത്താൽ സംഭവിക്കുന്നില്ല. അവർ ക്രിസ്തീയ സമൂഹത്തിൽ പങ്കിടുവാൻ പോകുന്ന ജനനം ഒട്ടും കുറവുള്ളതല്ല. അവർ **വീണ്ടും ജനിക്കപ്പെടുന്നു**. അവരുടെ വീണ്ടും ജനനത്താൽ ദൈവം അവരെ ദൈവജനത്തിന്റെ സംഖ്യയോട് ചേർക്കുന്നു.

അ-ക്രൈസ്തവ ജീവിതത്തിൽനിന്നു ക്രിസ്തീയ ജീവിതത്തിലേക്ക് മാറുന്നതിനെ വിവരിക്കുവാൻ പുതിയ നിയമ എഴുത്തുകാർ സ്വാഭാവിക വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ സാദൃശ്യം പലപ്പോഴും പൗലൊസിന് മരിക്കുന്നതായിരുന്നു. എങ്ങനെയായാലും, ക്രിസ്ത്യാനികൾ ജീവന്റെ പുതുക്കം ആസ്വദിക്കുന്ന ചിന്ത പൗലൊസിന്റെ എഴുത്തുകളിൽ വരാതിരുന്നിട്ടില്ല. അവൻ ആ വിഷയം റോമർ 6:3, 4-ൽ പറഞ്ഞിട്ടുണ്ട്. ജീവന്റെ പുതുക്ക

ത്തിൽ നടക്കേണ്ടതിനാണ് വിശ്വാസി സ്നാനത്തിൽ മരിക്കുന്നത്. അയാൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേൽക്കേണ്ടതിനാണ് അവനോടുകൂടെ അടക്കം ചെയ്യുന്നത് (*സൺതാപ്ടോ*). പുതിയ ജനനം അനേകം രൂപകാല ങ്കാരങ്ങളിൽ ഒന്നാണ്, ദൈവമുൻപാകെ ക്രിസ്ത്യാനിയുടെ മാറ്റത്തെയാണ് അത് സാക്ഷീകരിക്കുന്നത്.

വീണ്ടും ജനനത്തെ കുറിച്ച് യെഹൂദ പ്രമാണിയായിരുന്ന നിക്കൊദേമൊസുമായുള്ള യേശുവിന്റെ സംഭാഷണം യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (യോഹ. 3:1–8). അത് “വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം” ആണെന്നാണ് യേശു പറഞ്ഞത്. “... സ്നാനത്തിനു ഉപയോഗിച്ച [‘വെള്ളത്തിന്റെ’ *എക്സ് ഹുഡാറ്റോസ്*] എന്ന വാക്കിനേക്കാൾ ഗൗരവമേറിയ വാക്കുകൾ കണ്ടെത്തുക പ്രയാസമാണ്”[3] എന്ന് ജി. ആർ ബീസ്ലേ-മുറേ ശരിയായി പറഞ്ഞിരിക്കുന്നു.

വെള്ളത്താലുള്ള സ്നാനത്തെ പൗലൊസ് എഴുതിയത് പുനർജ്ജനന സ്നാനം എന്നാണ്, അതായത്, കഴുകൽ സംഭവിക്കുന്നതിനാൽ പുനർജ്ജനനം നടക്കുന്നു (തിത്തൊ. 3:5–7).[4] പുതിയ ജനനത്തെ കുറിച്ച് യാക്കൊബ് 1:18 ലും പറയുന്നു. സ്നാനവും പുതിയജനനവും വേർപിരിക്കുവാൻ പറ്റാത്തതായിരുന്നു പത്രൊസിനും, പൗലൊസിനും, യോഹന്നാനും, യാക്കൊബിനും. “[1 പത്രൊസ് 1:3–5] ലെ സ്നാനത്തെ സംബന്ധിച്ച കുറിപ്പ് തെറ്റുവാനിടയില്ലാത്തത് എന്ന ജെ. എൻ. ഡി. കെല്ലി പറഞ്ഞ അഭിപ്രായം ശരിയാണ് (ഒത്തുവാക്യം, പുനർജ്ജനനം).”[5]

പുതിയനിയമ സ്നാനം ഭൗതികമായ ഒരു പ്രവൃത്തി മാത്രമല്ല. അത് അതിനേക്കാളുപരിയാണ്. അനുതപിച്ച വിശ്വാസി ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുന്നു. വിശ്വാസിയുടെ പാപം നീക്കം ചെയ്യുന്നത് ദൈവം തന്നെയാണ്. “സ്നാനം എന്നത് ആന്തരിക കൃപയുടെ ബാഹ്യമായ അടയാളമാണ്” എന്നു പറഞ്ഞു കേൾക്കുന്നതല്ല ശരി. ഒരാൾ ദൈവമുൻപാകെ എത്തുമെന്ന് സ്നാനം ഉറപ്പ് നൽകുന്നില്ല, ക്രിസ്തീയ നവോത്ഥാനത്തിന് പിന്നീടുണ്ടായ ചിന്തയുമല്ല അത്. ഒരു വിശ്വാസിയുടെ ആത്മിക പ്രതികരണമാണ് സ്നാനം. മാനസാന്തരപ്പെട്ട് ജീവിതത്തെ നവീകരിക്കുക എന്നതിനപ്പുറമായ ഒരു യോഗ്യതാ പ്രവൃത്തിയല്ല സ്നാനം. വിശ്വാസത്താലും മാനസാന്തരത്താലും ഒരുക്കുന്ന ഹൃദയത്തിൽനിന്ന് പാപങ്ങളെ ദൈവം നീക്കിക്കളയും എന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു, സ്നാനപ്പെടുന്ന സമയത്താണ് അത് സംഭവിക്കുന്നത് (പ്രവൃ. 22:16). ഒരാൾ വിശ്വാസത്താലും അനുസരണത്താലും ദൈവത്തിന്റെ രക്ഷ സ്വീകരിക്കുവാൻ മനസ് കാണിക്കുമ്പോൾ, സ്നാനത്തിൽ അയാൾ കർത്താവിനെ കണ്ടുമുട്ടുന്നു.

**ജീവനുള്ള പ്രത്യാശക്കായിട്ടാണ്** ഒരാൾ വീണ്ടും ജനിക്കുന്നത്. അപ്പൊസ്തലൻ “ജീവനുള്ള” എന്ന വിശേഷണം എന്തിനാണ് ക്രിസ്തീയ “പ്രത്യാശ” യോട് ചേർത്തത് എന്നു വ്യക്തമല്ല, എന്നാൽ സാധ്യതകൾ അനുമാനിക്കുവാൻ പ്രയാസവുമില്ല. ക്രിസ്തീയ “പ്രത്യാശ” “ജീവനുള്ളതാണ്” എന്ന് പറഞ്ഞപ്പോൾ പത്രൊസിന്റെ മനസിൽ, (1) ക്രിസ്തുവിന്റെ പുനരുത്ഥാനം. ക്രിസ്തീയ “പ്രത്യാശ” “ജീവനുള്ളതാണ്” കാരണം ക്രൂശിക്കപ്പെട്ട ക്രിസ്തു ജീവിക്കുന്നു. (2) വിശ്വാസിയുടെ ഉള്ളിൽ ജീവനുള്ള പ്രത്യാശ വളരുന്നതുകൊണ്ട്, “പ്രത്യാശ” “ജീവിക്കുന്നതായി” തീരുന്നു. ക്രിസ്തീയ ജീവിതത്തിൽ തിരിച്ചറിയുവാനുള്ള ചിലത് ഉണ്ടെന്ന് പത്രൊസ് തന്റെ വായ

നക്കാരെ ഓർപ്പിച്ചു (റോമ. 8:24, 25 നോക്കുക). തന്റെ വായനക്കാർക്ക് സകല ആത്മികാനുഗ്രഹങ്ങളും ലഭിക്കുന്നതോടൊപ്പം തന്റെ വായനക്കാർ ഇപ്പോൾ യേശുവിന്നായി അവർ അനുഭവിക്കുന്ന കഷ്ടതകളെയും അവൻ ഓർപ്പിക്കുകയാണ്. ക്രിസ്തീയ പ്രത്യാശയാണ് ക്രിസ്ത്യാനികളെ ക്ഷമയോടെ സഹിക്കുവാൻ പ്രേരിപ്പിക്കുന്നത്.

1 പത്രൊസിനെ ചിലർ പ്രത്യാശയുടെ ലേഖനം എന്നു വിളിച്ചിട്ടുണ്ട്. കർത്താവായ യേശു മടങ്ങി വരും എന്നത് ഉറപ്പാണ്, ക്രിസ്തീയ പ്രത്യാശ പൂർണ്ണമാകുന്നത് അപ്പോഴാണ്, അതുകൊണ്ട് പത്രൊസിനും, അവന്റെ വായനക്കാർക്കും, എല്ലാ ക്രിസ്ത്യാനികൾക്കും ക്രിസ്തീയ പ്രത്യാശ പ്രാധാന്യമുള്ളതാണ്. "പ്രത്യാശ" എന്ന വാക്ക് മൂന്നു പ്രാവശ്യം അദ്ധ്യായം 1 ലും, ഒരിക്കൽ അദ്ധ്യായം മൂന്നിലും കാണാം, പ്രത്യാശ ലേഖനത്തിന്റെ പശ്ചാത്തലമാണ്, അല്ലാതെ ലേഖനത്തിലെ മുഖ്യ വിഷയമല്ല. റോമർ 8:24, 25-ൽ "പ്രത്യാശ" എന്ന വാക്ക് താരതമ്യം ചെയ്ത് അഞ്ച് പ്രാവശ്യം കാണാം. "പ്രത്യാശ" പുതിയ നിയമത്തിലെ ഒരു മുഖ്യ വിഷയമാണ്, 1 പത്രൊസിലും അതിൽ കുറഞ്ഞതായ സ്ഥാനമില്ല എന്നു പറയാം.

സംശയവും ദോഷദർശന സ്വഭാവവും, വിദ്യാഭ്യാസപരമായി സങ്കീർണ്ണമായ സാങ്കേതിക ജ്ഞാനമുള്ള ലോകത്തിൽ ക്രിസ്ത്യാനികൾ പ്രത്യാശയോടെ തലയുയുർത്തി നിൽക്കും. ഇതേരീതിയിൽ പഴയ ഒരു ലാറ്റിൻ പ്രയോഗമുണ്ട്, *ഡും സ്പിരോ സ്പേരോ,* അത് തർജിമ ചെയ്ത് പറയുന്നത് "എനിക്ക് ശ്വാസമുള്ളപ്പോൾ, പ്രത്യാശ ഉണ്ട്." പരിഷ്കൃത സമൂഹത്തിലല്ല ക്രിസ്ത്യാനികൾ ആശ്രയിക്കുന്നത്, അല്ലെങ്കിൽ ഉൽപത്തി വിഷയകരമായ യന്ത്രങ്ങളിലോ അത്ഭുത ഔഷധത്തിലോ ഒന്നുമല്ല. ലൗകിക മനുഷ്യൻ തന്റെ ഭൂതകാലത്തിലും ശവക്കുഴിയിലും ആയിരിക്കും ആശ്രയിക്കുന്നത്. "ജീവിതത്തിലെ സാഹചര്യങ്ങൾ മാറുന്നതിനെ ആസ്പദമാക്കിയുള്ളതല്ല ക്രിസ്ത്യാനിയുടെ പ്രത്യാശ. അതെല്ലാം ഇളകുന്നതും പ്രത്യാശ ഇല്ലാതാകുന്നതുമാണ്. മറിച്ച് ദൈവിക പ്രത്യാശ ... ദൈവം ചരിത്രത്തിന്റെ കർത്താവാണ് എന്ന തീർച്ചയാണ് വേണ്ടത്."[6] നല്ല ദൈവത്തിന്റെ കരങ്ങളിലാണ് ക്രിസ്ത്യാനികളുടെ അന്തിമ സ്ഥാനം. "പ്രത്യാശയാലല്ലൊ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്; കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല; ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നത് എന്തിന്? നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിന്നായി ക്ഷമയോടെ കാത്തിരിക്കുന്നു" (റോമ. 8:24, 25).

യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്ന അപ്പൊസ്തലന്മാരുടേയും മറ്റുള്ളവരുടേയും സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിന്മേലായിരുന്നു പത്രൊസ് തന്റെ വായനക്കാരുടെ പ്രത്യാശ ഉറപ്പിച്ചത്. യേശുവിന്റെ ഉയർപ്പ് പ്രാരംഭ ക്രിസ്ത്യാനികളെ സംബന്ധിച്ച ജനക്കൂട്ടത്തിന്റെ സാക്ഷ്യമായിരുന്നില്ല. ശരിയായ സമയത്ത്, ചരിത്രതാളുകളിൽ ഇടം നേടത്തക്കവണ്ണം മൂന്നാം നാൾ ദൈവം അവനെ മരിച്ചവരിൽനിന്നു പുറത്തു കൊണ്ടുവന്നു. നാൽപതു നാളോളം അവൻ അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷനായി അവരെ ഉപദേശിച്ചുവന്നു (പ്രവൃ. 1:3). മരിച്ചവരിൽനിന്നും **ഉയർത്തെഴുന്നേറ്റ യേശു മുഖാന്തരമാണ്** ക്രിസ്ത്യാനികൾക്ക് പ്രത്യാശയുള്ളത്. കർത്താവ് ഉയർത്തെഴുന്നേറ്റതു കാരണം, ക്രിസ്ത്യാനികൾക്ക് പുതിയജനനവും, പ്രത്യാശയും ഉറപ്പാക്കിയിരിക്കുന്നു. "യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ്" മുഖാന്തരം നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രെ രക്ഷക്കുള്ള സ്നാനം എന്നു 1 പത്രൊസ്

3:21–ൽ പറഞ്ഞിരിക്കുന്നത്.

**വാക്യം 4**. പത്രൊസിന്റെ മനസിൽ യിസ്രായേലിന്റെ അനുഭവം വെച്ചുകൊണ്ടാണ് പഴയതും പുതിയതുമായ നിയമങ്ങളെ കോർത്തിണക്കി എഴുതിയിരിക്കുന്നത്. യെഹൂദ സ്വയം-മനസിലാക്കലിൽ, യിസ്രായേലിന്ന് ദൈവത്തിൽനിന്ന് ഒരവകാശം ഉണ്ടായിരുന്നു (*ക്ലെരോനോമിയ*). കനാൻ ദേശമായിരുന്നു അവരുടെ അവകാശം. "നിങ്ങൾ അനുസരിച്ചു നടക്കേണ്ടതിന്നു അവൻ നിങ്ങളോട് കൽപിച്ച തന്റെ നിയമമായ പത്തു കൽപന അവൻ നിങ്ങളെ അറിയിക്കയും രണ്ടു കൽപ്പലകകളിന്മേൽ എഴുതുകയും ചെയ്തു" എന്നു മോശെ യിസ്രായേൽ ജനത്തെ ഓർപ്പിച്ചിരുന്നു (ആവ. 4:21). പഴയ നിയമത്തിൽ യിസ്രായേലിന്ന് അവകാശമായി കനാൻ മാത്രമല്ലായിരുന്നു; ദൈവം തന്നെയും അവരുടെ അവകാശമായിരുന്നു. സങ്കീർത്തനക്കാരൻ ഏറ്റു പറഞ്ഞു, "എന്റെ അവകാശത്തിന്റേയും പാനപാത്രത്തിന്റേയും പങ്ക് യഹോവയാകുന്നു" (സങ്കീ. 16:5). പുതിയ യിസ്രായേലായ കർത്താവിന്റെ സഭക്കും ഒരു **അവകാശം** ഉള്ളതായി പത്രൊസ് പറയുവാൻ ആഗ്രഹിച്ചു. എന്നാൽ ആ അവകാശം യിസ്രായേൽ അനുഭവിച്ചതിനേക്കാൾ തേജസ് ഏറിയതാണ്. യിസ്രായേൽ താമസിച്ച ദേശം, മലിനപ്പെടുത്തുന്നതായിരുന്നു എന്നു കാണാം. ഭൗതിക വസ്തുക്കളെല്ലാം കേട് വരുന്നതും വാടിപ്പോകുന്നതുമാണ്. അതിൽനിന്നു വ്യത്യസ്തമായി, ക്രിസ്തീയ പ്രത്യാശ **സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നു**. ഈ അവകാശം **അക്ഷയവും വാട്ടമില്ലാത്തതുമാണ്**. അത് **വാടി പോകുകയില്ല**. കർത്താവിന്റെ വരവിനായി നോക്കി പാർത്തിരിക്കുവാനാണ് അപ്പൊസ്തലൻ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചത്.

**വാക്യം 5**. ജീവനുള്ള പ്രത്യാശക്കായി വീണ്ടും ജനിച്ചിരിക്കുന്നവർക്ക് **ദൈവം തന്റെ ശക്തിയാൽ** ഒരു അവകാശം സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നു. അതേ ശക്തിയാണ് യേശുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചത് (1:3), അത് ക്രിസ്തുവിലുള്ളവർക്കായി സൂക്ഷിച്ചിരിക്കുന്നു. ദൈവം തന്റെ ജനത്തിനുള്ള അവകാശം കരുതുന്നു അല്ലെങ്കിൽ "സൂക്ഷിക്കുന്നു" (1:4; *ടെരെയോ*), എന്നാൽ അതേസമയം ആളുകളെ തന്നെയും അവൻ കാത്തുകൊള്ളും, അഥവാ, "സംരക്ഷിക്കും" (*ഫ്രൗരെയോ*). സൈനിക സന്ദർഭത്തിലാണ് അവസാനം പറഞ്ഞ വാക്ക് അധികവും ഉപയോഗിക്കുന്നത്. രക്ഷയുടെ ഉറപ്പ് നൽകുന്നത് ദൈവമാണ്. അവൻ തന്റെ ജനത്തെ കാത്തുകൊള്ളുവാൻ മനസ് ഉള്ളവനും കഴിവുള്ളവനുമാണ്.

ദൈവശക്തി അവരുടെ ഭാഗത്ത് ഉണ്ടെങ്കിൽ പോലും ക്രിസ്ത്യാനിക്ക് പരാതിപ്പെടുവാൻ അവസരമില്ല. അവരിലുള്ള ദൈവത്തിന്റെ ശക്തി തിരിച്ചറിയുവാൻ അവരുടെ ഭാഗത്തുനിന്ന് **വിശ്വാസം** ഉണ്ടായിരിക്കണം. വിശ്വാസം എന്നത് കഴിഞ്ഞുപോകുന്ന വെറുമൊരു ആശ്രയം അല്ല. അത് വിശ്വസ്തതയുടെ സജീവമായ ആശ്രയമാണ്. ക്രിസ്ത്യാനികളെ വിളിച്ചത് അനുസരണത്തിനാണ് (1:2). ദൈവം തന്റെ ശക്തിയാൽ അവകാശം സൂക്ഷിക്കുകയും തന്നോട് ഭക്തിപൂർവ്വം ചേർന്ന് ജീവിക്കുന്നവരെ സംരക്ഷിക്കുകയും ചെയ്യും. എഫ്. ജെ.എ. ഹോർട്ട് എഴുതി, "ദൈവികശക്തി പ്രവർത്തിക്കുവാനുള്ള മനുഷ്യ നിബന്ധനയാണ് വിശ്വാസം."[7]

ഒരു വിധത്തിൽ പത്രൊസിന്റെ വായനക്കാർ ദൈവത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിച്ചിരുന്നു, എന്നാൽ അവർ അനുഭവിച്ചതും അനുഭവിച്ചുകൊണ്ടിരുന്നതുമായ പരീക്ഷണങ്ങളുടെ സാക്ഷ്യം എല്ലാം അവർ തിരിച്ചറിഞ്ഞി

രുന്നില്ല. **അന്ത്യകാലത്ത് വെളിപ്പെടുവാനിരിക്കുന്ന ഒരു രക്ഷക്കായി** ദൈവം അവരെ സംരക്ഷിച്ചു. "റെഡി" എന്ന വാക്ക് നാം കാണാതെ പോകരുത്. കർത്താവിന്റെ പ്രത്യക്ഷതക്കായിട്ടും തങ്ങളുടെ അവകാശം ആവശ്യപ്പെടുന്നതിനുമായിരുന്നു ക്രിസ്ത്യാനികൾ "റെഡി" ആയിരുന്നത്. ലേഖനത്തിൽ പിന്നീട് പത്രൊസ് എഴുതി, "എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരിക്കുന്നു" (4:7). അവസാനം കർത്താവ് പ്രത്യക്ഷനാകുന്നതായിരുന്നു പത്രൊസിനും തന്റെ വായനക്കാർക്കും "അവസാന സമയം". അവർ അതിനായി കാത്തിരുന്നു ജീവിച്ചു. അപോകാലിപ്റ്റിക് അർത്ഥത്തിലാണ് പത്രൊസ് "അവസാന സമയം" എന്നതിനുള്ള ഗ്രീക്ക് ഉപയോഗിച്ചത്. ക്രിസ്തു "വെളിപ്പെടുമ്പോൾ", മനുഷ്യർ അറിഞ്ഞ ചരിത്രവും അവസാനിക്കും.

## "വിവിധ പരീക്ഷണങ്ങളിൽ അകപ്പെടും" (1:6-9)

**[6]അതിൽ നിങ്ങൾ ഇപ്പോൾ അൽപ നേരത്തേക്ക് നാനാ പരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടി വന്നാലും ആനന്ദിക്കുന്നു. [7]അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ച്ചക്കും തേജസിന്നും മാനത്തിനുമായി കാൺമാൻ അങ്ങനെ ഇടവരും. [8]അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു. ഇപ്പോൾ കാണാതെ വിശ്വസിച്ചുകൊണ്ട്, [9]നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കയും പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കയും ചെയ്യുന്നു.**

നാലിൽ ഒരു ഭാഗവും (1:6–9; 3:13–17; 4:12–19; 5:9, 10), പത്രൊസ് സംബോധന ചെയ്തത് അപ്പോൾ കഷ്ടത അനുഭവിച്ചുകൊണ്ടിരുന്ന തന്റെ വായനക്കാരെയായിരുന്നു. *പാസ്കോ* എന്ന വാക്ക് ("കഷ്ടത") 1 പത്രൊസിൽ പന്ത്രണ്ടു പ്രാവശ്യം കാണാം, ഇതേപോലെയുള്ള മറ്റേതൊരു പുതിയ നിയമ ഭാഗത്തേക്കാളും അധികമാണ്. ദുഃഖത്തിനും പരിശോധനക്കുമുള്ള മറ്റു വാക്കുകൾ പുറമെ അഞ്ചു പ്രാവശ്യമാണ് വരുന്നത്. ദൈവത്തിന്റെ പരമോന്നത വാഴ്ച്ചയുടെ കാഴ്ച്ചപ്പാടിൽ പരീക്ഷണങ്ങളെ നോക്കി കാണുവാനാണ് പത്രൊസ് തന്റെ വായനക്കാരോട് പറയുന്നത്. പരീക്ഷണം അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുമെന്നതായിരുന്നു ഉടൻ ലഭിക്കുന്ന ഫലം. ദൂരവ്യാപകമായി നോക്കിയാൽ, ദൈവം അവരുടെ വിശ്വാസത്തെ നീതീകരിക്കും. സഹിക്കുന്നവർക്ക് ജീവകിരീടം എന്ന പ്രതിഫലവും ലഭിക്കും.

**വാക്യം 6**. പശ്ചാത്തലം ഒരുക്കിയ ശേഷം, കഷ്ടപ്പെടുന്ന തന്റെ വായനക്കാരെ നേരിട്ട് സംബോധന ചെയ്യുവാൻ പത്രൊസ് തയ്യാറായി. കഷ്ടതയായിരുന്നു വിഷയം എങ്കിലും, വിലാപമായിരുന്നില്ല, സന്തോഷമായിരുന്നു അന്നത്തെ ക്രമം. **ഇതിൽ** (*എൻ ഹോയി*) എന്ന വാക്കുകൾ ഉപയോഗിച്ച് അവൻ സന്തോഷത്തിന്റെ കാരണം ചുരുക്കി പറഞ്ഞിരിക്കുന്നു. എൻഏഎസ്ബി ഇതേ രീതിയിലല്ല തർജ്ജിമ ചെയ്തതെങ്കിലും, ഈ പ്രയോഗം 1 പത്രൊസിൽ മറ്റു ഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് (2:12; 3:16, 19; 4:4). മറ്റു ഭാഗങ്ങളിൽ അവൻ ഉപയോഗിച്ചിരിക്കുന്നതുപോലെ "ഈ" എന്ന പ്രയോഗം അർത്ഥമാക്കുന്നത്, ചർച്ച ചെയ്തുകൊണ്ടിരുന്ന പൊതുവായ അർത്ഥത്തിലാണ്, അല്ലാതെ

ഏതെങ്കിലും പ്രത്യേക കാര്യത്തെ ഉദ്ദേശിച്ചല്ല. ലേഖന വായനക്കാർ വീണ്ടും ജനിച്ചതിനാൽ വളരെ **സന്തോഷിച്ചി** [രുന്നു]. ക്രിസ്തുവിന്റെ പുനരുത്ഥാനം മുഖാന്തരം അവർക്ക് ജീവനുള്ള പ്രത്യാശയും, വാടാത്ത അവകാശവും ഉണ്ടായിരുന്നു.

**ആവശ്യമെങ്കിൽ** (എൻഏഎസ്ബിയിൽ തർജ്ജിമ ചെയ്തിരിക്കുന്നതുപോലെ) എന്ന വാക്കുകൾ തെറ്റിദ്ധരിക്കപ്പെട്ടേക്കാം. പരീക്ഷണങ്ങൾ എന്ന വിഷയം വേർപെടുത്തുന്നതല്ല, അത് തന്റെ വായനക്കാർക്ക് സംഭവിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്തേക്കാം. കെല്ലി ആ വാക്കുകൾ "അത് അങ്ങനെ ആകുവാനിരിക്ക കൊണ്ട്"[8] എന്നാണ് തർജ്ജിമ ചെയ്തത്. ക്രിസ്ത്യാനികൾ **വിവിധ പരീക്ഷണങ്ങളാൽ നിരാശപ്പെട്ടിരുന്നു**. അവർ തങ്ങളുടെ വിശ്വാസത്തിനു വില കൊടുത്തു. പാപമുള്ള ലോകത്തിൽ വിശുദ്ധരായി ജീവിക്കുന്നതിനാലാണ് പരീക്ഷണങ്ങൾ വരുന്നത്, ലോകം അവരെ പകെച്ചു. ക്രിസ്ത്യാനി കഷ്ടപ്പെടുവാനുള്ള കാരണം 1 യോഹന്നാൻ 3:12 ൽ യോഹന്നാൻ വ്യക്തമാക്കുന്നു. കയീൻ എന്തുകൊണ്ടാണ് തന്റെ സഹോദരൻ ഹാബേലിനെ കൊന്നത് എന്ന് അവൻ ചോദിക്കുന്നു. മറുപടിയിൽ അവൻ സഹോദരനെ കൊന്നത് "[കയീന്റെ] പ്രവൃത്തി ദോഷമുള്ളതാകയാലായിരുന്നു എന്നാൽ സഹോദരന്റേത് നീതിയുള്ളതായിരുന്നു" എന്നും പറഞ്ഞിരിക്കുന്നു. ക്രിസ്ത്യാനികൾക്ക് കഷ്ടത ആവശ്യമായിരിക്കുന്നത്, ലോകം വിശുദ്ധി ആഗ്രഹിക്കുന്നവരെ വെറുക്കുന്നതു നിമിത്തമാകുന്നു. ക്രിസ്തീയ ജീവിതത്തിനു കഷ്ടത കൂടിയേതീരു എന്ന രീതിയിൽ ദൈവം വെച്ചിട്ടുള്ളതല്ല കഷ്ടത എന്നർത്ഥം. പക്ഷെ ഭക്തിയോടെ ജീവിക്കുന്നവർക്ക് കഷ്ടത അനുഭവപ്പെടും എന്നു ദൈവം മുന്നറിയിച്ചിരിക്കുന്നു.[9]

തന്റെ വായനക്കാർ അഭിമുഖീകരിക്കുന്ന കഷ്ടതകളുടെ സ്വഭാവം പ്രത്യേകമായി പത്രൊസ് പറയുന്നില്ല. അവരുടെ പരീക്ഷണങ്ങൾ പല വിധത്തിലുള്ളതായിരുന്നേക്കാം. അതിരുകവിഞ്ഞ സന്ദർഭങ്ങളിൽ ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തിരുന്നു. ലേഖനത്തിൽ പിന്നീട് ഗവൺമെന്റ് ഭരണാധികാരികൾക്ക് കീഴ്പ്പെടുവാൻ പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞിരിക്കുന്നു (2:13-17). ക്രിസ്ത്യാനികളും ആഭ്യന്തര അധികാരികളും തമ്മിൽ നല്ല ബന്ധമല്ലായിരുന്നു എന്നു നമുക്ക് ഊഹിക്കാം.[10] ക്രിസ്ത്യാനികൾ നേരിട്ട മറ്റൊരു കഷ്ടത ആയിരുന്നു പരിഹാസവും സമുദായ ഭ്രഷ്ടും. സാമൂഹ്യ സമ്മേളനത്തിന് മാറ്റം സംഭവിക്കുമ്പോൾ, അല്ലെങ്കിൽ സമൂഹത്തിൽ എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ നടന്നാൽ, പുതിയ ആളുകളെയും പുതിയ ആശയങ്ങളെയും ആയിരുന്നു കുറ്റപ്പെടുത്തിയിരുന്നത്.

പിന്നെ പത്രൊസിന്റെ വായനക്കാർ സാമ്പത്തികമായും കഷ്ടത അനുഭവിച്ചിരുന്നു. ക്രിസ്തുവിനെ സ്വീകരിച്ചിരുന്ന ആളുകൾക്ക് ചിലപ്പോൾ തങ്ങളുടെ ഉൽപന്നങ്ങൾ ചന്തസ്ഥലത്ത് കൊണ്ടുപോയി കൊടുപ്പാനോ അവർക്ക് എന്തെങ്കിലും വാങ്ങുവാനോ കഴിഞ്ഞിരുന്നില്ല. തങ്ങൾ ഉൽപാദിപ്പിച്ച വസ്തുക്കൾ വിൽക്കാൻ കഴിയാതെ വന്നപ്പോൾ അവരുടെ ഉപജീവനമാർഗം അടഞ്ഞുപോയി. അവരുടെ പരീക്ഷണങ്ങൾ എന്തായിരുന്നാലും, പത്രൊസിനും അവന്റെ വായനക്കാർക്കും ആനന്ദിക്കുവാനുള്ള അവസരം ആയിരുന്നു. ക്രിസ്തു മടങ്ങിവരുമ്പോൾ തങ്ങൾക്ക് ലഭിക്കുവാനിരിക്കുന്ന പൂർണ്ണ പ്രത്യാശ നിമിത്തമായിരുന്നു അവർക്ക് സന്തോഷിക്കുവാൻ കഴിഞ്ഞത്. സമയം അധികമില്ല എന്നു കാണിക്കുന്ന അടയാളമായിരുന്നു പരീക്ഷണങ്ങൾ (4:7); അതുകൊണ്ട്,

അവർക്ക് സന്തോഷിക്കുവാനുള്ള കാരണമായിരുന്നു അത്. അവരുടെ കഷ്ടങ്ങൾ നൊടി നേരത്തേക്കുള്ളതെന്നു മനസിലാക്കി അവർ സന്തോഷിച്ചു.

**വാക്യം 7.** ലോകത്ത് കഷ്ടത സാർവ്വലൗകികമായിരുന്നു. അസ്ഥിരമായ ആപത്തുകൾ വരുമ്പോൾ ദൈവജനത്തെ അത് ബാധിക്കുന്നതെന്തു കൊണ്ടെന്ന് ആളുകൾ ഊഹിച്ചേക്കാം. തന്റെ സ്നേഹിതന്മാർക്ക് കഷ്ടത നേരിടുമ്പോൾ, അത് **അവരുടെ വിശ്വാസത്തെ തെളിയിക്കുന്ന അടയാളമാണെന്നാണ്** പത്രൊസ് പറഞ്ഞത് (യാക്കൊ. 1:2, 3 നോക്കുക). ഇയ്യോബിന്റെ "ആശ്വാസകനായിരുന്ന" ഏലിഫാസ് പറഞ്ഞു, "ദൈവം ശാസിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; സർവ്വശക്തന്റെ ശിക്ഷ നീ നിരസിക്കരുത്. അവൻ മുറിവേൽപ്പിക്കയും മുറി കെട്ടുകയും ചെയ്യുന്നു. അവൻ ചതെക്കയും തൃക്കൈ പൊറുപ്പിക്കയും ചെയ്യുന്നു" (ഇയ്യോ. 5:17, 18). ആ അഭിപ്രായം നമ്മുടെ പൂർവ്വപിതാവിന് ഇഷ്ടമായില്ല. ഇയ്യോബ് പ്രതികരിച്ചു, "കൊടുങ്കാറ്റുകൊണ്ട് അവൻ എന്നെ തകർക്കുന്നുവല്ലൊ, കാരണം കൂടാതെ എന്റെ മുറിവുകളെ പെരുക്കുന്നു" (ഇയ്യോ. 9:17).

ശിശുക്കളെയും പ്രായമായവരെയും ഉപദ്രവിക്കുന്ന പരീക്ഷണങ്ങൾ ദൈവത്തെ **പുകഴ്ത്തുന്നതും ദൈവമഹത്വത്തിനുമാണോ**? ആ ഉദ്ദേശത്തിന് ദൈവം പരീക്ഷണങ്ങൾ അയക്കുമോ? അത്തരം തീർപ്പിലെത്തുന്നവർ പത്രൊസിന്റെ വിവരണത്തിൽനിന്നും വളരെ ദൂരെയാണ്. പരീക്ഷണത്തിന്റെ കാരണം ഒരു കാര്യം; പരീക്ഷണത്തിന്റെ ഫലം മറ്റൊരു കാര്യം. ദൈവത്തെ മഹത്വപ്പെടുത്തുവാനായി അവൻ ആരെയും പരീക്ഷിക്കുകയില്ല. തന്റെ ജനം കഷ്ടത അനുഭവിക്കുകയാണെങ്കിലും, ലോകത്തിൽ ദൈവത്തിന്റെ പരമോന്നത ഭരണം അവന്റെ മഹത്വത്തിനായി തീരുന്നു എന്നാണ് പത്രൊസ് പറഞ്ഞത്. കെല്ലിയുടെ തർജ്ജിമ ഇവിടെയും സഹായകരമാണ്, "... പൊന്നിനേക്കാൾ വിലയേറിയതായി വിശ്വാസത്തെ കാണാം ... . അങ്ങനെ അത് അനുകൂലമായി നിങ്ങളുടെ പുകഴ്ച്ചക്കും മാനത്തിനുമായി തീരും ..."[11] കഷ്ടത ദൈവമഹത്വത്തിനായി തീരുന്നതിനെ കുറിച്ച് പൗലൊസ് അൽപം കൂടെ വിശദമായി പറയുന്നു:

> അതു തന്നെയല്ല, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശക്കോ ഭംഗം വരുന്നില്ല. ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലൊ (റോമ. 5:3-5).

ദൈവജനം ഒരു ലോഹം തീച്ചുളയിൽ കൂടെ കടന്നു പോകുന്നതു പോലെ കടന്നു പോകുമെന്ന അലങ്കാര പ്രയോഗം പഴയനിയമ പ്രവാചകന്മാർ അനുഭവിച്ചിരുന്നു (യെശ. 1:25; 48:10; യിരെ. 6:29, 30; യെഹെ. 22:18). ജോൺ സ്റ്റോട്ട് എഴുതി, "ജീവിതത്തിലെ നിരാശയും, നിരുൽസാഹവും, ഏകാന്തതയും, കഷ്ടതയും വേദനയും മനസിലാക്കുവാൻ അവയെ നാം ജീവിതത്തിന്റെ ഭാഗമായി കാണണം. പിതാവിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള അച്ചടക്കം നമ്മെ ക്രിസ്തുവിനെ പോലെ ആക്കും."[12]

ക്രിസ്തീയ വിശ്വാസം എന്നു പറയുന്നത് ഒരു വസ്തുസ്ഥിതി യോഗ്യതയോ, അല്ലെങ്കിൽ ഒരാൾ അതു ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ അല്ല. കാരാഗൃഹപ്രമാണി സ്നാനം ഏറ്റപ്പോൾ (പ്രവൃ. 16:33), അവന്റെ വിശ്വാസം അതു മതിയായിരുന്നു, എന്നാൽ വർഷങ്ങളോളം ക്രിസ്തീയ ജീവിതം നയിച്ചു

കഴിയുമ്പോഴത്തെ ഒരാളുടെ വിശ്വാസ യോഗ്യത പ്രതീക്ഷിക്കുന്നത് മറ്റൊരു വിധത്തിലായിരിക്കും. വിശ്വാസയോഗ്യത വളർത്തുന്നതാണ് ക്രിസ്തീയ ജീവിതത്തിൽ ഉപദ്രവങ്ങൾ സഹിച്ച് കർത്താവിനോടുള്ള ബന്ധത്തിൽ കഴിയുക എന്നത്. പരീക്ഷണങ്ങൾ സംഭവിക്കുമ്പോൾ, അത് അവിശ്വാസത്തെ ഉരുക്കി കളയുന്നതുകൊണ്ട് ക്രിസ്ത്യാനികൾ സന്തോഷിക്കുന്നു. പരീക്ഷണം ഒരാളിലുള്ളത് യഥാർത്ഥ വിശ്വാസമാണോ ഉള്ളതെന്ന് തെളിയിക്കുന്നു, എന്നാൽ അത് വിശ്വാസം ആഴത്തിൽ ഉറപ്പിക്കുകയും ചെയ്യും. പത്രൊസ് തന്റെ രണ്ടാം ലേഖനം ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ച് ഇങ്ങനെ അവസാനിപ്പിക്കുന്നു, “കൃപയിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ” (2 പത്രൊ. 3:18). വിശ്വാസം പരീക്ഷണത്താൽ ശുദ്ധീകരിച്ച്, ക്രിസ്ത്യാനികൾ കൃപയിലും പരിജ്ഞാനത്തിലും വളരുന്നു.

1:7 ലും 1:5 ലേതുപോലെ, പത്രൊസ് തന്റെ വായനക്കാരെ **യേശുക്രിസ്തുവിന്റെ വെളിപ്പാട്** ഓർപ്പിച്ചു. കർത്താവിന്റെ മടങ്ങി വരവ് പത്രൊസിന്റെ മനസിൽ വിദൂരമല്ലായിരുന്നു. “യേശുക്രിസ്തുവിന്റെ വെളിപ്പാട് സംഭവിക്കുമ്പോൾ,” ക്രിസ്ത്യാനികളുടെ “വിശ്വാസത്തിന്റെ” “ആത്മാർത്ഥത തെളിയുകയും”, അവസാനം അത് അവരുടേയും കർത്താവിന്റേയും പുകഴ്ച്ചക്കും, തേജസിനും, മാനത്തിനും ഇടയാകുകയും ചെയ്യും. തന്റെ ജനത്തിന്റെ വിശുദ്ധ ജീവിതത്തിനുവേണ്ടി പ്രവർത്തിച്ചതു ദൈവമാകയാൽ അത് ദൈവത്തിന്റെ പുകഴ്ച്ചക്കും, തേജസിന്നും മാനത്തിനും ആയി പരിണമിക്കും. അതേസമയം, യഥാർത്ഥ വിശ്വാസമുള്ളവരിലേക്ക് പുകഴ്ച്ചയും, തേജസും, മാനവും പകർന്നു കൊടുക്കും. തന്റെ വായനക്കാർ കർത്താവിന്റെ മാതൃക പിൻപറ്റുവാനാണ് പത്രൊസ് ആഗ്രഹിച്ചത്. എബ്രായർ 12:2 പറയുന്നു, “വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുൻപിൽ വെച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.”

**വാക്യം 8.** കർത്താവിൽ അവർക്കുള്ള സന്തോഷവും, അവനെ അവർ കണ്ടിട്ടില്ലെങ്കിലും അവന്റെ പ്രത്യക്ഷതക്കായുള്ള അവരുടെ കാത്തിരിപ്പും അപ്പൊസ്തലൻ അവരെ ഓർപ്പിച്ചു. അവർ അനുഭവിച്ചതും താൻ അനുഭവിച്ചതും തമ്മിലുള്ള വ്യത്യാസം അപ്പൊസ്തലൻ പറഞ്ഞില്ല. ഉദാഹരണമായി, അവർ യേശുവിനെ ജഡത്തിൽ കണ്ടിട്ടില്ല, എന്നാൽ അവൻ കണ്ടിരുന്നു. തന്റെ രണ്ടാം ലേഖനത്തിൽ അപ്പൊസ്തലൻ അന്തരം വ്യക്തമാക്കി (2 പത്രൊ. 1:16), എന്നാൽ ഇതിൽ അവൻ തന്റെ വ്യക്തിപരമായ ദൃക്സാക്ഷ്യം കൂടുതൽ സൂക്ഷ്മമായി പ്രകടിപ്പിച്ചു (1 പത്രൊ. 2:23, 24; 5:1).

ആ സഹോദരന്മാർ യേശു ജഡത്തിൽ ആയിരുന്ന സാഹചര്യം അനുഭവിച്ചിരുന്നില്ല, എന്നാൽ അവൻ ഭൗതികമായി സന്നിഹിതനായിരിക്കുന്നതുപോലെ അവർ അവനെ സ്നേഹിച്ചു. ഗ്രാമർ പ്രകാരം ക്രിയകളായ **സ്നേഹം, വിശ്വാസം,**[13] **അതിയായി സന്തോഷിക്കുക** എന്നിവ ആജ്ഞാരൂപത്തിലുള്ളവയാണ്, അങ്ങനെയാകുമ്പോൾ തർജ്ജിമ, “നിങ്ങൾ അവനെ കണ്ടിട്ടില്ലെങ്കിലും സ്നേഹിച്ചു, ഇപ്പോൾ നിങ്ങൾ അവനെ കാണുന്നില്ലെങ്കിലും, അവനിൽ വിശ്വസിക്കുകയും അതിയായി സന്തോഷിക്കയും ചെയ്‌വിൻ.” എങ്ങനെയായാലും, സന്ദർഭം അനുസരിച്ച് ആജ്ഞാരൂപത്തിലാക്കുന്നത് അരോചകമായി തോന്നും. ആകയാൽ ആ സാധ്യത തള്ളിക്കളയാവുന്നതാണ്. നാം ആജ്ഞാരൂപത്തിനു പകരം, ക്രിയകൾ

ഉറപ്പിക്കുന്നതായി എടുത്താൽ, ഗ്രീക്കിലെ വർത്തമാന കാല ഉപയോഗം പത്രൊസിന്റെ വാക്കുകൾക്ക് നിറം കൊടുക്കുന്നതാണ്: "അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ വിശ്വസിച്ചുകൊണ്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കയും, പറഞ്ഞുതീരാത്തതും, മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കയും ചെയ്യുന്നു."

ഭാവി വെളിപ്പാട് വിശ്വാസികൾക്ക് കഷ്ടതയിലും ധൈര്യം പകരുന്നു, ഇപ്പോൾ അവർ കർത്താവിനോടുള്ള സ്നേഹബന്ധം അനുഭവിക്കുകയും ചെയ്യുന്നു. അവന്റെ സ്നേഹത്തിന്റെ ഊഷ്മളത അനുഭവിക്കുവാനും അവനെ സ്നേഹിക്കുവാനും അവനെ കാണണമെന്നില്ല. മനുഷ്യരുടെ സ്നേഹം ദൈവം ആഗ്രഹിക്കുന്നു എന്നത് ബൈബിളിലെ ഏറ്റവും നിർണ്ണായകമായ ഒരു വിഷയമാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ ദൈവം വാസ്തവത്തിൽ തന്റെ സൃഷ്ടിയെ സ്നേഹിക്കുന്നു എന്നു തിരിച്ചറിയുന്നത് വിസ്മയാവഹം തന്നെയാണ്. തന്റെ സൃഷ്ടി അവനെ സ്നേഹിച്ചാലും ഇല്ലെങ്കിലും അവൻ അവരെ കുറിച്ചു കരുതുന്നതിനെയാണ് നമുക്ക് മനസിലാക്കുവാൻ കഴിയാത്തത്. അതാണ് തിരുവെഴുത്ത് സാർവ്വലൗകികമായി സാക്ഷ്യപ്പെടുത്തുന്നത്. ഷേമാ (ആവ. 6:4) യെഹൂദന്മാരുടേയും ക്രിസ്ത്യാനികളുടേയും വിശ്വാസ ഏറ്റു പറച്ചലാണ്. ദൈവം ഏകനെന്ന് പറഞ്ഞ ശേഷം, മോശെ കൂട്ടിച്ചേർത്തു, "നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസോടും, പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കേണം" (ആവ. 6:5). ഇത് മറ്റെല്ലാ കൽപനകളിലും വലുത് എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു (മർക്കൊ. 12:29, 30). ഒരർത്ഥത്തിൽ ദൈവത്തിന് മനുഷ്യരുടെ സ്നേഹം ആവശ്യമുണ്ടോ? അവന് ആവശ്യമുണ്ട് എന്നതിനേക്കാൾ ഉചിതം അപ്പോഴും, മനുഷ്യ സ്നേഹം അവൻ ആവശ്യപ്പെടുന്നുണ്ടോ? പത്രൊസ് വ്യക്തമാക്കിയതിൽനിന്നു ആ ചോദ്യങ്ങൾക്ക് നമുക്ക് ഉത്തരം കണ്ടെത്താം: ദൈവത്തോട് ശക്തമായ ബന്ധം പുലർത്തുവാൻ, ഒരാൾ അവനെ സ്നേഹിക്കണം. പത്രൊസിന് ദൈവത്തെ സ്നേഹിക്കുന്നതും യേശുവിനെ സ്നേഹിക്കുന്നതും ഒരുപോലെ ആയിരുന്നു.

വിശ്വാസവും സ്നേഹവും അടുത്ത് ബന്ധപ്പെട്ടിരിക്കുന്നതായി പുതിയ നിയമത്തിൽ എല്ലാടവും കാണാം. രണ്ട് ക്രിയകളുടെ ആശയം ഒന്നു തന്നെയല്ലെങ്കിലും, 1 കൊരിന്ത്യർ 13 ലും സന്ദേശം ഇടകലർന്നു കിടക്കുന്നു. അയോറിസ്റ്റ് പാർട്ടിസിപ്പിളിൽ നിന്ന് മാറി (*ഐഡോണ്ടെസ്* "കണ്ടതായ") ഇപ്പോഴത്തെ (*ഹൊറോണ്ടെസ്*, "കാണുന്ന") അവസ്ഥയിലെത്തുന്നു. പത്രൊസ് പിന്നെയും ശ്രദ്ധിക്കുന്നത് തീർച്ചയുള്ളതിനെയാണ്: "ഇപ്പോൾ നിങ്ങൾ അവനെ കാണുന്നില്ലെങ്കിലും വിശ്വസിക്കുന്നു." തന്റെ വായനക്കാരോട് പറയുന്ന വിശ്വാസം വിച്ഛേദിക്കപ്പെട്ടതല്ല. "വിശ്വസിക്കുക" എന്നു പത്രൊസ് ഉപയോഗിച്ച വാക്കിന്റെ അർത്ഥം, "ആശ്രയം" എന്നാണ്. "നിങ്ങൾ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും അവനിൽ ആശ്രയിക്കുകയും ചെയ്യുന്നു. സ്നേഹവും ആശ്രയവും പരസ്പരം യോജിച്ചിരിക്കുന്നതായിട്ടാണ് പത്രൊസ് പറഞ്ഞിരിക്കുന്നത്."

സ്നേഹവും ആശ്രയവും യോജിച്ച് ഫലം പുറപ്പെടുവിക്കുന്നു: **പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ വലിയ സന്തോഷം** ഉണ്ടാകുന്നു. എഡ്വേർഡ് ഗോർഡൻ സെൽവിൻ ക്രിസ്തുവിനെ കുറിച്ചുള്ള മനുഷ്യന്റെ അവബോധത്തെ നാല് പടികളായി തിരിച്ചറിഞ്ഞിരിക്കുന്നു. ഒന്നാമത്തേത് പ്രത്യാശ, അടുത്തത്, ഭൗതികമായ അനുഭവം, മൂന്നാമത്തേത് വിശ്വാസം, നാലാ

മത്തേത് "ഭംഗിയുള്ള ദർശനം, അത് ഒരാളിൽ വിശ്വാസം കടന്നു വരുമ്പോൾ പുതിയ ഉൾക്കാഴ്ച്ചയും നൽകുന്നു."[14] വിശ്വാസിയുടെ സന്തോഷം മനസിലാക്കുവാൻ അ-വിശ്വാസിക്ക് കഴിയുന്നില്ല, അ-വിശ്വാസിയെ അത് പ്രകടമാക്കി അയാൾ അത് അനുമോദിക്കത്തക്കവണ്ണം മനസിലാക്കി കൊടുപ്പാൻ വിശ്വാസിക്കും കഴിയുന്നില്ല. ക്രിസ്ത്യാനിയുടെ സന്തോഷം "പറഞ്ഞറിയിക്കുവാൻ പറ്റാത്തത്" ആണെങ്കിലും, അത് ദീപ്തവും "മഹിമ നിറഞ്ഞതുമാണ്," തനിക്കു ചുറ്റും അയാൾ ചെയ്യുന്നതെല്ലാം ക്രിസ്തുവിന്റെ വലയത്തിൽ ആയിരിക്കും.

**വാക്യം 9.** ഗ്രീക്ക് പിൻപറ്റി എൻഏഎസ്ബി വാക്യം 6 മുതൽ 9 വരെ തർജ്ജിമ ചെയ്തിരിക്കുന്നത് ഒരൊറ്റ വാചകമായിട്ടാണ്. [അവരുടെ] **വിശ്വാസത്തിന്റെ ഫലമായ** [അവരുടെ] **ആത്മരക്ഷ പ്രാപിക്കുവാന്തക്ക** നടപടിയിലൂടെ കടന്നുപോകയായിരുന്നു പത്രൊസിന്റെ വായനക്കാർ. ഒരർത്ഥത്തിൽ, പത്രൊസിന്റെ വായനക്കാർക്ക് ഭാവിയിൽ യേശു പ്രത്യക്ഷനാകുമ്പോൾ ലഭിക്കുന്ന ഒന്നായിരുന്നു ആത്മ രക്ഷ, വേറൊരർത്ഥത്തിൽ, വർത്തമാനകാലത്തിൽ അനുഭവിക്കുന്ന യാഥാർത്ഥ്യവുമായിരുന്നു രക്ഷ. അവസാനത്തെ തിരിച്ചറിവിനായി കാത്തിരിക്കുമ്പോഴും, അവർക്ക് ലഭിച്ചിരുന്ന ഒന്നായിരുന്നു അത്.

പുതിയനിയമത്തിലുടനീളം, "രക്ഷ" വിശ്വാസവുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ടാണിരിക്കുന്നത്. "കൃപയാൽ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു" എന്നു പൗലൊസ് എഴുതി (എഫെ. 2:8). പ്രവർത്തിക്കുന്ന ഒരു ആശയമാണ് വിശ്വാസം. മഹത്തായ ചിലത് ചെയ്താൽ ക്രിസ്തുവിൽ വിശ്വസിക്കുവാൻ പാപത്തിൽ നഷ്ടപ്പെട്ടവർക്കു കഴിയുന്നത് എങ്ങനെയെന്ന് പുതിയ നിയമ എഴുത്തുകാർക്കു ഗ്രഹിക്കുവാൻ ബുദ്ധിമുട്ട് ഇല്ലായിരുന്നു. ഒരിക്കൽ മനുഷ്യൻ ധാർമ്മികമായി പൂർണ്ണ അധഃപ്പതനത്തിലെത്തുമ്പോൾ, വിശ്വാസം ഒരു പ്രശ്നമാണ്. പുതിയനിയമകാലത്ത് ആളുകൾ വിശ്വസിക്കുവാൻ ധാരാളം കാരണങ്ങൾ ഉണ്ടായിരുന്നു: (1) മരിച്ചവരിൽനിന്നും ഉയർപ്പിച്ചതിനാൽ യേശുവിനെ ക്രിസ്തുവായി പ്രഖ്യാപിച്ചിരുന്നു (റോമ. 1:4). (2) അവന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയുടെ ദൃക്സാക്ഷികളെ തള്ളിക്കളയുവാൻ കഴിയുമായിരുന്നില്ല (യോഹ. 21:24). (3) വിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചിരുന്നു (ഗലാ. 3:2; 4:6).

വിശ്വാസത്തിന്റെ ഫലമായി, അവരുടെ ആത്മാക്കൾ രക്ഷിക്കപ്പെടും, എന്നാൽ നിത്യജീവന്റെ മഹിമയോടുകൂടെ അത് പൂർണ്ണമായി വെളിപ്പെടുവാനിരിക്കുന്നതേയുള്ളു. ഭൗതിക നിലനിൽപിൽനിന്നു "ആത്മാവിനെ" വേർപെടുത്തിയല്ല രക്ഷിക്കുന്നത് എന്നു മനസിലാക്കുക. രക്ഷിക്കുന്നത് മുഴുവൻ വ്യക്തിയേയുമാണ്.

## പ്രവാചകന്മാർ ശുശ്രൂഷിച്ചിരുന്നു (1:10-12)

**[10]നിങ്ങൾക്ക് വരുവാനിരിക്കുന്ന കൃപയെ കുറിച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞു അന്വേഷിച്ചിരുന്നു. [11]അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിന്നു വരേണ്ടിയ കഷ്ടങ്ങളേയും പിൻവരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്നു പ്രവാചകന്മാർ ആരാഞ്ഞു നോക്കി. [12]തങ്ങൾക്കായിട്ടല്ല**

**നിങ്ങൾക്കായിട്ടത്രെ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്ക് വെളിപ്പെട്ടു. സ്വർഗത്തിൽ നിന്ന് അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോട് സുവിശേഷം അറിയിച്ചവർ അത് ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിൽ ദൈവ ദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്നു.**

അവർ അനുഭവിക്കുന്ന കഷ്ടതയും ആസ്വദിക്കുന്ന രക്ഷയും ദൈവത്തിന്റെ മനസിൽ രണ്ടാമത് ഉദിച്ച ആശയമായിരുന്നില്ല എന്നു പത്രൊസ് തന്റെ വായനക്കാരെ ഓർപ്പിക്കുവാൻ ആഗ്രഹിച്ചു. അവർ അത് അറിഞ്ഞാലും ഇല്ലെങ്കിലും, ദൈവം തന്റെ ഇഷ്ടം ചരിത്രത്തിൽ പ്രവർത്തിച്ചുകൊണ്ടാണിരുന്നത്.

**വാക്യങ്ങൾ 10–12.** ദൈവത്തിന്റെ ഉദ്ദേശവും വാഗ്ദാനങ്ങളും യേശുവിൽ നിറവേറുന്നു എന്നത് സുവിശേഷത്തിലെ പ്രധാന ഘടകമാണ്. യേശു എന്ന വ്യക്തിയിലും അവൻ പണിത സഭയിലും വരുവാനുള്ള മശിഹയെ കുറിച്ചു പ്രവചിച്ചതെല്ലാം നിറവേറി. പ്രവാചകന്മാരുടെ ശുശ്രൂഷ പഴയനിയമകാലത്തിൽ മാത്രമായിരുന്നില്ല എന്ന കാര്യമാണ് നാം കാണാതെ പോകുന്നത്. ആനുകാലിക പ്രവാചകന്മാർ ഒന്നാം-നൂറ്റാണ്ടിലെ സഭയിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ചിരുന്നു. സഭ പണിതത് "അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേലായിരുന്നു" എന്ന് പൗലൊസ് പറഞ്ഞപ്പോൾ (എഫെ. 2:20), അല്ലെങ്കിൽ ക്രിസ്തുവിന്റെ മർമ്മം "തന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും വെളിപ്പെടുത്തി" എന്നു പറഞ്ഞപ്പോൾ (എഫെ. 3:5), "അവൻ ചിലരെ അപ്പൊസ്തലന്മാരായും പ്രവാചകന്മാരായും" നിയമിച്ചു എന്നു പറഞ്ഞപ്പോൾ (എഫെ. 4:11) പുതിയനിയമകാലത്തുണ്ടായിരുന്ന പ്രവാചകന്മാരെയാണ് സൂചിപ്പിക്കുന്നത്. ആത്മാവിന്റെ വരങ്ങളെ കുറിച്ച് പൗലൊസ് പറഞ്ഞപ്പോൾ എഴുതി, "സഭയിൽ ഒന്നാമത് അപ്പൊസ്തലന്മാർ, രണ്ടാമത് പ്രവാചകന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിച്ചു ..." (1 കൊ. 12:28). പ്രത്യേകമായി അഗബോസ്, യൂദാ, ശിലാസ് എന്നീ പ്രവാചകന്മാരെ പേരെടുത്തു പറഞ്ഞിരിക്കുന്നത് പുതിയനിയമത്തിൽ കാണാം (പ്രവൃ. 11:27, 28; 15:32). യോഹന്നാൻ കള്ളപ്രവാചകന്മാരെ കുറിച്ച് മുന്നറിയിച്ചപ്പോൾ, ക്രിസ്ത്യാനികൾക്ക് വാസ്തവത്തിലുള്ള പ്രവാചകന്മാരെ അറിയാമായിരുന്നു എന്നു സ്പഷ്ടം (1 യോഹ. 4:1).

**പ്രവാചകന്മാരെ** കുറിച്ച് പത്രൊസ് സംസാരിച്ചപ്പോൾ, അത് പഴയനിയമ പ്രവാചകന്മാരാണെന്ന് നാം തെറ്റിദ്ധരിച്ചേക്കാം. ഇവിടെ പരിഗണിക്കേണ്ടത് ക്രിസ്തീയ പ്രവാചകന്മാരാണ് എന്ന് സെൽവിൻ വാദിച്ച് ബോധ്യമാക്കിയിരിക്കുന്നു.[15] ഒരുപക്ഷെ പ്രവാചകന്മാർ പ്രവചിച്ചത് **കൃപയാൽ** ആയിരിക്കാം (1:10), **അവർ നിങ്ങളോട് സുവിശേഷം അറിയിച്ചവരിൽ** പെടുന്നവരായിരുന്നു (1:12). വാക്യം 10 ന്റെ വ്യാഖ്യാനങ്ങൾ അധികവും പ്രവാചകന്മാർ ആരായിരിക്കുമെന്ന് വായനക്കാർ മനസിലാക്കുന്നതനുസരിച്ചായിരിക്കും. സെൽവിന്റെ വാദം ആവർത്തിക്കുന്നത് നന്നായിരിക്കും.

ആദ്യം, എൻഏഎസ്ബി **വരുവാനിരിക്കുന്ന** എന്നു കൂട്ടി ചേർത്തിരിക്കുന്നത് നിരീക്ഷിക്കാം, അത് ചരിച്ചെഴുതിയിരിക്കുകയാണ്, ആവശ്യമില്ലാത്ത വ്യാഖ്യാനമാണ് അത്. ഗ്രീക്കിൽ അവയില്ല. കഴിവതും അക്ഷരികമായിട്ടാണ് തർജ്ജിമ ചെയ്തിരിക്കുന്നത്, 1 പത്രൊസ് 1:10 വായിക്കുന്നു, "രക്ഷയെ കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ നിങ്ങൾക്കുള്ള കൃപയെ കുറിച്ച് ആരാഞ്ഞ് അന്വേഷിച്ചിരുന്നു." ക്രിസ്തുവിനെ കുറിച്ചും സഭയെ കുറിച്ചും പഴയനിയമ

പ്രവാചകന്മാർ പ്രവചിച്ചത് പുതിയ നിയമത്തിൽ അടിക്കടി പ്രസ്താവിച്ചിട്ടുണ്ട്, എന്നാൽ പഴയനിയമപ്രവാചകന്മാർ **ആരാഞ്ഞ് അന്വേഷിക്കുന്നതിനെ** കുറിച്ച് പത്രൊസ് പറയുമെന്ന് പ്രതീക്ഷിച്ചിരിക്കയില്ല.

പ്രവാചകന്മാർ അന്വേഷിച്ചതും ആരാഞ്ഞതും എവിടെയായിരുന്നു? പത്രൊസ് അർത്ഥമാക്കിയത്, എഴുതപ്പെട്ട ഉറവിടം എന്നാണോ? ഒരു പക്ഷെ എഴുപ്പെട്ടതായിരുന്നു പ്രവാചകന്മാർ അന്വേഷിച്ചതെന്ന് വാക്കുകൾ വ്യക്തമാക്കുന്നില്ലായിരിക്കാം. എന്നാൽ അങ്ങനെ എടുക്കുന്നതു സ്വാഭാവികമാണ്. അത് നമ്മിൽ ഒരു ചോദ്യം ഉയർത്തിയേക്കാം കാരണം പഴയനിയമ പ്രവാചകന്മാർഎഴുതപ്പെട്ടതോ അല്ലെങ്കിൽ വാമൊഴിയായതോ അന്വേഷിച്ചു എന്നു തോന്നുന്നില്ല. പൗലൊസിനെ പോലെ (ഗലാ. 1:1) അവർക്കും കർത്താവിൽ നിന്ന് നേരിട്ടായിരുന്നു സന്ദേശം ലഭിച്ചിരുന്നത് എന്നു ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു (ആമോ. 7:14, 15 നോക്കുക). പഴയ നിയമ പ്രവാചകന്മാർക്ക് സന്ദേശം ലഭിച്ചിരുന്നത് മുൻപ് എഴുതപ്പെട്ട ഉറവിടങ്ങളിൽ നിന്നായിരുന്നില്ല. പഴയ നിയമത്തിൽ ക്രിസ്തുവിനേയും, സഭയെയും, സഭയുടെ നിലനിൽപിനേയും കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് പരിശോധിക്കുന്നത് ഒരാൾക്ക് ഊഹിക്കുവാൻ കഴിയും. ഉദാഹരണത്തിന്, പൗലൊസ് തെസലൊനിക്യയിലെ പള്ളിയിൽ വെച്ച് തിരുവെഴുത്തിൽനിന്നു വിവേചിച്ച് "തിരുവെഴുത്തിൻപ്രകാരം ക്രിസ്തു കഷ്ടം അനുഭവിക്കേണ്ടതാണ്" എന്നു തെളിയിച്ചുകൊടുത്തു (പ്രവൃ. 17:2, 3).

അതിനുപുറമെ, **അവരിലുള്ള ക്രിസ്തുവിന്റെ ആത്മാവ്** ആയിരുന്നു പ്രവാചകന്മാരിൽ പ്രവർത്തിച്ചിരുന്നതെന്ന് പത്രൊസ് പറഞ്ഞു. ദൈവത്തിന്റെ ആത്മാവ് എന്നോ അല്ലെങ്കിൽ പരിശുദ്ധാത്മാവ് എന്നോ ആണ് പത്രൊസ് പറഞ്ഞതെങ്കിൽ നമുക്ക് പഴയ നിയമ പ്രവാചകന്മാരെ പരിഗണിക്കാമായിരുന്നു. പഴയനിയമ പ്രവാചകന്മാരിൽ ക്രിസ്തുവിന്റെ ആത്മാവ് പ്രവർത്തിച്ചതായി പത്രൊസ് പറയുമെന്ന് തോന്നുന്നില്ല. അത്, തീർച്ചയായും, അസാദ്ധ്യമല്ല. എന്നാൽ പുതിയനിയമത്തിൽ ക്രിസ്തുവിന്റെ ആത്മാവ് പഴയനിയമപ്രവാചകന്മാരിൽ പ്രവർത്തിക്കുന്നതിനെ കുറിച്ച് പറയേണ്ടതായ ആവശ്യം കാണുന്നില്ല. നേരെ മറിച്ച്, പുതിയനിയമ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളിൽ "അവരുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ ആത്മാവ്" പ്രവർത്തിക്കുന്നു എന്നു പറയുന്നത് ഒരാൾ പ്രതീക്ഷിക്കുന്നതുമാണ്.

ഒന്നു പത്രൊസ് 1:11 ലെ ഒരു പ്രയോഗം ഗ്രീക്കിൽ വ്യാഖ്യാനിക്കുവാൻ പ്രയാസമാണ്, അതുകൊണ്ട് തർജ്ജിമ ചെയ്യുവാനും പ്രയാസമാണ്. ഈ പ്രശ്നം വിശദമായി പിന്നീട് ചർച്ച ചെയ്യാം. എന്നാൽ ഇപ്പോൾ എൻഏഎസ്ബിയിൽ പറഞ്ഞ **വ്യക്തി ഏത് അല്ലെങ്കിൽ സമയം ഏത് എന്നു അന്വേഷിച്ചിരുന്നു** എന്നത് നമുക്ക് ശ്രദ്ധിക്കാം. "സമയവും സാഹചര്യങ്ങളും അന്വേഷിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു" എന്നാണ് എൻഐവിയിൽ. ആ പ്രയോഗത്തിൽ ഒരു വ്യക്തി, അതായത്, യേശുക്രിസ്തു അന്തർലീനമാക്കിയിരുന്നില്ല. ഒരുപക്ഷെ അവർ പ്രാരംഭ വിശ്വാസികളുടെ ക്രിസ്തീയ അനുഭവങ്ങളുടെ "സമയവും സാഹചര്യങ്ങളും" ആയിരിക്കാം അന്വേഷിച്ചത്.

പ്രവാചകന്മാരിലുള്ള ആത്മാവ് **ക്രിസ്തുവിന്റെ കഷ്ടങ്ങളെ മുന്നറിയിച്ചു** എന്നാണ് പത്രൊസ് പറഞ്ഞത്. പ്രവാചകന്മാർ ക്രിസ്തുവിന്റെ കഷ്ടങ്ങളെ മുന്നറിയിച്ചുവെങ്കിൽ, അത് പഴയനിയമ പ്രവാചകന്മാർ തന്നെയാണ്. എങ്ങനെയായാലും, ഗ്രീക്ക് പ്രയോഗം *ടാ എയിസ് ക്രിസ്റ്റോൺ പോതേമാറ്റ* എന്നാണ്. അവടെ പറയുന്നത് ക്രിസ്തുവിന്റെ കഷ്ടങ്ങളാണെങ്കിൽ, ഗ്രീക്ക്

വായനക്കാരൻ പ്രതീക്ഷിക്കുന്നത് *ടാ ടൗ ക്രിസ്റ്റൗ പാതേമാറ്റ* എന്നോ അല്ലെങ്കിൽ അതുപോലെയുള്ള പ്രയോഗം ആയിരിക്കും. വാസ്തവത്തിൽ പത്രൊസ് 4:13 ലും 5:1 ലും ഉപയോഗിച്ച വാക്കുകൾ ഇതാണ്. *എയിസ് ക്രിസ്റ്റോൺ* എന്നത് "ക്രിസ്തുവിന്റെ" കഷ്ടതകൾ എന്നു സൂചിപ്പിക്കുന്നത് അസാധാരണമായിരുന്നു. പ്രതീക്ഷിച്ച തർജ്ജിമ "ക്രിസ്തുവിനു വേണ്ടി" എന്നാണ്, പ്രവൃത്തികൾ 2:38 ലേതുപോലെ, അവിടെ *എയിസ് അഫെസിൻ ടോൺ ഹമർട്ടിയോൻ* "പാപമോചനത്തിനു വേണ്ടി" എന്നാണ് അർത്ഥം. 1 പത്രൊസിന്റെ ലേഖനത്തിലെ മുഖ്യഭാഗവും ക്രിസ്ത്യാനികളുടെ കഷ്ടതകളെ കുറിച്ചാണ് പറയുന്നത് എന്നു നാം ഓർമ്മിച്ചാൽ, "ക്രിസ്തുവിനു വേണ്ടിയുള്ള [വായനക്കാരുടെ] കഷ്ടത" എന്ന തർജ്ജിമ ലേഖനത്തിന്റെ വിശാലമായ സന്ദർഭവുമായി യോജിക്കുന്നതാണ്. പുതിയ നിയമ പ്രവാചകന്മാർ പഴയനിയമവും യേശുവിന്റെ വാക്കുകളും സമയവും സാഹചര്യങ്ങളും മുന്നറിയിക്കുവാനായി അന്വേഷിച്ചിരിക്കാമെന്നത് വാസ്തവമായി തോന്നുക മാത്രമല്ല, അതിനാണ് സാധ്യത.

ക്രിസ്തുവിനു വേണ്ടിയുള്ള കഷ്ടതകളും **വരുവാനുള്ള മഹിമകളെയും** പ്രവാചകന്മാർ മുന്നറിയിച്ചു എന്നാണ് പത്രൊസ് പറഞ്ഞത്. എൻഏഎസ്ബിയും എൻഐവിയും അക്ഷരികമായാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. "മഹിമകൾ" എന്നു തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് ബഹുവചനമാണ്. ഉർത്തെഴുന്നേറ്റപ്പോഴും സ്വർഗാരോഹണം ചെയ്തപ്പോഴും ദൈവം യേശുവിനു നൽകിയ മഹത്വമാണ് അവിടെ പറയുന്നതെങ്കിൽ, പത്രൊസ് ബഹുവചനം ഉപയോഗിക്കുന്നത് അസാധാരണമായിരിക്കും. നേരെ മറിച്ച് അപ്പൊസ്തലൻ പറയുന്നത് വിശ്വാസികളുടെ പറഞ്ഞുതീരാത്ത സന്തോഷത്തെയും "മഹിമ നിറഞ്ഞതുമാണ്" പറയുന്നതെങ്കിൽ (1:8), അത് കർത്താവ് മടങ്ങി വരുമ്പോൾ ലഭിക്കുന്നതാണ്, ബഹുവചനമാണ് നാം പ്രതീക്ഷിക്കുന്നത്. ക്രിസ്തുവിനു വേണ്ടിയുള്ള മഹിമയെയും പഴയനിയമ പ്രവാചകന്മാർ മുന്നറിയിച്ചു എന്നു പറയുന്നതിനേക്കാൾ "മഹിമകളെ" പുതിയനിയമ പ്രവാചകന്മാർ മുന്നറിയിച്ചു എന്നു പറയുന്നതായിരിക്കും ഉചിതം. ഈ കാരണങ്ങളെല്ലാം വെച്ച് നോക്കിയാൽ, പ്രവാചകന്മാരെ കുറിച്ച് ചിന്തിക്കുമ്പോൾ, 1:10-12 ലെ വിഷയമനുസരിച്ച് പുതിയനിയമ പ്രവാചകന്മാരാണ്. തുടർന്നുള്ള വ്യാഖ്യാനവും അതിനനുസരിച്ചായിരിക്കണം.

മുൻവാക്യത്തിൽനിന്നെടുത്തതാണ് 1:10 ലെ **രക്ഷ** എന്ന വാക്ക്. ക്രിസ്തീയ വിശ്വാസത്തിന്റെ ഫലമാണ് ആത്മാക്കളുടെ രക്ഷ. പുതിയനിയമ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളെ കുറിച്ച് നമുക്ക് വളരെ കുറച്ച് മാത്രമെ അറിയാവു. പുതിയനിയമ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളിൽ അഗബൊസിന്റെ പ്രവചനത്തിൽ എന്തെങ്കിലും പ്രാധാന്യം ഉണ്ടെങ്കിൽ (പ്രവൃ. 11:27, 28; 21:10, 11), പഴയനിയമ പ്രവചനങ്ങളേക്കാൾ പ്രാധാന്യമുണ്ട്.[16] അഗബൊസ് രംഗപ്രവേശനം നടത്തുന്നത്, സഭാ ചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിലാണ്, പെന്തെക്കൊസ്തു കഴിഞ്ഞ് ഏകദേശം പതിനഞ്ചു വർഷമായിട്ടേ ഉള്ളു എന്നു തോന്നുന്നു. സാധാരണ രീതിയിൽ അഗബൊസിനെ പരിചയപ്പെടുത്തിയതു നോക്കുമ്പോൾ, സഭാ ജീവിതത്തിൽ പ്രവാചകന്മാർ മുൻപ് തന്നെ ഉണ്ടായിരുന്നതായി കണക്കാക്കാം. പുതിയ നിയമപ്രവാചകന്മാർ ഭാവി മാത്രമല്ല പ്രവചിച്ചത്, മറിച്ച്, പഴയ നിയമവും യേശുവിന്റെ വാക്കുകളും ശ്രദ്ധാപൂർവ്വം ആരാഞ്ഞിരുന്നു എന്നാണ് പത്രൊസ് പറഞ്ഞത്. സഭയുടെ പുരോഗതിയെയും

ദൈവത്തിന്റെ വെളിപ്പാടിനെയും അവർ വെളിപ്പെടുത്തി. യേശുവിന്റെ വാക്കുകളും പ്രവൃത്തികളും വിശ്വാസികൾക്ക് എഴുതിയെടുക്കുവാൻ സഭയിലെ പ്രവാചകന്മാരുടെ സാന്നിധ്യം സഹായകരമായി എന്നു ചിന്തിക്കാതിരിപ്പാൻ കഴിയുകയില്ല. സഭ സുവിശേഷങ്ങൾ പുറപ്പെടുവിച്ചതെന്തിന് എന്ന ചോദ്യത്തിന് ഉത്തരം പ്രവാചകന്മാരിൽ നൽകുന്നു.

പുതിയ നിയമ പ്രവാചകന്മാർ "വരുവാനുള്ള കൃപയെ" കുറിച്ചു സംസാരിച്ചത്, അവർ എഴുതപ്പെട്ടതും വാമൊഴിയായതുമായ ഉറവിടത്തെ ആരാഞ്ഞതുകൊണ്ടായിരുന്നു (1:10). "കൃപ" എന്ന വാക്ക് പത്രൊസ് ക്ലാസിക്കൽ ഗ്രീക്കിലാണ് ഉപയോഗിച്ചതെന്നു തോന്നുന്നു, അർത്ഥം "കരുണ" അല്ലെങ്കിൽ "ആകർഷണീയം." ദൈവത്തിന്റെ പൂർത്തിയാക്കിയത് "അവന്റെ മുഴുവനായ കരുണയാണ്"[17] എന്നാണ് കെല്ലി എഴുതിയത്. "നിങ്ങൾക്കുള്ള കൃപ" (*എയിസ് ഹുമാസ്*) എന്നാണ് പ്രവാചകന്മാർ പ്രവചിച്ചത്, അതായത് പത്രൊസിന്റെ വായനക്കാർക്ക്. ജാതികളിൽനിന്നു പരിവർത്തനം ചെയ്തവരായിരുന്നു ആ ക്രിസ്ത്യാനികളിലധികവും, അല്ലാതെ യെഹൂദന്മാരായിരുന്നില്ല (1:14, 18 നോക്കുക).[18] ജാതികളുടെ ചോദ്യം പ്രാരംഭ സഭയിൽ പ്രതിസന്ധി സൃഷ്ടിച്ചിരുന്നതായി പ്രവൃത്തികളുടെ പുസ്തകവും ഗലാത്യലേഖനവും വ്യക്തമാക്കുന്നു (ഉദാഹരണത്തിന്, പ്രവൃ. 11:2, 3; 15:5; 21:20; ഗലാ. 5:4). ജാതികൾ ക്രിസ്ത്യാനികളാകുവാൻ മോശെയുടെ ന്യായപ്രമാണം അനുസരിക്കണോ? അതിനെ എതിർത്ത പൗലൊസിനോടും മറ്റുള്ളവരോടും ഒരു പക്ഷെ പുതിയ നിയമപ്രവാചകന്മാർ യോജിച്ചിരിക്കാം. ഭാവിയിൽ ജാതികളും ദൈവത്തിന്റെ കൃപക്ക് ഓഹരിക്കാരാകും എന്നു പുതിയ നിയമപ്രവാചകന്മാർ മുന്നറിയിച്ചിരുന്നതായി പത്രൊസ് പറഞ്ഞിരിക്കാം.

"അവരിലുള്ള ക്രിസ്തുവിന്റെ ആത്മാവ് പറയുന്ന വ്യക്തിയും സമയവും" പ്രവാചകന്മാർ ആരാഞ്ഞു എന്നാണ് സൂചന. പിന്നീട് പറയുന്നതുപോലെ, തർജ്ജിമക്കാർ വാക്യം 11 കൈകാര്യം ചെയ്യുന്നത് വ്യത്യസ്തമായാണ്. എൻഐവി യിൽ "സമയവും സാഹചര്യങ്ങളും കണ്ടെത്തുവാൻ ശ്രമിച്ചു" എന്നാണ്; കെജെവിയിലും അങ്ങനെ തന്നെയാണ്. പ്രയാസമുള്ള പ്രയോഗമാണ് *എയിസ് എ പോയിയോൺകായിറോൺ. ടിനാ* എന്ന ചോദ്യരൂപത്തിലുള്ള സർവ്വനാമം സ്വതന്ത്രമായി നിൽക്കുന്നതാകാം, അർത്ഥം, അല്ലെങ്കിൽ അതിനെ പോയിയോൺ കായിരോൺ എന്നു വ്യാഖ്യാനിക്കാം അർത്ഥം, "ഏത്" "അല്ലെങ്കിൽ ഏതു തരം സമയം." രണ്ടാമത് പറഞ്ഞ അർത്ഥത്തിൽ മനസിലാക്കിയാൽ, ഏതു തരം സമയത്താണ് ക്രിസ്തുവിനുവേണ്ടി ക്രിസ്ത്യാനികൾ കഷ്ടം അനുഭവിക്കുന്നത് എന്നും ഏതു സാഹചര്യത്തിലാണ് എന്നും ആണ് പുതിയനിയമ പ്രവാചകന്മാർ അന്വേഷിച്ചത് എന്നു പറയാം. ആദ്യം പറഞ്ഞ വിധത്തിൽ മനസിലാക്കിയാൽ, ദൈവം വാഗ്ദാനം ചെയ്തത് ആരായിരുന്നു എന്നായിരുന്നു പഴയനിയമ പ്രവാചകന്മാർ ആരാഞ്ഞിരുന്നത്. ഗ്രാമർ അനുസരിച്ച് ആ പ്രയോഗം രണ്ടു വിധത്തിലും മനസിലാക്കാം. സന്ദർഭത്തിൽനിന്നു രണ്ടു തർജ്ജിമയെയും വാദിക്കാം. പത്രൊസിന്റെ വിഷയം പുതിയനിയമ പ്രവാചകന്മാരായിരുന്നു എന്നതാണ് സന്ദർഭം പറയുന്നത്. അതങ്ങനെയെങ്കിൽ എൻഐവിയുടെ അല്ലെങ്കിൽ കെജെവിയുടെ തർജ്ജിമകൾ ഇഷ്ടപ്പെടണം. "വരുവാനുള്ള കൃപയും ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളും" എന്നതിനെ കറിച്ച് നാം ചർച്ച ചെയ്തു കഴിഞ്ഞതാണ്. "ക്രിസ്തുവിന്റെ കഷ്ടങ്ങൾ" എന്നതിനേക്കാൾ സന്ദർഭവവും ഗ്രാമറും അനുകൂലിക്കുന്നതു "ക്രിസ്തു

വിനു വേണ്ടിയുള്ള കഷ്ടം" എന്നതിനോടാണ്. അതിനെ തുടർന്നു പത്രൊസ് പറയുന്ന "മഹിമകൾ" യുഗാന്ത്യത്തോടടുപ്പിച്ച് ക്രിസ്ത്യാനികൾക്ക് ലഭിക്കുവാനിരിക്കുന്നതാണ്.

*ടാ എയിസ് ക്രിസ്റ്റൗ പാതേമാറ്റ* എന്ന വാക്കുകൾ 1:10-12 ന്റെ വ്യാഖ്യാനത്തോട് യോജിക്കുന്നു, അത് "ക്രിസ്തുവിന്റെ കഷ്ടം" ആയാലും "ക്രിസ്തുവിനു വേണ്ടിയുള്ള കഷ്ടം" ആയാലും. ചോദ്യങ്ങൾ സങ്കീർണ്ണമാണെങ്കിലും, പല കാരണങ്ങൾ കൊണ്ടും "ക്രിസ്തുവിനു വേണ്ടിയുള്ള കഷ്ടങ്ങൾ" എന്നതായിരിക്കും കൂടുതൽ യുക്തം. ആ കാരണങ്ങളുടെയെല്ലാം ചുരുക്കം താഴെ കൊടുക്കുന്നു: (1) പ്രവാചകന്മാരുടെ പ്രവൃത്തികൾ നമുക്ക് അറിയാവുന്നേടത്തോളം, ക്രിസ്തുവിന്റെ കഷ്ടതകൾ ആരാഞ്ഞറിയുവാൻ പഴയനിയമ പ്രവാചകന്മാർ ശ്രമിച്ചു എന്നതിനേക്കാൾ പുതിയനിയമ പ്രവാചകന്മാർ ക്രിസ്തുവിനു വേണ്ടി ക്രിസ്ത്യാനികൾ അനുഭവിക്കുവാൻ പോകുന്ന കഷ്ടതകൾ തിരുവെഴുത്തിൽനിന്നു ആരാഞ്ഞു എന്നതിനാണ് കൂടുതൽ സാധ്യത. (2) ക്രിസ്തുവിന്റെ ആത്മാവ് പുതിയനിയമ പ്രവാചകന്മാരിൽ പ്രവർത്തിച്ചു എന്നതു പൂർണ്ണമായും മനസിലാക്കാവുന്നതാണ്. "ക്രിസ്തുവിന്റെ ആത്മാവ്" പഴയ നിയമ പ്രവാചകന്മാരിൽ പ്രവർത്തിക്കുന്നത് പത്രൊസ് പറയുന്നതായി നമുക്ക് പ്രതീക്ഷിക്കാവുന്നതല്ല. (3) "ക്രിസ്തുവിന്റെ കഷ്ടങ്ങൾ" എന്നു പറയുന്നതിനേക്കാൾ *എയിസ്* എന്ന പ്രിപ്പൊസിഷൻ ഗ്രാമർ പ്രകാരം "ക്രിസ്തുവിനു വേണ്ടിയുള്ള കഷ്ടങ്ങൾ" എന്നു പറയുന്നതാകും ശരി. (4) "മഹിമകൾ" പത്രൊസിന്റെ മനസിൽ കർത്താവ് വരുമ്പോൾ ക്രിസ്ത്യാനികൾക്ക് ലഭിക്കുവാനിരിക്കുന്നതാണെങ്കിൽ ബഹുവചനം ഉപയോഗിച്ചിരിക്കുന്നത് യോജിക്കുന്നു. ക്രിസ്തുവിന്റെ ക്രൂശീകരണശേഷമാണെങ്കിൽ ബഹുവചനം നിർബ്ബന്ധിക്കുന്നതായി വരും. ഈ കാരണങ്ങളാൽ പത്രൊസ് പറഞ്ഞത് പുതിയ നിയമ പ്രവാചകന്മാരാണ് എന്നു നമുക്ക് തീർച്ചപ്പെടുത്താം.[19]

കഷ്ടതകളുടെ സമയവും രീതിയും അന്വേഷിച്ച പ്രവാചകന്മാർക്ക്, അത് **തങ്ങൾക്കായിട്ടല്ല, നിങ്ങൾക്കായിട്ടത്രെ** എന്നു ദൈവം **വെളിപ്പെടുത്തി** കൊടുത്തു (1:12). വിശുദ്ധന്മാരെ സേവിക്കുക എന്നതായിരുന്നു അവരുടെ ശുശ്രൂഷയുടെ ലക്ഷ്യം. തന്നെ ഒരു അപ്പൊസ്തലനും പ്രവാചകനുമായിട്ടായിരുന്നു പൗലൊസ് പരിഗണിച്ചിരുന്നത് (1 കൊ. 14:5, 6). തന്റെ പ്രസംഗം കേട്ട് ക്രിസ്തുവിനെ അറിഞ്ഞവരെ സേവിക്കുന്ന തന്റെ പങ്ക് അവൻ മനസിലാക്കിയിരുന്നു. "ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രൻ എങ്കിലും അധികം പേരെ നേടേണ്ടതിന്നു ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസൻ ആക്കി" (1 കൊ. 9:19). ക്രിസ്ത്യാനികൾക്ക് വിശ്വസ്തരായി ജീവിക്കുവാൻ എല്ലാ വിധത്തിലുമുള്ള പ്രോൽസാഹനം ആവശ്യമാണ്. അവന്റെ നാമം നിമിത്തം "കഷ്ടത ഏൽക്കുന്നവർ ഭാഗ്യവാന്മാർ" എന്നാണ് യേശു പഠിപ്പിച്ചത് (മത്താ. 5:10-12). പൗലൊസ് പരിവർത്തകരെ ഈ വാക്കുകൾ മുന്നറിയിച്ചു, "വിശ്വാസത്തിൽ നിലനിൽക്കേണം എന്നും നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ച് ശിഷ്യന്മാരുടെ മനസ് ഉറപ്പിച്ചുപോന്നു" (പ്രവൃ. 14:22). സഭയുടെ പുരോഗതിയെയും എതിർപ്പിന്റെ സ്വഭാവത്തെയും പ്രവാചകന്മാർ മുമ്പ് കൂട്ടി ആരാഞ്ഞപ്പോൾ, അത് അ-വിശ്വാസികളിൽനിന്നായിരിക്കുമെന്ന് മനസിലാക്കി. അവർ ആകാംക്ഷയോടെ അലസമായി തങ്ങളെത്തന്നെ സേവിക്കുന്നവരായിരുന്നില്ല. അവർ പഠിച്ചത് ആളുകളെ സേവിക്കുവാനും ക്രിസ്ത്യാനികളെ വിശ്വാസത്തിൽ ഉറപ്പിക്കുവാ

നും ആയിരുന്നു. ദൈവം കരുണാപൂർവ്വം നൽകുന്ന രക്ഷയും അവർ അനുഭവിക്കുന്ന കഷ്ടതയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനസിലാക്കുവാൻ വിശ്വാസികളെ സഹായിക്കുകയായിരുന്നു അവർ ചെയ്തത്.

മറ്റു രീതികളിലും പ്രവാചകന്മാർ പത്രൊസിന്റെ വായനക്കാരെ സേവിച്ചിരുന്നു. ഭാവികാര്യങ്ങളെ വെളിപ്പെടുത്തുവാൻ മാത്രമായിരുന്നില്ല അവർ ആരാഞ്ഞത്. **ഇപ്പോൾ നിങ്ങളോട് അറിയിച്ച കാര്യങ്ങളിലും** പത്രൊസിന്റെ വായനക്കാരെ അവർ സേവിച്ചിരുന്നു. **സ്വർഗത്തിൽനിന്നും അയച്ച പരിശുദ്ധാത്മാവ് മുഖാന്തരം**, പ്രവാചകന്മാരായിരുന്നു സുവിശേഷം അവരോട് അറിയിച്ചത്. പഴയനിയമത്തിലേതുപോലെ പുതിയ നിയമ പ്രവാചകന്മാർക്കും അന്നത്തെ ജനങ്ങൾക്കായി ഒരു സന്ദേശം ഉണ്ടായിരുന്നു. പത്രൊസിന്റെ വായനക്കാരോട് സുവിശേഷം അറിയിച്ചിരുന്നവരെല്ലാം പ്രവാചകന്മാർ ആയിരുന്നു എന്നോ, പ്രവാചകന്മാർ സുവിശേഷം മാത്രമാണ് പ്രസംഗിച്ചത് എന്നോ ധരിക്കരുത്. സുവിശേഷം പ്രസംഗിക്കൽ പ്രവാചകന്മാരുടെ ഒരു പ്രവൃത്തിയായിരുന്നു. “പരിശുദ്ധാത്മാവിന്റെ” മേൽനോട്ടത്തിലായിരുന്നു പ്രവാചകന്മാർ പ്രവർത്തിച്ചിരുന്നത് എന്നു പത്രൊസ് പറഞ്ഞത് പ്രാധാന്യമുള്ള കാര്യമാണ്. അവർ ചെയ്ത പ്രവൃത്തികളിൽ, പ്രവാചകന്മാർ പരിശുദ്ധാത്മാവിൽനിന്നു ശക്തി പ്രതീക്ഷിക്കുകയും അത് അവർക്കു ലഭിക്കുകയും ചെയ്തിരുന്നു. ആത്മാവ് ക്രിസ്ത്യാനികൾക്ക് നൽകിയ വരങ്ങളിൽ ഒന്നായിരുന്നു പ്രവചനം (1 കൊ. 12:10). പത്രൊസിന്റെ വായനക്കാർ കേട്ട സന്ദേശം അത്തരം വരം ലഭിച്ചവർ അറിയിച്ചതിന്റെ ഫലമായിട്ടായിരുന്നു.

**അതിലേക്ക് ദൈവദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹിച്ചിരുന്നു** എന്നു പത്രൊസ് ചേർത്തു പറഞ്ഞത് പിന്നീടുണ്ടായ ചിന്തയായി തോന്നിയേക്കാം. ദൂതന്മാരെ കുറിച്ച് ബൈബിളിൽ പറയുന്നു എന്നു മാത്രമെ നമുക്ക് അറിയാവു. ദൈവം അവരോട് ചെയ്യുവാൻ പറഞ്ഞ കാര്യങ്ങൾ അവർ ചെയ്യുന്നു. അവർ ദൈവത്തിന്റെ സന്ദേശവാഹകരാണ്. ലഭ്യമായ അൽപ വിവരം വെച്ച് വേദശാസ്ത്രപരമായി കെട്ടിപ്പൊക്കുന്നത് ഉചിതമായിരിക്കുകയില്ല. ദൂതന്മാരും ക്രിസ്ത്യാനികൾക്ക് വെളിപ്പെടുത്തിയ കാര്യങ്ങളിലേക്ക് കുനിഞ്ഞു നോക്കുവാൻ ആഗ്രഹിച്ചു എന്നു പത്രൊസ് പറഞ്ഞപ്പോൾ സുവിശേഷത്തിന്റെ അനന്ത സാധ്യതകളെ അവൻ തിരിച്ചറിഞ്ഞിരുന്നു എന്നു കാണാം. തങ്ങളെ രക്ഷിച്ച സന്ദേശത്തിന്റെ പ്രാധാന്യം ആ വാക്കുകളിൽ വായനക്കാരെ ധരിപ്പിക്കുകയാണ്. ദൂതന്മാരുടെ സ്ഥാനമോ, ദൈവത്തിന്റെ സമ്പത്തോ, അവരുടെയെല്ലാം ഉത്ഭവത്തെ കുറിച്ചോ തിരയുവാനല്ല പത്രൊസ് നമ്മോട് പറയുന്നത്. പ്രവാചകന്മാർ ക്രിസ്ത്യാനികളോട് അറിയിച്ച സുവിശേഷം മുഖാന്തരം ലഭിക്കുന്ന അനുഗ്രഹങ്ങളെ പ്രാധാന്യത്തോടെ ദൈവത്തിന്റെ ദൂതന്മാർ പണ്ടു തന്നെ അതിന്റെ നിറവേറൽ നോക്കി പാർത്തിരുന്നു. അന്നു ദൂതന്മാർക്ക് നിഷേധിച്ചത് വിശ്വാസികൾക്ക് തിരിച്ചറിയുവാൻ കഴിഞ്ഞു എന്നതാണ് അന്തർലീനമാക്കിയത്.

## വിശുദ്ധ ജനം (1:13-16)

**13ആകയാൽ നിങ്ങളുടെ മനസ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ നിങ്ങൾക്ക് വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ. 14പണ്ട് തങ്ങളുടെ അജ്ഞാനകാലത്ത് ഉണ്ടായിരുന്ന**

**മോഹങ്ങളെ മാതൃകയാക്കാതെ [15]നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. [16]"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നു എഴുതിയിരിക്കുന്നുവല്ലോ.**

പുതിയനിയമത്തിൽ ഉടനീളം നീതിപൂർവ്വവും സാന്മാർഗികവുമായി ജീവിക്കുന്നതിന് അപേക്ഷിച്ച് കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ചും ന്യായവിധിയെ കുറിച്ചും മുന്നറിയിച്ചിരിക്കുന്നു. 1 പത്രൊസിന്റെ ലേഖനത്തിലും അതിൽ കുറവൊന്നുമില്ല. പരീക്ഷണങ്ങളുടെ മദ്ധ്യത്തിലും ക്രിസ്ത്യാനികൾ "യേശുക്രിസ്തുവിന്റെ വെളിപ്പാടിൽ ... പൂർണ്ണപ്രത്യാശ [ഉള്ളവർ] ആകണം."

**വാക്യം 13.** അവരുടെ വിളിയും പ്രത്യാശയും വാട്ടമില്ലാത്ത അവകാശത്തിനാണെന്ന് പത്രൊസ് തന്റെ വായനക്കാരെ ഓർപ്പിച്ചു. കൂടാതെ അവരുടെ ആ സമയത്തെ പരീക്ഷണങ്ങളെയും അവൻ തിരിച്ചറിഞ്ഞു അതിന്റെ കാരണങ്ങളെയും വിശദമാക്കി. എല്ലാ ആളുകളിലും വെച്ച്, ക്രിസ്ത്യാനികൾ ഏറ്റവും അനുഗ്രഹിക്കപ്പെട്ടവരാണ്, അതിശയിക്കത്തക്കതുമാണ്. അവർ കേട്ട സുവിശേഷത്തിൽ ദൈവകൃപയെ മുഴുവൻ വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതിനെല്ലാം ശേഷം **ആകയാൽ** എന്നു പറഞ്ഞിരിക്കുന്നു. അവർക്ക് ലഭിച്ച കൃപയുടെ അനന്തരഫലമായി, അപ്പൊസ്തലൻ തന്റെ വായനക്കാരോട് [അവരുടെ] മനസിനെ **ഉറപ്പിച്ച് ഒരുങ്ങുവാൻ** പറഞ്ഞു. തുടർന്നു തന്റെ വായനക്കാരെ അവൻ യിസ്രായേലിന്റെ ചരിത്രത്തിലേക്ക് കൊണ്ടുപോകുകയാണ്. എൻഏഎസ്ബിയിൽ ഈ ചിന്ത ഇംഗ്ലീഷിലെ ഒരു ആധുനിക ഭാഷാശൈലിയായി തർജ്ജിമ ചെയ്തിരിക്കുകയാണ്. "മനസിന്റെ കച്ചകെട്ടി ഉറപ്പിക്കുക" എന്നാണ് കെജെവിയിൽ, അത് പുരാതന ഭാഷാശൈലി നിലനിർത്തുന്നതാണ്. അയഞ്ഞ വസ്ത്രം ധരിക്കുന്ന ചിത്രമാണ് നൽകുന്നത്, വരണ്ടകാലാവസ്ഥയിലെ ചുടിൽനിന്നും കാറ്റിൽനിന്നും ശരീരത്തെ സംരക്ഷിക്കുന്നതിനാണ് അത്തരം വസ്ത്രം ഉപയോഗിക്കുന്നത്. ഒഴിവ് സമയത്ത് ദൈന-ന്ദിന-പ്രവൃത്തികൾ ചെയ്യുമ്പോൾ ധരിക്കുവാൻ പറ്റിയതാണ്, പക്ഷെ അത് പെട്ടെന്നു മാറ്റുവാൻ ശ്രമിക്കുന്നത് ക്ലേശകരവുമാണ്. ഗൗരവമായ ജോലിക്കോ അല്ലെങ്കിൽ വേഗത്തിൽ യാത്ര ചെയ്യുവാനോ അയഞ്ഞ വസ്ത്രം ധരിക്കുന്നവർ അത്, തങ്ങളെത്തന്നെ "വലിച്ച് കെട്ടും." പൂർവ്വദിക്കുകൾക്കടുത്ത് താമസിച്ചിരുന്നവർക്ക് വരണ്ട കാലാവസ്ഥ അനുഭവപ്പെട്ടിരുന്നു, അവർക്ക് അയഞ്ഞ വസ്ത്രം ധരിച്ചു ജോലി ചെയ്യുന്നത് പരിചയമുണ്ടായിരുന്നു (പുറ. 12:11; 1 രാജാ. 18:46; 2 രാജാ. 4:29; 9:1; ഇയ്യോ. 38:3; ലൂക്കൊ. 17:8).

തന്റെ വായനക്കാർ പ്രവർത്തിക്കുവാനായി പത്രൊസ് അലങ്കാരപ്രയോഗമാണ് നടത്തിയത്. നിത്യാവകാശത്തിന്റെ പ്രത്യാശക്കായി ക്രിസ്ത്യാനിയാവുക എന്നത് തീ കായുന്നതിനേക്കാൾ പ്രാധാന്യമുള്ള കാര്യമാണ്. അത് ദൈവം അവർക്ക് നൽകിയ കരുണയുള്ള വരങ്ങളേക്കാൾ പ്രാധാന്യമുള്ളതാണ്. ആവേശം ജനിപ്പിക്കുന്ന പ്രത്യാശയായിരുന്നു അവർ പങ്കിട്ടത്, ഉത്തമവും ഭക്തിയുള്ളതുമായ ജീവിതം നയിക്കുവാൻ അത് അവരെ ഉത്തേജിപ്പിച്ചു. വിശുദ്ധജീവിതം നയിക്കുവാനായിരുന്നു ദൈവം അവരെ വിളിച്ചത്. ദൈവം അവരിൽനിന്നും ആവശ്യപ്പെട്ട ജീവിതം അവർ നയിക്കണമായിരുന്നു. അടുത്തു തന്നെ മുഴുവനായും ലഭിക്കുന്ന അവകാശം അവർ ഇപ്പോൾ തന്നെ പങ്കിടുന്നു എന്നും തിരിച്ചറിഞ്ഞു.

എൻഏഎസ് ബിയിലെ തർജിമ ചിത്രീകരിക്കുന്നത് അലങ്കാരപ്രയോഗം, കാലം, സംസ്കാരം, ഭാഷ എന്നിവ മാറുമ്പോൾ മനസിലാക്കുവാൻ വിഷമമാണ് എന്നാണ്. മൂല രേഖയുമായി നീതി പുലർത്തുവാൻ എത്രത്തോളം കഴിയുമെന്ന് തർജ്ജിമക്കാരാണ് തീരുമാനിക്കേണ്ടത്. ആ വേദഭാഗം അക്ഷരികമായി തർജ്ജിമ ചെയ്യുന്നവർ "മനസിന്റെ കച്ച കെട്ടി മുറുക്കുവിൻ" എന്നത് ഇന്നത്തെ വായനക്കാർക്ക് മനസിലാക്കുവാൻ അന്നത്തെ ആചാരങ്ങൾ അറിയണം. അല്ലെങ്കിൽ അലങ്കാരപ്രയോഗം അവർക്ക് ഒരർത്ഥവും തോന്നുകയില്ല. "മനസിനെ പ്രവൃത്തിക്കായി ഒരുക്കുവിൻ" എന്നു തർജ്ജിമ ചെയ്യുന്നവർ ആധുനിക വായനക്കാരനു മനസിലാകുന്ന വിധത്തിലാണ് ഭാഷാശൈലി വ്യാഖ്യാനിക്കുന്നത്. അങ്ങനെയാകുമ്പോൾ വായനക്കാരന് പുരാതന സംസ്ക്കാരത്തെ കുറിച്ചോ വസ്ത്രധാരണത്തെ കുറിച്ചോ വലിയ പ്രശ്നം ഉദിക്കുന്നില്ല. തർജ്ജിമയുടെ തത്വങ്ങൾ അനുസരിച്ചാണ് കാര്യങ്ങളുടെ കിടപ്പ്.

ക്രിസ്ത്യാനിയെ വിളിച്ച നിലവാരം ആസ്വദിക്കുവാൻ, മനസിന്റെ വ്യക്തതയും, ഒറ്റ സമർപ്പണവും ആവശ്യമാണ്, അതുകൊണ്ട് വിശ്വാസികൾ **ആത്മാവിൽ നിർമ്മദരായി** ഇരിക്കണം. *നെഫോ* എന്ന ക്രിയയുടെ അക്ഷരികമായ അർത്ഥം, "നിർമ്മദനാകുക." ഇംഗ്ലീഷിലും ഗ്രീക്കിലും അതിന്റെ അർത്ഥം, "മദ്യവിമുക്തനാകുക" എന്നാണ്. എങ്ങനെയായാലും, രണ്ടു ഭാഷയിലും, ആലങ്കാരികമായി വരുന്ന അർത്ഥം, "സ്വയ-നിയന്ത്രണം പാലിക്കുക," "സമചിത്തത സൂക്ഷിക്കുകയും ഗൗരവമുള്ളവനാകുകയും." മനുഷ്യജീവിതം ഗൗരവമുള്ള കാര്യമാണെന്ന് പത്രൊസ് തന്റെ വായനക്കാരെ ആ വാക്കിൽകൂടെ ഓർപ്പിക്കുകയാണ്. ജീവിതം നിസാരമല്ല, സാരമുള്ളതാണ്. ഒരു അവിശ്വാസി തന്റെ അവിശ്വാസത്തെ ഗൗരവമായി എടുക്കുന്നു, ജീവിതത്തെ ഗൗരവമായി എടുക്കുന്നുമില്ല. അത് അപകടമോ ഹാസ്യമോ ആയിരിക്കാം, പക്ഷെ ഗൗരവമല്ല. ജീവിതത്തിന് അന്തിമമായ ലക്ഷ്യമില്ലെങ്കിൽ, പിന്നെ ജീവിതത്തെ ഗൗരവമായി കാണേണ്ട കാര്യമില്ലല്ലൊ, അപ്പോൾ നിർമ്മദരാകേണ്ട ആവശ്യവും വരുന്നില്ല.[20] പത്രൊസും അവന്റെ വായനക്കാരും താമസിച്ചിരുന്ന ഗ്രീക്ക്-റോമാ ലോകത്ത് ജീവിതത്തിൽ മനുഷ്യവിദ്വേഷം, വിധിവിശ്വാസം എന്നിവ അസാധാരണയായിരുന്നില്ല, അത് *കാർപേ ഡയെം* എന്ന ലാറ്റിൻ പ്രയോഗം പ്രകടമാക്കുന്നു, "ദിവസം പിടിച്ചെടുക്കുക." നിസ്സഹായരുടെ ചെലവിലാണെങ്കിൽ പോലും ദിവസം ആസ്വദിക്കുക. ദിവസത്തെ കൈവശമാക്കുകയല്ലാതെ മറ്റൊന്നുമില്ല. ദിവസത്തിനപ്പുറമായി കല്ലറയുടെ നിത്യമായ ഇരുട്ടാണ്. അത്തരം ചിന്തയുള്ള ലോകത്തിൽ, നിർമ്മദരാകുവിൻ എന്നു പറയുന്നത് ഒന്നുകിൽ അധികപ്പറ്റ് അല്ലെങ്കിൽ വിനോദകരം.

**യേശുക്രിസ്തു പ്രത്യക്ഷനാകുമ്പോൾ**, വരുവാനുള്ള **കൃപയും പ്രത്യാശയും** [അവരിൽ] ഉറപ്പിച്ച് പൂർണ്ണമായി [അവർക്ക്] **ലഭിക്കുവാൻ** സഹോദരന്മാരെ പ്രബോധിപ്പിക്കുവാൻ പത്രൊസിനെ പ്രേരിപ്പിച്ചത് വിശ്വാസവും നിർമ്മദവുമായിരുന്നു. ആജ്ഞകളുടെ പരമ്പരയിൽ ഇത് ആദ്യത്തേതാണ്.[21] "വിശുദ്ധരാകുവിൻ" എന്നും (1:15), "ഭയത്തോടെ കഴിപ്പിൻ" (1:17), "അന്യോന്യം സ്നേഹിപ്പിൻ" (1:22) എന്നും ചേർത്തു പറഞ്ഞിരിക്കുന്നു. ഇവിടെയും പുതിയനിയമത്തിലെ മറ്റു ഭാഗത്തും "പ്രത്യാശ" വിശ്വാസവും പ്രതീക്ഷയും ചേർന്നതാണ്, അല്ലാതെ പൊള്ളയായ ആഗ്രഹമല്ല. പ്രതീക്ഷയുണർത്തുന്ന ജീവിതത്തിലെ തീരുമാനത്തിന്റെ ഫലമാണ്. വിശുദ്ധ ജീവിതം കെട്ടിപ്പെടുക്കുന്ന അടിസ്ഥാനമാണ് പ്രത്യാശ.

എല്ലാ ക്രിസ്തീയ പ്രത്യാശയും യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ചില സന്ദർഭങ്ങളിൽ "യേശുക്രിസ്തുവിന്റെ വെളിപ്പാട്" അർത്ഥമാക്കുന്നത് ക്രിസ്തുവിന്റെ സന്ദേശത്തെയാണ് (ഗലാ. 1:12; വെളി. 1:1); എന്നാൽ ഇവിടെ അർത്ഥമാക്കുന്നത് 1:7 ലേതു പോലെ, ലോകാവസാനത്തിൽ യേശു പ്രത്യക്ഷമാകുന്നതാണ്. സകല മഹത്വത്തോടുംകൂടെയാണ് അവൻ പ്രത്യക്ഷനാകുന്നത്. ഈ വാചകത്തിലെ മൂന്നു വാക്കുകൾ ആണ് "കൃപ," "പ്രത്യാശ," "വെളിപ്പാട്." ചരിത്രം എവിടേക്കോ പോകുന്നു എന്നാണ് അവ മൂന്നും വ്യക്തമാക്കുന്നത്. സൃഷ്ടിയുടെ ഉറവിടം ദൈവം ആകയാൽ, അവയുടെ ക്രമം എവിടെ പോകണമെന്ന് അവൻ ആണ് തീരുമാനിക്കേണ്ടത്. ക്രിസ്ത്യാനിയുടെ പ്രത്യാശയായ കരുണയുള്ള കർത്താവ് പ്രത്യക്ഷനാകുമ്പോൾ, മനുഷ്യ ചരിത്രം അവസാനിക്കും. യേശുക്രിസ്തുവിന്റെ വെളിപ്പാടും കൃപയാൽ ക്രിസ്ത്യാനി വിശ്വാസവും പ്രത്യാശയും ഉറപ്പിക്കുന്നതും ഒന്നുതന്നെയാണ്. യേശുവിന്റെ വരവോടുകൂടി ദൈവം ന്യായവിധിക്കായി വെളിപ്പെടുമ്പോൾ പ്രത്യാശ തിരിച്ചറിയും. വെളിപ്പാട് തന്നെ ദൈവത്തിന്റെ കൃപയാണ്, അതായത്, അവന്റെ കരുണാപൂർണ്ണവുമായ പ്രവൃത്തി.

**വാക്യം 14**. പത്രൊസിന്റേയും യാക്കൊബിന്റേയും സന്ദേശങ്ങൾ ഒന്നു തന്നെയാണ്. വിശ്വാസം അതിന്റെ സ്വഭാവത്തോടുകൂടി, പ്രവൃത്തിയിൽ പൂർത്തിയാകുന്നു എന്നാണ് യാക്കൊബ് പറഞ്ഞത്, അതായത്, **അനുസരണയുള്ള മക്കളെപോലെ**. വിശുദ്ധീകരണം, അതിന്റെ സ്വഭാവത്തോടുകൂടി അനുസരണം അനിവാര്യമാക്കുന്നു എന്ന് ക്രിസ്ത്യാനികൾ അറിയുവാൻ പത്രൊസ് ആഗ്രഹിച്ചു. വിശദമായി അത് നമുക്ക് ഇങ്ങനെ വിശദമാക്കാം:

വിശ്വാസം: പ്രവൃത്തികൾ: വിശുദ്ധീകരണം: അനുസരണം

(അല്ലെങ്കിൽ "വിശ്വാസം" "പ്രവൃത്തിയിലേക്കും," "വിശുദ്ധീകരണത്തിലേക്കും," "അനുസരണത്തിലേക്കും" നയിക്കുന്നു)

1:2 ലും 1:14 ലും 1:22 ലും, അനുസരണവും വിശുദ്ധീകരണവും ഒരേ പേനയിൽനിന്നാണ് വരുന്നത്. അക്ഷരികമായി, പത്രൊസ് തന്റെ വായനക്കാരെ "അനുസരണത്തിന്റെ മക്കൾ" എന്നാണ് വിളിച്ചത് കാരണം അവരുടെ സ്വഭാവം അനുസരണമായിരുന്നു.[22]

1 പത്രൊസിന്റെ വായനക്കാർ തങ്ങളുടെ മുമ്പിലത്തെ **മോഹം അനുസരിച്ചു നടക്കുവാൻ** പോകാത്ത വിധത്തിൽ "അനുസരണമുള്ള മക്കൾ" ആയിരുന്നു. ക്രിസ്തുവിന്റെ അനുയായികൾ ജഡത്തിന് അടിമപ്പെട്ട് ലോകത്തിന് അനുരൂപരാകാതിരിക്കണം എന്ന വിഷയത്തിലേക്കാണ് അപ്പൊസ്തലൻ 4:2-ൽ മടങ്ങി വരുന്നത്. ഇവിടെയും 4:2 ലും "മോഹം" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് *എപിതൂമിയ* എന്ന വാക്കാണ്, അത് നല്ല ആഗ്രഹത്തെയും മോശമായ ആഗ്രഹത്തെയും സൂചിപ്പിക്കുന്നു. മോശമായ ആഗ്രഹങ്ങൾ എന്ന ധ്വനി ഉണർത്തുന്ന രീതിയിലാണ് പത്രൊസ് സ്ഥിരമായി ആ നാമം ഉപയോഗിച്ചിരിക്കുന്നത്. ആ വാക്ക് ലൈംഗിക ആഗ്രഹത്തെ മാത്രമായി ചുരുക്കാവുന്നതല്ല. ദൂതന്മാരുടെ ആഗ്രഹത്തെ ക്രിയാത്മകമായി ആ വാക്ക് 1:12-ൽ ഉപയോഗിച്ചിട്ടുണ്ട്.

അവരുടെ മുമ്പിലത്തെ നടപ്പ് എന്നു പറഞ്ഞിരിക്കുന്നത് സൂചിപ്പിക്കു

ന്നത് പത്രൊസിന്റെ വായനക്കാരിലധികവും ജാതികളിൽനിന്ന് പരിവർത്തനം ചെയ്തവരായിരുന്നു എന്നാണ്. പത്രൊസ് ഒരു യെഹൂദനായിരിക്കെ മറ്റു യെഹൂദന്മാരുടെ മുമ്പിലത്തെ നടപ്പ് **അജ്ഞതയിലായിരുന്നു** എന്നു പറയുക യില്ല. എങ്ങനെയായാലും, യെഹൂദന്മാർക്ക് "ദൈവത്തിന്റെ അരുളപ്പാടുകൾ" ലഭിച്ചവരായിരുന്നു (റോമ. 3:2). അവരുടെ ജീവിതം ഒരിക്കലും അജ്ഞതയി ലായിരുന്നില്ല.

തന്റെ വായനക്കാർ "അനുരൂപപ്പെടരുത്" എന്നു പത്രൊസ് പറഞ്ഞപ്പോൾ ഉപയോഗിച്ച വാക്ക് *സസ്ക്കെമാറ്റിസോമായി* ആണ്,[23] ആ വാക്ക് പുതിയനി യമത്തിൽ ഇവിടെയും റോമർ 12:2 ലും മാത്രമാണുള്ളത്. 1 പത്രൊസ് 2:1 ലും റോമർ 12:1, 2 ലും വാക്കുകളിൽ ചില സമാനതകൾ കാണാം. പൗലൊസിന്റെ ചില വാക്കുകൾ പത്രൊസ് എഴുതിയപ്പോൾ, എടുത്തിരിക്കുവാൻ സാധ്യ തയുണ്ട്. ജീവിതത്തിലെ മുമ്പിലത്തെ നടപ്പിലേക്ക് മടങ്ങിപോകുവാനായി വിശ്വാസികൾ ജഡികമോഹങ്ങളെ അനുവദിക്കരുത് (4:2 നോക്കുക). അങ്ങനെ യുള്ള ചില സ്വഭാവങ്ങളെ 4:3-ൽ അവൻ പറഞ്ഞിരിക്കുന്നു (ഗലാ. 5:19-21). ആ പ്രയോഗം മൈക്കിൾസ് തർജ്ജിമ ചെയ്തിരിക്കുന്നത് "ഒരിക്കൽ നിങ്ങളെ നയിച്ചിരുന്നതിലേക്ക് പ്രചോദിക്കപ്പെടുവാൻ അനുവദിക്കരുത്." എന്നാണ്.[24] അവർ അങ്ങനെ ചെയ്താൽ, മുൻപ് അവരിലുണ്ടായിരുന്ന സ്വഭാവം ജീവിത ത്തിൽ അവർ വീണ്ടും സ്വീകരിക്കുവാനിട വരും. അപ്പോൾ അവർ പ്രത്യാശ വെച്ച ക്രിസ്തുവിൽനിന്ന് അകലുകയും, പിന്നത്തെ സ്ഥിതി വഷളാകുകയും ചെയ്യും.

തന്റെ വായനക്കാരുടെ മുമ്പിലത്തെ ദുഷിച്ച ചിന്തകളെ അവരുടെ "അജ്ഞത" നിമിത്തമായിരുന്നു എന്നാണ് കണ്ടെത്തിയത്. ദൈവത്തെ അറി യാതിരുന്നതിനാൽ, ജാതികളുടെ ലോകം പാപത്തിൽ അടിമപ്പെട്ടിരുന്നു. പാപ ത്തെ അജ്ഞതയോട് തുലനം ചെയ്യുന്നത് തെറ്റാണ്. എന്നാൽ പാപത്തിന്റെ അനന്തരഫലം ആളുകളെ ദൈവത്തിൽനിന്ന് വേർപെടുത്തുകയും, ജീവിതം വേദനയിലാകുകയും, നാശം വരുത്തുകയും ചെയ്യുമെന്ന് ഉൾപ്രേരണ ലഭി ക്കുന്ന മനസിന് മനസിലാക്കുവാൻ കഴിയും. പാപവും അജ്ഞതയും സ്വാഭാ വികമായ പ്രതിഭാസങ്ങളാണ്. പത്രൊസിന്റെ വായനക്കാർ ഇനി അജ്ഞരാ യിരിക്കുന്നില്ല. സുവിശേഷം അവരെ അറിയിച്ചിരുന്നു (1:12). ജഡികമോഹ ങ്ങളെ അനുസരിച്ചുള്ള സ്വഭാവത്തിലേക്ക് തിരിയുന്നത് അവരുടെ മുൻകാല അജ്ഞതയെ സമ്മതിക്കുകയായിരിക്കും.

**വാക്യം 15.** ശക്തമായ അഡ്വെർസേറ്റിവ് കംജങ്ഷൻ ഉപയോഗിച്ച് സർവ്വ നാമത്തിന് ഊന്നൽ കൊടുത്ത് പത്രൊസ് പ്രബോധിപ്പിച്ചു, **നിങ്ങളെ വിളിച്ച വിശുദ്ധന്ന് ഒത്തവണ്ണം വിശുദ്ധരാകുവിൻ.** വിശുദ്ധീകരണത്തിന് ദൈവത്തെ അനുസരിക്കേണ്ടത് ആവശ്യമാണ്. വാക്യം 15 ലെ വിശുദ്ധരാകുവിൻ എന്നു പ റഞ്ഞതിനു തുല്യമാണ് വാക്യം 14-ൽ ആവശ്യപ്പെടുന്ന അനുസരണം. അനുസ രണത്തിന്റെ മക്കൾ ആകുക എന്നാൽ "വിശുദ്ധരാകുക" എന്നാണ് അർത്ഥം. വിശുദ്ധിയുടെ നിലവാരം ദൈവമാണ്. ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യം അവന്റെ പൂർണ്ണതയിലെത്തുക എന്നതാണ്. യേശു പറഞ്ഞു, "നിങ്ങളുടെ സ്വർഗീയ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും സൽഗുണപൂർണ്ണൻ ആകുവിൻ" (മത്താ. 5:48). ക്രിസ്തു എന്ന വ്യക്തി ദൈവ ത്തിന്റെ വിശുദ്ധിയിലും തികവിലും ആയിരുന്നു ജീവിച്ചത്. അതുകൊണ്ട് അവന്റെ മാതൃക ക്രിസ്ത്യാനികൾക്ക് പിൻപറ്റാവുന്നതാണ്. "നിങ്ങൾ അവന്റെ

കാൽചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു" (1 പത്രൊ. 2:21). പാപം ചെയ്തിട്ട് ക്രിസ്ത്യാനിക്ക് "ഞാൻ ഒരു മനുഷ്യനല്ലേ" എന്ന ഒഴികഴിവ് പറയാവുന്നതല്ല. നാം മനുഷ്യരാണെന്ന് ദൈവം തിരിച്ചറിയുന്നു എന്ന ശ്രദ്ധേയകാര്യമാണ് സുവിശേഷത്തിലുള്ളത്. മനുഷ്യരുടെ ബലഹീനത അവൻ തിരിച്ചറിയുന്നു, എന്നാൽ അവന്റെ കൃപയാൽ ഒരു രക്ഷകനെ നമുക്ക് ആയി അയച്ചു. കൃപയാൽ നമുക്ക് രക്ഷയുണ്ട്, എന്നാൽ ദൈവത്തിന്റെ കൃപ സാങ്കൽപികമല്ല. മനുഷ്യന്റെ ലക്ഷ്യം വിശുദ്ധിയാണ്. ക്രിസ്ത്യാനികൾക്ക് വിശുദ്ധിയിലേക്കോ തടഞ്ഞുനിർത്താനാവാത്ത കൃപയിലേക്കോ സ്വന്ത കഴിവുകൊണ്ട് പ്രവേശിക്കുവാൻ സാധ്യമല്ല.

ദൈവം അവരെ മുൻകയ്യെടുത്ത് "വിളിച്ചതു" കൊണ്ടാണ് രക്ഷയുടേയും പ്രത്യാശയുടേയും അനുഗ്രഹങ്ങൾ അവർക്ക് ലഭിച്ചത് എന്ന് ക്രിസ്ത്യാനികളെ പത്രൊസ് ഓർമ്മിപ്പിച്ചു. ദൈവം അവരെ തിരഞ്ഞെടുത്തവരാണെന്ന് ഓർപ്പിച്ചുകൊണ്ടാണ് പത്രൊസ് ലേഖനം ആരംഭിക്കുന്നത്. എങ്ങനെയായാലും, അവരുടെ സ്വന്തം ഇഷ്ടപ്രകാരമാണ് ദൈവം പ്രവർത്തിച്ചത് എന്ന് അനുമാനിക്കരുത്. അവരോട് സുവിശേഷം പ്രസംഗിച്ചതായിരുന്നു അവർക്ക് ലഭിച്ച വിളി (1:12). പുറത്തു കളിച്ചുകൊണ്ടിരിക്കുന്ന കുട്ടിയെ അമ്മ ആഹാരം കഴിക്കുവാൻ വിളിച്ചപ്പോൾ കുട്ടി ശ്രദ്ധിക്കാതിരുന്നേക്കാം (കുട്ടികൾ ചിലപ്പോൾ അങ്ങനെ ചെയ്യും). അല്ലെങ്കിൽ അവൻ വീട്ടിനകത്തു പ്രവേശിച്ച് എല്ലാവരോടും കൂടെ ഭക്ഷണം കഴിക്കും. കുട്ടി തുടർന്നും കളിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, അവൻ വിളിച്ചവരുടെ സംഘത്തിൽ പെടുകയില്ല. അവൻ മുറിയിൽ ചെന്ന് ഭക്ഷണം കഴിക്കുന്നവരുടെ കൂട്ടത്തിൽ ഇരിക്കുകയാണെങ്കിൽ, അവൻ വിളിക്കപ്പെട്ടവരിൽ പെടുന്നു. ദൈവത്തിന്റെ വിളിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടണമെങ്കിൽ കേൾവിയോടു അർത്ഥവത്തായി പ്രതികരിക്കുകയും, അനുസരിക്കുകയും ചെയ്യണം.

"വിശുദ്ധി" എന്നതിന്റെ സ്കൂൾകുട്ടികളുടെ നിർവ്വചനം ആയ "ദൈവത്തിനായി വേർതിരിക്കപ്പെടുക" എന്നത് സഹായകരമാണ്. എങ്ങനെയായാലും, നിർവ്വചനത്തിലെ അപര്യാപ്തത ദൈവം വിശുദ്ധനാണ് എന്നത്രെ. ദൈവം ദൈവത്തിനായി വേർതിരിക്കപ്പെടുക എന്നു പറയുന്നത് യുക്തിരഹിതമാകും. ദൈവത്തിന്റെ വിശുദ്ധി തന്റെ വിശേഷതയാലും ഭുജവീര്യത്താലും പ്രകടമാക്കിയിരിക്കുന്നു. പത്രൊസിന്റെ വായനക്കാർ മുൻപ് ജീവിച്ച അജ്ഞതയിൽനിന്നു വ്യത്യസ്തമാണ് അവന്റെ വിശുദ്ധി (1:14). മറ്റുള്ളവർ അവരുടെ സൗകര്യമനുസരിച്ച് പ്രവർത്തിക്കുമ്പോൾ, ആളുകൾ പലപ്പോഴും പെരുമാറുന്നതുപോലെ ദൈവം പെരുമാറുകയില്ല. ഉൾചതിയോടെയോ ചതിയോടെയോ ദൈവം പ്രവർത്തിക്കുകയില്ല. അവൻ നോക്കുന്നത് സൃഷ്ടിയുടെ ക്ഷേമമാണ്. അതുകൊണ്ടാണ് ക്രിസ്ത്യാനികൾ [അവരുടെ] **എല്ലാ നടപ്പിലും വിശുദ്ധരാകുവാൻ** പറഞ്ഞിരിക്കുന്നത്. യോഹന്നാൻ ദൈവത്തിന്റെ വിശുദ്ധിയെ തിരിച്ചറിഞ്ഞ് എഴുതി, "നാം ദൈവത്തെ സ്നേഹിച്ച് അവന്റെ കൽപനകളെ അനുസരിച്ച് നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്ന് അതിനാൽ അറിയും. അവന്റെ കൽപനകൾ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കൽപനകൾ ഭാരമുള്ളവയല്ല" (1 യോഹ. 5:2, 3). നമ്മുടെ "മനസിന്റേയും ഹൃദയത്തിന്റെ അടിത്തട്ടിൽ അവന്റെ വിശുദ്ധി സൂക്ഷിച്ച് ദൈവത്തിൽ സന്തോഷിക്കുകയും സഹജവാസന നിലനിർത്തുകയും"[25] ചെയ്യുന്നതാണ് വിശുദ്ധി എന്ന് ഗ്രൂഡെം പറഞ്ഞിരിക്കുന്നു.

**വാക്യം 16.** അപേക്ഷിക്കുവാൻ അപ്പൊസ്തലൻ എടുത്തത് ലേവ്യാപുസ്തകം 11:45, 46 ആണ്. അത് ശരിയായി നിർവ്വചിക്കാതെ, ആശയത്തെ നല്ലതും മോശവും, ശരിയും തെറ്റും ആയി പറയുക പ്രയാസമാണ്. ദൈവം വിശുദ്ധ നായിരിക്കയാൽ വിശുദ്ധനാകുവാൻ പത്രൊസ് ക്രിസ്ത്യാനികളോട് പറഞ്ഞ പ്പോൾ, ദൈവത്തിന്റെ സദാചാരത്വവും ധാർമ്മികത്വവുമാണ് ഉദ്ദേശിച്ചത്.[26] അന്തിമമായി മനുഷ്യർ നന്നാകുവാൻ പറഞ്ഞിരിക്കുന്നതിന്റെ കാരണം ദൈവം നല്ലവനാണ്. വിശ്വാസികൾ വിശുദ്ധരാകുക എന്നാൽ അധാർമ്മികതയിൽ നിന്നും ലോകത്തിന്റെ ആശയങ്ങളിൽനിന്നും വേർതിരിക്കപ്പെടുക എന്നാണ് അർത്ഥം. ഒരാളുടെ സ്വഭാവവും സ്നേഹവും ദൈവമഹത്വത്തിനായി മാറ്റുന്ന പൂർണ്ണമായ ഒരു സമർപ്പണമാണ് അത്.[27]

1:17 ലെ ഭയത്തിനായുള്ള വിളിയും, 1:16 ലെ വിശുദ്ധിക്കായുള്ള വിളിയും, 1:13 ലെ നിർമ്മദരാകുവാനുള്ള വിളിയും തമ്മിൽ ബന്ധമുണ്ട്. അവ മൂന്നും ദൈവത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതാണ്. ഒരു പാപിയെ ലജ്ജിപ്പിക്കു ന്നതും തരംതാഴ്ത്തുന്നതുമായ സ്വഭാവത്തിൽനിന്നു സ്വതന്ത്രരാകുക എന്ന താണ് ദൈവം വിശുദ്ധനാണ് എന്നു പറഞ്ഞാൽ. അവൻ സത്യവും സ്നേഹവും, നന്മയും നിറഞ്ഞവനാണ്. ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് പിന്തുടരാവുന്ന മാതൃകയും പ്രചോദനവുമാണ് അവന്റെ വിശുദ്ധി. ക്രിസ്ത്യാനി ആദ്യം ദൈവ ത്തെ അറിയുന്നു. ദൈവത്തെ അറിയുന്നതിനാൽ, പിന്നെ എങ്ങനെ പെരുമാറണ മെന്നും അവൻ മനസിലാക്കുന്നു. വേദശാസ്ത്രത്തിൽനിന്ന് ധർമ്മം ഒഴുകുന്നു.

## ഭയത്തിൽ നടപ്പിൻ
## (1:17-21)

**17മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്ക് തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസ കാലം ഭയത്തോടെ കഴിപ്പിൻ. 18വ്യർത്ഥവും പിതൃപാരമ്പര്യവു മുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്നു വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല, 19ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ എന്നു നിങ്ങൾ അറിയുന്നുവല്ലൊ. 20അവൻ ലോകസ്ഥാപന ത്തിനു മുൻപെ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വ സിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്ത് വെളിപ്പെട്ടവനും ആകുന്നു. 21നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ വെച്ചുകൊള്ളേണ്ട തിന് ദൈവം അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തെഴുന്നേൽപിച്ചു, അവന്നു തേജസ് കൊടുത്തുമിരിക്കുന്നു.**

ദൈവം സ്നേഹമുള്ള പിതാവും ഭയങ്കരന്യായാധിപനുമാണ്. ക്രിസ്തുവിന്റെ മാഹാത്മ്യമുള്ള ഈ സവിശേഷതയാണ് ക്രിസ്ത്യാനികളെ നല്ല ജീവിതം നയി ക്കുവാൻ പ്രേരിപ്പിക്കുന്നത്.

**വാക്യം 17.** അവനെ **നിങ്ങൾ പിതാവ് എന്നു വിളിക്കുന്നു** എങ്കിൽ എന്നാണ് പത്രൊസ് എഴുതിയത്, ദൈവത്തെ അവർ പിതാവ് എന്നു സംബോധന ചെയ്യുവാൻ തിരഞ്ഞെടുത്തേക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം എന്നല്ല, മറിച്ച്, അവർ ദൈവത്തെ അങ്ങനെയാണ് വിളിച്ചിരുന്നത്. “നിങ്ങൾ ദൈവ

ത്തെ പിതാവ് എന്നു സംബോധന ചെയ്യുവാൻ ധൈര്യപ്പെടുന്നു എങ്കിൽ" എന്നുമല്ല പറഞ്ഞത്. ആ വാചകത്തിലെ "എങ്കിൽ" എന്നത് പത്രൊസ് മനസിലാക്കിയിരുന്നു. "അങ്ങനെയെങ്കിൽ, നിങ്ങൾ ... ദൈവത്തെ പിതാവ് എന്നു സംബോധന ചെയ്യുന്നത് സത്യമാണെങ്കിൽ എന്നർത്ഥം". ദൈവം വിശ്വാസിയെ വിളിച്ചിരിക്കയാൽ (1:15), വിശ്വാസി ദൈവത്തെ വിളിച്ചപേക്ഷിച്ച് സഹായവും പിന്തുണയും അപേക്ഷിക്കും.

ദൈവത്തിന്റെ പിതൃത്വം പഴയനിയമത്തിന് അന്യമായിരുന്നില്ല (സങ്കീ. 82:6; ഹോശേ. 11:1). എങ്ങനെയായാലും, യേശു ശക്തവും അതേസമയം വ്യക്തിപരവുമായരീതിയിൽ പിതാവായി ദൈവത്തെ വെളിപ്പെടുത്തിയപ്പോൾ ഊഷ്മള ബന്ധത്തെയാണ് കാണിക്കുന്നത്. കർത്താവ് ദൈവത്തെ പിതാവായിട്ടാണ് വെളിപ്പെടുത്തിയത്. തോട്ടത്തിൽ വെച്ചുള്ള അവന്റെ പ്രാർത്ഥനയിൽ യേശു "അബ്ബാ" എന്ന വാക്ക് ഉപയോഗിച്ചതിനാലായിരിക്കാം (മർ. 14:36) സ്നേഹമുണർത്തുന്ന അരാമ്യബന്ധമുള്ള വാക്ക് ഗ്രീക്ക്-ഭാഷ സംസാരിക്കുന്ന സഭയിലേക്ക് കടന്നു വന്നു (റോമ. 8:15; ഗലാ. 4:6). പത്രൊസിന്, ദൈവം വ്യക്തിത്വമില്ലാത്ത ശക്തിയോ അല്ലെങ്കിൽ സൂയസ് ദേവനെ പോലെ മനുഷ്യരെ ചിലപ്പോൾ കഷ്ടപ്പെടുത്തുകയും ചിലപ്പോൾ അനുകൂലമാകുകയും ചെയ്യുന്ന ചഞ്ചലപ്രകൃതനോ ആയിരുന്നില്ല.

ദൈവം തന്നെ സ്നേഹിക്കുന്നവരുടെ പിതാവ് ആകുന്നു, എന്നാൽ പത്രൊസ് പ്രാഥമികമായി അപേക്ഷിച്ചതുമായിരുന്നില്ല. മറിച്ച് വാക്യം 17-ൽ പറഞ്ഞിരിക്കുന്ന ആജ്ഞാസ്വഭാവത്തോടു കൂടിയവനാണ്. ദൈവത്തിന്റെ വിശുദ്ധിയേയും പിതൃത്വത്തെയും എടുത്തു കാണിച്ച പത്രൊസ് അവൻ ന്യായാധിപനാണ് എന്ന കാര്യവും വെളിപ്പെടുത്തുവാൻ മടിച്ചില്ല. ദൈവം ഒരേ സമയത്ത് പിതാവും ന്യായാധിപനുമാകുന്നതെങ്ങനെ എന്ന് പുരാതന ലോകത്തുള്ളവർക്ക് മനസിലാക്കുവാൻ പ്രയാസം ഇല്ലായിരുന്നു. വിശ്വാസി പിതാവായ ദൈവ മുൻപാകെ നിൽക്കുമ്പോൾ, ഭയത്തോടെ മുട്ടു മടക്കി കീഴ്പ്പെടുന്ന ചിത്രമാണ് അവരെ അത് ഓർപ്പിക്കുന്നത്. സ്നേഹമുള്ള പിതാവ്, സർവ്വശക്തനായ ദൈവവും ദഹിപ്പിക്കുന്ന അഗ്നിയുമാണ് (ആവ. 4:24; എബ്രാ. 12:29).

പാപത്തിന്റേയും ജഡത്തിന്റേയും സ്വാധീനത്താൽ ക്രിസ്ത്യാനികൾ വഷളായി പോകാതിരിക്കുവാൻ ഭയപ്പെടുന്നത് ദൈവഭക്തിയോടെ ജീവിക്കുവാനായിരിക്കണം. അല്ലെങ്കിൽ ഭയന്നു വിറക്കേണ്ടആവശ്യം വരുന്നില്ല. അതുകൊണ്ടാണ്, "തികഞ്ഞ സ്നേഹം ഭയത്തെ നീക്കം ചെയ്യുന്നു" എന്നു യോഹന്നാൻ പറഞ്ഞത് (1 യോഹ. 4:18). തികവിലെത്തുവാനാണ് ക്രിസ്ത്യാനികൾ പരിശ്രമിക്കുന്നത്, എന്നാൽ അതേ സമയത്ത് അവർ പാപത്തിന്റെ ദുഷിച്ച സ്വാധീനത്തെ അതിജീവിക്കയും വേണം. അതുകൊണ്ടാണ് **ഭയത്തോടെ നടക്കുവാൻ** പത്രൊസ് വിശ്വാസികളോട് ആവശ്യപ്പെട്ടത്. ക്രിസ്ത്യാനികൾ ന്യായവിധിയുണ്ട് എന്നതുകൊണ്ടുമാത്രമല്ല വിശുദ്ധ ജീവിതം നയിക്കുവാൻ ശ്രമിക്കുന്നത്, പക്ഷെ അതായിരിക്കണം അവന്റെ ലക്ഷ്യം. ദൈവത്തിന്റെ പരമോന്നത ന്യായവിധി ഈ കാലത്തിലും ഉണ്ട് എന്നത് വാസ്തവമാണ്. അവസാനം നടക്കുവാനിരിക്കുന്ന ന്യായവിധി ആയിരുന്നു പത്രൊസിന്റെ മനസിൽ ഉണ്ടായിരുന്നത്. "അന്ത്യകാലത്ത്" വെളിപ്പെടുവാനിരിക്കുന്ന രക്ഷക്ക് ദൈവം ന്യായാധിപതി ആയിരിക്കും (1:5).

ഓരോരുത്തന്റെ പ്രവൃത്തിയെയും ന്യായം വിധിക്കുന്ന ദൈവത്തിന്റെ പക്കൽ മുഖപക്ഷമില്ല എന്നു പത്രൊസ് പറഞ്ഞത് യാദൃശ്ചികമായിരുന്നില്ല.

അവർ പ്രവർത്തിച്ചത് കാപട്യത്തോടെയായിരുന്നുവെങ്കിലും, പരീശന്മാർ യേശുവിന്റെ അടുക്കൽ വന്നപ്പോൾ ഒരു സത്യം പറഞ്ഞു: "നീ മനുഷ്യരുടെ മുഖം നോക്കാത്തവൻ" (മത്താ. 22:16). ദൈവം മുഖപക്ഷം കാണിക്കാത്തവനായിരിക്കെ തന്റെ വായനക്കാർ മുഖപക്ഷം കാണിക്കുന്നത് വിരോധാഭാസമാണെന്ന് യാക്കോബ് പറഞ്ഞിരിക്കുന്നു (യാക്കൊ. 2:1-4). ലോകത്തിൽ "ചെറിയ ആളുകളും" "വലിയ ആളുകളും" നിലനിൽക്കുന്നു എന്നത് സാർവ്വലൗകികമായ ഒരു പ്രശ്നമാണ്. സമൂഹത്തിലെ "വലിയ ആളുകളാണ്" രാഷ്ട്രീയത്തെയും സമ്പത്തിനെയും നിയന്ത്രിക്കുന്നത്. അവർ മറ്റുള്ളവരിൽനിന്നു വ്യത്യാസം പ്രതീക്ഷിക്കുന്നു. ലോകത്തിലെ "ചെറിയ ആളുകൾക്കുള്ള" ആശ്വാസം ഇതാണ്: ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. അവൻ മുഖപക്ഷം കാണിക്കാത്തവനായതുകൊണ്ട്, അന്ത്യനാളിൽ വലിയ തിരിച്ചടി ഉണ്ടാകും. ധനവാനോട് അബ്രഹാം പറഞ്ഞു, "മകനേ, നിന്റെ ആയുസിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു; നീയോ വേദന അനുഭവിക്കുന്നു" (ലൂക്കൊ. 16:25). അന്ത്യനാളിൽ ആളുകൾ വരിവരിയായി നിൽക്കുമ്പോൾ, ആരും ഓടി മുൻപിൽ കയറി നിൽക്കാമെന്ന് വിചാരിക്കരുത്. ദൈവം **മുഖപക്ഷം കൂടാതെയാണ് വിധിക്കുന്നത്** എന്ന് പത്രൊസ് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു.

ക്രിസ്ത്യാനികളെയും അ-ക്രൈസ്തവരെയും ദൈവം ന്യായം വിധിക്കുന്ന കാര്യത്തിൽ ഒരു വ്യത്യാസവും കാണിക്കുകയില്ല എന്ന് എണെസ്റ്റ് പറഞ്ഞിരിക്കുന്നു.[28] അതുമായി പത്രൊസിന്റെ പോയിന്റിനു ബന്ധമില്ല. വിശുദ്ധ ജീവിതം നയിക്കുവാനാണ് അപ്പൊസ്തലൻ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചത്. ദൈവം ന്യായാധിപൻ ആണെന്നും അവൻ അവരെ ഓർപ്പിച്ചു. കൂടാതെ ദൈവം വിധിക്കുന്നത് ഓരോരുത്തരുടേയും പ്രവൃത്തിക്കനുസരിച്ചാണ് എന്നും ബോധ്യമാക്കി. പൗലൊസും അതു തന്നെ വ്യക്തമാക്കിയിരിക്കുന്നു, "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്നു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊ. 5:10). രക്ഷ ദൈവകൃപയാൽ ലഭിക്കുന്നതും ആർക്കും സ്വപ്രയത്നത്താൽ സ്വർഗത്തിൽ പോകുവാൻ സാധ്യമല്ല എന്നതും വാസ്തവമാണ്, പക്ഷെ ദൈവത്തിന്റെ ന്യായവിധി മനുഷ്യരുടെ പ്രവൃത്തികൾക്കനുസരിച്ചായിരിക്കും എന്നതും സത്യമാണ്. യാക്കോബ് പറഞ്ഞതുപോലെ, ഒരാളുടെ വിശ്വാസവും പെരുമാറ്റവും വേർതിരിക്കാവുന്നതല്ല (യാക്കൊ. 2:17).

**ഭൂമിയിലെ നിങ്ങളുടെ താമസകാലം** എന്ന് എൻഎഎസ്ബി തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ പിന്നിലെ ഗ്രീക്ക് വാക്ക് *പാരോയികിയാ* എന്നാണ്. *പാരായികിയാ* എന്ന വാക്കിന്റെ അർത്ഥം, *പാരെപിഡെമോസ്* എന്ന വാക്കിന്റേതിനു സമമാണ്, തർജ്ജിമ ചെയ്തിരിക്കുന്നത്, 1:1-ൽ "പ്രവാസ കാലം" എന്നാണ്. ലൗകിക ഗ്രീക്ക് സമൂഹത്തിൽ, അത് സൂചിപ്പിക്കുന്നത്, പൗരത്വമില്ലാതെ ഒരു പട്ടണത്തിൽ താമസിക്കുന്ന ആളുകളെയാണ്. പത്രൊസിന്റെ വായനക്കാരിൽ നല്ലൊരു ഭാഗം ഒരുപക്ഷെ പൗരത്വ-മില്ലാത്ത സ്ഥലങ്ങളിലായിരുന്നേക്കാം താമസിച്ചത്.[29] അവർ താമസിച്ചിരുന്ന സാഹചര്യം ഏതായിരുന്നാലും, പത്രൊസിനും അവന്റെ വായനക്കാർക്കും ലോകപ്രകാരമുള്ള പട്ടണത്തോട് യാതൊരു ബന്ധമോ പദവിയോ ഇല്ലായിരുന്നു. ആ വാക്കുകൾ നമ്മെ കനാനിൽ അലഞ്ഞു തിരിഞ്ഞ അബ്രഹാമിലേക്കാണ് കൊണ്ടുപോകുന്നത്. അവന്റെ ഭാര്യ മരിച്ച

പ്പോൾ അവളെ അടക്കം ചെയ്യുവാൻ സ്ഥിരവാസികളുടെ കയ്യിൽനിന്നു ശ്മശാനത്തിനായി ഗുഹ വിലക്ക് വാങ്ങുകയായിരുന്നു, ഹേത്തിന്റെ മക്കളോട് അവൻ പറഞ്ഞു, "ഞാൻ നിങ്ങളുടെ ഇടയിൽ വന്നു പാർക്കുന്നവനും പരദേശിയും ആകുന്നു. ഞാൻ എന്റെ മരിച്ചവളെ കൊണ്ടുപോയി അടക്കേണ്ടതിന്നു ഒരു സ്ഥലം തരേണം ..." (ഉല്. 23:4). പത്രൊസിന്റെ വായനക്കാരെ പോലെ യിസ്രായേലും ദൈവത്താൽ നിർമ്മിതമായ ഒര പട്ടണത്തിലേക്ക് കടന്നുപോകുന്നവരാണ് എന്ന യാഥാർത്ഥ്യം മറക്കരുതായിരന്നു (ലേവ്യാ. 25:23; 1 ദിന. 29:15; സങ്കീ. 39:12; എബ്രാ. 11:10).

**വാക്യം 18.** ആ വിഷയം 1:15, 17-ൽ തുടരുകയാണ്. ക്രിസ്ത്യാനികൾ ഉയർന്ന നിലവാരത്തിൽ കഴിയണമായിരുന്നു കാരണം (1) ദൈവത്തിന്റെ വിശുദ്ധി, വിശ്വാസികളിലും കാണുവാൻ നിർബ്ബന്ധിക്കുന്നു, (2) ദൈവം ന്യായാധിപൻ ആണ്. പിതാവായ ദൈവം ന്യായാധിപൻ കൂടെയാണ്. ദൈവഭക്തിയോടെ ജീവിക്കുവാൻ പ്രചോദിപ്പിക്കുന്ന മൂന്നാമത്തെ കാരണം അപ്പൊസ്തലൻ പറയുന്നു: അവർ വിലെക്ക് വാങ്ങപ്പെട്ടവരാണ്. അവർ വീണ്ടെടുക്കപ്പെട്ടവരാണ്. എന്തിനു വേണ്ടി ദൈവം വിലെക്ക് വാങ്ങിയോ അങ്ങനെ ജീവിക്കുവാനാണ് അപ്പൊസ്തലൻ സഹോദരീസഹോദരന്മാരോട് പറഞ്ഞത്. അവർ ഭയത്തോടുകൂടി നടക്കണമായിരുന്നു, **പൊന്നു,വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല** [അവരെ] **വീണ്ടെടുത്തിരിക്കുന്നത് എന്നും അവർ അറിയണമായിരുന്നു.** പരിഗണിക്കത്തക്ക വില കൊടുത്താണ് അവരെ വീണ്ടെടുത്തത്. "അറിഞ്ഞ്" എന്നതും "നിങ്ങൾ അറിഞ്ഞിരിക്കയാൽ" അല്ലെങ്കിൽ "നിങ്ങൾ അറിഞ്ഞിരിക്കകൊണ്ട്" എന്നു പറഞ്ഞിരിക്കുന്നതും തമ്മിൽ അൽപ വ്യത്യാസം ഉണ്ട്. അവരെ വീണ്ടെടുത്തിരിക്കയാൽ അവർ വീണ്ടെടുത്തവരെ പോലെ ജീവിക്കുവാനാണ് രണ്ടിലും പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞത്. ഫലത്തിൽ അവൻ പറഞ്ഞത് "ദൈവം നിങ്ങളെ വിലെക്ക് വാങ്ങിയവരെ പോലെ ജീവിക്കുക."

ക്രൂശിൽ എന്തു സംഭവിച്ചു എന്ന് വിശ്വാസികൾക്ക് മനസിലാകുവാൻ പുതിയ നിയമത്തിൽ ധാരാളം രൂപകാലങ്കാരങ്ങൾ നൽകിയിട്ടുണ്ട്. അവയിൽ ഒന്നാണ് വിശ്വാസികളുടെ ആത്മാക്കൾക്ക് വേണ്ടി മറുവില കൊടുത്തു എന്നത്.[30] പത്രൊസിന്റെ കാലത്തെ ആളുകൾക്ക് "വീണ്ടെടുപ്പ്" (*ലുട്രൂമായി*) മനസിലാകുവാൻ രണ്ട് ചിത്രീകരണങ്ങൾ സാധാരണ സഹായിക്കും, ഒന്ന്, യുദ്ധത്തിൽ പിടിച്ച തടവുകാരന്നു മറുവില കൊടുത്തു വീണ്ടെടുക്കുക, രണ്ട്, അടിമയെ മറുവില കൊടുത്തു സ്വതന്ത്രമാക്കുക. "വീണ്ടെടുത്തു" എന്നതിന് പത്രൊസ് ഉപയോഗിച്ച ഗ്രീക്ക് ക്രിയ പുതിയനിയമ കാലത്ത് സാധാരണ ഉപയോഗിക്കുന്നതായിരുന്നില്ല. ആ ക്രിയ ലൂക്കൊ. 24:21; തിത്തൊ. 2:14; 1 പത്രൊ. 1:18 ലും മാത്രമാണ് കാണുന്നത്. ബന്ധപ്പെട്ട നാമങ്ങൾ ഇതിനു പുറമെ അഞ്ചു പ്രാവശ്യം കൂടെ കാണാം (മത്താ. 20:28; മർ. 10:45; ലൂക്കൊ. 1:68; 2:38; എബ്രാ. 9:12). "മറുവില" അല്ലെങ്കിൽ "വീണ്ടെടുപ്പ്" എന്നീ വാക്കുകളുടെ അതേ അർത്ഥത്തിലുള്ള വാക്കുകൾ പുതിയനിയമത്തിൽ മറ്റു ഭാഗങ്ങളിൽ കാണാം (റോമ. 3:24; 1 കൊ. 1:30; എഫെ. 1:7; കൊലൊ. 1:14; 1 തിമൊ. 2:6; എബ്രാ. 9:15).

യേശു തന്നെ പറഞ്ഞു, "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും തന്നെ" (മത്താ. 20:28; മർ. 10:45). യേശു മരിക്കേണ്ടതിന്റെ ആവശ്യകത, മനുഷ്യരുടെ പാപങ്ങൾക്ക് ക്രൂശ് എങ്ങനെ മറുവില കൊടുത്തു, കുഞ്ഞാടിന്റെ രക്തം

എങ്ങനെ പാപങ്ങളെ കഴുകി കളയുന്നു എന്നീ കാര്യങ്ങൾ ദൈവത്തിനു മാത്രം അറിയാം. പുരാതന ലോകത്ത് ആരാധകനും ദൈവവും തമ്മിലുള്ള ബന്ധം പുനസ്ഥാപിക്കുകയാണ് രക്തം ചെയ്യുന്നത്. ക്രൂശിലെ യേശുവിന്റെ മരണത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന വാക്കുകളാണ് പുരാതന ലോകത്തിനു പരിചയമുള്ള വാക്കുകളാണ്[31] "വീണ്ടെടുപ്പും" "നിരപ്പും" (2 കൊ. 5:19), കൂടാതെ "പ്രായശ്ചിത്തവും" (1 യോഹ. 2:2). പരിഗണിക്കത്തക്ക പ്രാധാന്യ മുള്ള മറ്റൊരു വാക്കാണ് "പ്രതിശാന്തി." ഇംഗ്ലീഷ് തർജ്ജിമകളിൽ പഴയനിയമ വേദഭാഗങ്ങളാണ് കൊടുത്തിരിക്കുന്നത്.[32]

**വ്യർത്ഥമായ** ജീവിതത്തിൽനിന്നായിരുന്നു ക്രിസ്ത്യാനികളെ "വീണ്ടെടുത്ത ത്". ദൈവത്തോടുകൂടി ഭാവിയിൽ ജീവിക്കുവാൻ ലോകം പിന്തുടരുന്ന ജീവിത വഴിയിൽനിന്നാണ് "വീണ്ടെടുത്തത്". ഇത് രണ്ടാം പ്രാവശ്യമാണ് പത്രൊസ് *അനാസ്ട്രോഫെ* എന്ന വാക്ക് ഉപയോഗിച്ചത്, അർത്ഥം, "ജീവിതരീതി, നടപ്പ്, പെരുമാറ്റം." 1:15 ലും അതേ വാക്കാണ് ഉപയോഗിച്ചത്. പുതിയ നിയമത്തിൽ ആ വാക്ക് പതിമൂന്നു പ്രാവശ്യം കാണുന്നതിൽ, എട്ടെണ്ണം പത്രൊസിന്റെ ലേഖ നങ്ങളിലാണ് കാണുന്നത്. ആ വാക്ക്, സ്പഷ്ടമായും പത്രൊസിനു പ്രാധാന്യ മുള്ളതായിരുന്നു. ദൈവത്തെ മാനിക്കുവാനും, നിത്യാവകാശം പ്രാപിക്കു വാനും, അതോടൊപ്പം ക്രിസ്ത്യാനികൾ ഏറ്റവും മോശമായി പരീക്ഷിക്കപ്പെ ടുമ്പോഴും, അതിനെ ദൈവഭക്തിയോടുകൂടെ തരണം ചെയ്യണമായിരുന്നു.

[തങ്ങളുടെ] **പൂർവ്വപിതാക്കളിൽനിന്നു അവകാശമാക്കിയതായിരുന്നു** പത്രൊസ് സംസാരിച്ച ആസ്യയിലെ ക്രിസ്ത്യാനികളുടെ വ്യർത്ഥ ജീവിത രീതി. വിലയില്ലാത്ത അവരുടെ മുമ്പിലത്തെ നടപ്പിൽനിന്നു ക്രിസ്ത്യാനികളെ ക്രൂശിൽ വീണ്ടെടുത്തു. അവരുടെ പിതാക്കന്മാർ ജീവിച്ചത് "വ്യർത്ഥ" ജീവി തമായിരുന്നു എന്നു പറഞ്ഞതിൽനിന്നു അവരിൽ മിക്കപേരും ജാതികളിൽനി ന്നു പരിവർത്തനം ചെയ്തവരായിരുന്നു എന്നു സ്പഷ്ടം. മുൻകാലങ്ങളിൽ യെഹൂദന്മാരല്ലാ-തിരുന്നവർക്ക് ദൈവജനത്തിന്റെ അവകാശം നിഷിദ്ധമായി രുന്നു. യെഹൂദനോ, ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട യെഹൂദനോ മോശെയുടെ ന്യായപ്രമാണത്തിൻകീഴുള്ള തന്റെ ജീവിതം "വ്യർത്ഥ" മായി രുന്നു എന്നു ഒരിക്കലും പറയുകയില്ല.

**വാക്യം 19.** മനുഷ്യനെ വഷളാക്കുന്ന പാപത്തിന്റെ ശക്തിയിൽനിന്ന് മനുഷ്യർ വിലമതിക്കുന്ന പൊന്നിനോ വെള്ളിക്കോ, മറ്റു യാതൊരു നിക്ഷേ പങ്ങൾക്കോ വിടുവിപ്പാൻ കഴിയുകയില്ല. **ക്രിസ്തുവിന്റെ ... വിലയേറിയ രക്തത്താൽ** വീണ്ടെടുത്ത ജീവിതമാണ് ക്രിസ്ത്യാനികൾക്ക് ആസ്വദിക്കുവാൻ കഴിയുന്നത്. ലോകത്തിൽ സ്വർണ്ണവും വെള്ളിയും മാറുന്നതും ഇല്ലാതാകു ന്നതുമാണ്. അദ്രവത്വമോ, വാട്ടമോ ഇല്ലാത്ത ഒരവകാശവും നൽകുവാൻ പൊന്നിനോ വെള്ളിക്കോ കഴിയുകയില്ല (1:4). മനുഷ്യർ ചെയ്യുന്ന പ്രവൃത്തി യാലോ ക്രിസ്തുവിന്റെ വിലയേറിയ രക്തത്തിന്റെ വീണ്ടെടുപ്പ് ശക്തിയെ നശിപ്പിക്കുവാൻ സാധ്യമല്ല. വീണ്ടെടുപ്പിന്റെ മാഹാത്മ്യം അളന്നാൽ, വിശു ദ്ധജീവിതം നയിക്കുവാനുള്ള പ്രചോദനം വളരെ വലുതാണ്.

മോശെയുടെ ന്യായപ്രമാണത്തിൽ പ്രസ്താവിച്ച രക്തത്താലുള്ള യാഗ ങ്ങളും യേശുവിന്റെ ക്രൂശിലെ മരണവും നേരിട്ടുള്ള ഒരു ബന്ധം സ്ഥാ പിക്കുന്നു എന്നാണ് പത്രൊസ് വിശ്വസിച്ചത്. മനുഷ്യവർഗത്തിന്റെ പ്രതിനി ധികളായിരുന്ന യെഹൂദന്മാരും റോമാക്കാരും ചെർന്ന് യേശുവിനെ ക്രൂശിച്ച പ്പോൾ **ഊനമോ കറയോ ഇല്ലാത്ത ഒരു കുഞ്ഞാടിനെ** പോലെയായിരുന്നു

അവൻ അറുക്കപ്പെട്ടത്. പത്രൊസിന്റെ മനസിൽ പെസഹക്കുഞ്ഞാട് ആയിരുന്നോ? ഉത്തരം തീർച്ചയില്ല. ഒന്നാമത്, ഒരാൾ പുറപ്പാട് 12 ലെ പെസഹ ആചരിക്കുന്നതിനെ വായിക്കുമ്പൾ, വീണ്ടെടുപ്പ് മനസിലേക്ക് വരുന്നില്ല. യിസ്രായേൽ കുഞ്ഞാടിനെ അറുത്ത് ദഹിപ്പിക്കുമ്പോൾ, അവരെ മിസ്രയിമിൽനിന്നു വിടുവിച്ചു കൊണ്ടുവന്നതും ദൈവം അവരെ തിരഞ്ഞെടുത്തതും അവർ ഓർക്കണമായിരുന്നു. വിടുതലുമായി കുഞ്ഞാട് വീണ്ടെടുപ്പ് വില കൊടുത്തതിന് ബന്ധമില്ല. കുഞ്ഞാട് ഊനമില്ലാത്തതായിരിക്കണം എന്നത് വാസ്തവമാണ് (പുറ. 12:5), എന്നാൽ കുഞ്ഞാടുകളെ യാഗമായിട്ടാണ് അർപ്പിച്ചിരുന്നത്, അതിനു പെസഹയുമായി ബന്ധമില്ലായിരുന്നു (സംഖ്യാ. 28:3, 9, 11).

രണ്ടാമത്, പെസഹ പ്രത്യേകമായി ഒരു കുഞ്ഞാടിനെ ആവശ്യപ്പെടുന്നില്ല. മൃഗങ്ങളിൽ വെച്ച് ചെറുതായ കുഞ്ഞാടോ അല്ലെങ്കിൽ കോലാട്ടുകുട്ടിയോ ആകാമായിരുന്നു. മൂന്നാമത് തന്റെ വായനക്കാർ നീതിയുള്ള ധാർമ്മിക ജീവിതം നയിക്കുവാനാണ് പത്രൊസ് പറഞ്ഞത് (1:14, 15). ക്രിസ്തീയ സ്വഭാവത്തിന് നിർദ്ദോഷവും നിഷ്ക്കളങ്കവുമായ രക്തം ആവശ്യമായിരുന്നു. പഴയനിയമത്തിൽ കുഞ്ഞാടുകളെ യാഗം അർപ്പിച്ചതായിരുന്നില്ല പത്രൊസിന്റെ മനസിൽ, പിന്നെയോ, യേശുവിന്റെ സ്വഭാവമായിരുന്നു. നാലാമത്, പത്രൊസ് കുഞ്ഞാടിന്റെ രൂപകാലങ്കാരം ഉപയോഗിക്കുവാൻ കാരണം, അത് യെശയ്യാവ് 53-ൽ ഉപയോഗിച്ചിരുന്നു, അല്ലാതെ പെസഹാ പെരുന്നാളിൽ ഉപയോഗിച്ചതുകൊണ്ടല്ല. അവൻ യെശയ്യാവ് 53 ലെ വാക്കുകൾ എടുത്ത് 1 പത്രൊസ് 2:22-25 ൽ കൂടുതൽ വ്യക്തമാക്കി.

മുകളിൽ പറഞ്ഞ കാരണങ്ങളാൽ, വിശുദ്ധജീവിതം നയിക്കുവാനുള്ള പത്രൊസിന്റെ പ്രബോധനവുമായി ബന്ധപ്പെട്ടതല്ല പെസഹ കുഞ്ഞാട്. കൂടാതെ അതിനെ ഒരു അടയാളമായി ക്രിസ്തുവിനെ "കുഞ്ഞാട്" എന്നു പറഞ്ഞിരിക്കുന്നതിലേക്ക് മാറുമ്പോൾ വളരെ ശ്രദ്ധിക്കണം. "പെസഹ" ക്ക് പറഞ്ഞിരിക്കുന്നതും (യോഹ. 1:29; വെളി. 5:6 ലും വെളിപ്പാടിലെ മറ്റു പല ഭാഗത്തു പറഞ്ഞിരിക്കുന്നതും നോക്കുക). "നമ്മുടെ പെസഹക്കുഞ്ഞാട്" യേശു ആണെന്ന് പൗലൊസ് പറഞ്ഞിട്ടുണ്ട് എന്നത് വാസ്തവമാണ് (1 കൊ. 5:7), എന്നാൽ, കുഞ്ഞാട് എന്നു പറഞ്ഞിട്ടില്ല (ചില തർജ്ജിമകളിൽ, ഉദാഹരണത്തിന് എൻആർഎസ്‌വിയും എൻഐവിയും ആ വാക്ക് കൂട്ടിച്ചേർത്തിരിക്കുന്നു.) വാസ്തവത്തിൽ, പൗലൊസ് ഒരു സ്ഥലത്തും യേശുവിനെ കുഞ്ഞാട് എന്നു പറഞ്ഞിട്ടില്ല. യോഹന്നാൻ 19:36-ൽ മാത്രമാണ് യേശുവിനെ പെസഹക്കുഞ്ഞാടുമായി ബന്ധപ്പെടുത്തിയിരിക്കുന്നത്. അവിടെ യേശുവിന്റെ അസ്ഥികളിൽ ഒന്നുപോലും ഒടിഞ്ഞില്ല എന്നത് പുറപ്പാട് 12:46 ന്റെ നിറവേറലായിരുന്നു. പെസഹക്ക് ഉപയോഗിക്കുന്ന ആടുകളുടെ അസ്ഥികളൊന്നും ഒടിക്കാറില്ല. അതുപോലും, പെസഹക്കുഞ്ഞാടുമായി ബന്ധപ്പെടുത്തിയതാണോ എന്ന് നിശ്ചയമില്ല, യേശുവിനെ കുഞ്ഞാട് എന്നു പറഞ്ഞിരിക്കുന്നതെല്ലാം രൂപകാലങ്കാരം മാത്രമാണ്.

**വാക്യം 20.** ദൈവത്തിന്റെ മുന്നറിവ് പത്രൊസ് വ്യക്തമാക്കിയിരിക്കയാൽ (1:2), ക്രിസ്തുവിനു ചുറ്റും നടന്ന സംഭവങ്ങളും അവന്റെ സ്ഥാപനമായ സഭയും ദൈവത്തിന് പിന്നീട് ഉദിച്ച ചിന്തയായിരുന്നില്ല; അത് വന്നുകൂടാവുന്ന പദ്ധതിയുമായിരുന്നില്ല. യേശുവിന്റെ അപ്പൊസ്തലൻ പറഞ്ഞു, **അവൻ ലോകസ്ഥാപനത്തിനു മുമ്പെ മുന്നറിഞ്ഞവൻ ആയിരുന്നു**. ദൈവത്തിന്റെ മുന്നറിവിൽ യേശു എന്ന വ്യക്തി ഉള്ളതായി പത്രൊസ് ഉറപ്പിച്ചു പറഞ്ഞു,

ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയിൽ യേശുവും ഉണ്ടായിരുന്നു എന്നു പറയുന്നതായിരിക്കും സുരക്ഷിതം. “യേശുവിനെ ലോകത്തിലേക്ക് അയക്കുക എന്നതു മാത്രമായിരുന്നില്ല നിത്യത മുതലുള്ള തീരുമാനം, അവൻ ചില പങ്ക് നിറവേറ്റുക കൂടെ വേണമായിരുന്നു.”[33] മനുഷ്യരെ ദൈവം ക്രിസ്തുവിൽ വീണ്ടെടുക്കുവാൻ തീരുമാനിച്ചിരുന്നു, ദൈവം മുന്നറിവിനാൽ മുൻനിർണ്ണയിക്കുകയും ചെയ്തു. അങ്ങനെ ജനിക്കുവാനിരിക്കുന്ന ഏതൊരു ശിശുവും എവിടെ എത്തിച്ചേരുമെന്ന് ദൈവത്തിനറിയാം. ക്രിസ്ത്യാനികൾ ആസ്വദിക്കുന്ന വീണ്ടെടുപ്പ് നിത്യമായ അനന്തരഫലമുള്ളതാണ്. രക്തം ചിന്തിയ ക്രിസ്തു അവസാനിക്കാത്ത സമയം തുടങ്ങിയതുമുതൽ ദൈവത്തോടുകൂടെ ഉണ്ടായിരുന്നു. പുതിയനിയമത്തിൽ പൊതുവായി പറഞ്ഞിരിക്കുന്ന ലോകം സൃഷ്ടിച്ചത് എന്നു പറഞ്ഞിരിക്കുന്നതിനു തുല്യമാണ് “ലോകസ്ഥാപനത്തിന് മുൻപ്” എന്ന പ്രയോഗം (മത്താ. 25:34; യോഹ. 17:24; എഫെ. 1:4; എബ്രാ. 4:3).

**നിങ്ങൾക്ക് വേണ്ടി അന്ത്യകാലത്ത് പ്രത്യക്ഷനാകുവാനിരിക്കുന്ന** ആ യേശു ലോകസ്ഥാപനത്തിനു മുൻപെ മുന്നറിഞ്ഞവനായിരുന്നു. അതിന്റെ വെളിച്ചത്തിലാണ് വിശ്വാസികൾ പരീക്ഷണങ്ങളെ സഹിച്ചത്. അവർ കഷ്ടത അനുഭവിച്ചത് ദൈവം അവരെ മറന്നതുകൊണ്ടായിരുന്നില്ല. തനിക്കായി ഒരു ജനത്തെ തിരഞ്ഞെടുക്കുന്ന ദൈവത്തിന്റെ നിത്യമായ പദ്ധതിയിൽ ഒരു ഭാഗമായി എന്നു മാത്രം. യേശുവിന്റെ വരവ് “നിങ്ങൾക്ക് വേണ്ടിയായിരുന്നു.” ക്രിസ്ത്യാനികൾ ജീവിക്കുന്നതാണ് “അന്ത്യകാലം”. കർത്താവിന്റെ പ്രത്യക്ഷതയോടുകൂടെ ദൈവം തന്റെ തീരുമാനപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കും. മനുഷരെ വീണ്ടെടുക്കുന്ന പദ്ധതി സംബന്ധിച്ച് ദൈവത്തിന് ഇനി ചെയ്തു തീർക്കുവാൻ ബാക്കി ഒന്നുമില്ല. പത്രൊസും അവന്റെ വായനക്കാരും അന്ത്യകാലത്താണ് ജീവിച്ചിരുന്നത്, ഇരുപത്തി-ഒന്നാം നൂറ്റാണ്ടിലെ ക്രിസത്യാനികളും അന്ത്യകാലത്താണ് ജീവിക്കുന്നത്. ഈ ഗൃഹത്തിൽ മനുഷ്യൻ ജീവിക്കുന്നതു വരെ അന്ത്യകാലമായിരിക്കും.

ഇത് അന്ത്യകാലമാകയാൽ, വിശ്വാസികൾ ക്രിസ്തുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്നു, നിത്യതയെ ഭേദിച്ച് ഏതു സമയത്തും ന്യായവിധി നടക്കാം. ദുർഘട സമയങ്ങൾ “അന്ത്യകാലത്ത്” സംഭവിക്കും എന്നാണ് പൗലൊസ് പറഞ്ഞത് (2 തിമൊ. 3:1), അത് തന്റെ കാലത്തെയാണ് അവൻ സൂചിപ്പിച്ചത്. ഈ “അന്ത്യകാലത്ത്” ദൈവം തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു എന്നാണ് എബ്രായലേഖകൻ പറഞ്ഞത് (എബ്രാ. 1:2), താൻ ജീവിച്ച കാലഘട്ടത്തെയാണ് അവൻ പറഞ്ഞത്. പഴയനിയമകാലത്തെ സംഭവങ്ങളെ കുറിച്ച് പൗലൊസ് പറഞ്ഞു, “ഇതു ദൃഷ്ടാന്തമായി അവർക്ക് സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു” (1 കൊ. 10:11). നിഷേധമായി പറഞ്ഞാൽ, നമുക്ക് “അന്ത്യകാലങ്ങളെ” അല്ലെങ്കിൽ “അവസാന ദിനങ്ങളെ” അറിയുകയില്ല. കർത്താവിന്റെ വരവിനു മുൻപ് കാലങ്ങളെയോ സമയങ്ങളെയോ അറിയുക എന്നത് നമുക്കുള്ളതല്ല. ആയിരം ആണ്ട് വാഴ്ച്ച, ഹർഷോന്മാദം, മഹോപദ്രവം തുടങ്ങിയ കണ്ടുപിടിത്തങ്ങൾ ബൈബിൾ അനുസാരമല്ല. ക്രിസ്ത്യാനികൾ അന്ത്യകാലത്താണ് ജീവിക്കുന്നത്, അത് ദൈവേഷടമനുസരിച്ച് അവസാനിക്കുമ്പോൾ, കർത്താവ് മടങ്ങി വരികയും, ന്യായവിധിക്കു ശേഷം നിത്യത തുടരുകയും ചെയ്യും.

**വാക്യം 21**. വാക്യം 20-ൽ യേശു പ്രത്യക്ഷനായത് “നിങ്ങൾക്ക് വേണ്ടി”

എന്നു പറഞ്ഞിരിക്കുന്നു. അതിന് ഒരു വിശദീകരണം ആവശ്യമാണ്. നിങ്ങൾക്കു വേണ്ടി യേശു പ്രത്യക്ഷനാകുമെന്ന് പറഞ്ഞിരിക്കുന്നത് ആരെ ഉദ്ദേശിച്ചാണ്? **അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്നവർക്ക്** വേണ്ടി എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. ദൈവം നൽകുന്ന രക്ഷ വ്യക്തിപരമാണ്. യേശുക്രിസ്തു എന്ന വ്യക്തി വന്നത് ആളുകളെ വേർ പിരിക്കുവാനായിരുന്നില്ല, എന്നാൽ "വിശ്വാസികളായ ... നിങ്ങൾക്കു വേണ്ടിയായിരുന്നു." പത്രൊസിന്റെ വാക്കുകൾ വായിക്കുന്ന വിശ്വാസി കൾക്ക് വേണ്ടിയായിരുന്നു. എൻഏഎസ്ബി തർജ്ജിമ ചെയ്തിരിക്കുന്ന "വിശ്വാസികൾ" എന്നത് ഗ്രീക്കുമായി വളരെ യോജിക്കുന്നതാണ്, എന്നാൽ വിശ്വാസം പുതിയനിയമത്തിൽ പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത് ആശ്ര യത്തോടെയുള്ള സമീപനത്തിനാണ്. ആർഈഎബി തർജ്ജിമ ചെയ്തിരിക്കു ന്നത്, "അവൻ മുഖാന്തരമാണ് നിങ്ങൾ ദൈവത്തിൽ ആശ്രയിക്കുവാൻ വന്നിരിക്കുന്നത്." അവർ ദൈവത്തിൽ വിശ്വസിച്ചിരുന്നു, പക്ഷെ യേശു പിതാവിനെ വെളിപ്പെടുത്തിയതു കാരണം അവർ വിശ്വാസികളായി തീർന്നു, അങ്ങനെയാണ് ആസ്യയിലെ ക്രിസ്ത്യാനികൾ "അവൻ മുഖാന്തരം" വിശ്വാ സികളായി തീർന്നത്. ഈ പ്രസ്താവനയും യോഹന്നാൻ 14:1, 6 ലേയും ചിന്ത വളരെ വ്യക്തമാണ്.[34] ദൈവത്തിലുള്ള വിശ്വാസം നസറേത്തുകാരനായ യേശു മുഖാന്തരമാണ് കാരണം (1) പഴയ നിയമത്തിലെ പ്രവാചകന്മാർക്കോ ജ്ഞാനികൾക്കോ വെളിപ്പെടുത്തുവാൻ കഴിയാതിരുന്ന പിതാവിനെ വെളിപ്പെ ടുത്തുവാൻ യേശുവിനു കഴിഞ്ഞു (യോഹ. 7:28, 29; 15:15). (2) ദൈവത്തോട് കൂട്ടായ്മയുണ്ടാകുവാനായി പാപത്തിന്റെ തടസം യേശു നീക്കി (റോമ. 5:1; 1 യോഹ. 1:7). (3) യേശു ഇപ്പോഴും, മനുഷ്യർക്കായി പക്ഷവാദം ചെയ്തു കൊണ്ടിരിക്കുകയാണ് (1 തിമൊ. 2:5; എബ്രാ. 7:25).

അപ്പൊസ്തലൻ യേശുവിന്റെ രക്തത്തെ എടുത്തു കാണിച്ചത്, അവന്റെ മരണത്തെയാണ് സൂചിപ്പിക്കുന്നത്. ആ സമയത്ത് നൽകിയ സന്ദേശം ആയ ക്രിസ്തുവിന്റെ മരണം പരാജയത്തിന്റേതായിരുന്നില്ല, മറിച്ച് ജയത്തിന്റേതാ യിരുന്നു, മരണത്തിന്റേതായിരുന്നില്ല, മറിച്ച് ജീവന്റേതായിരുന്നു. **ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേൽപിക്കുകയും മഹത്വം നൽകു കയും ചെയ്തു**. പൗലൊസ് റോമാ ലേഖനം ആരംഭിക്കുന്നത്, "മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേറ്റിരിക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തു" എന്നു പറഞ്ഞുകൊണ്ടാണ് (റോമ. 1:4). വിശ്വാസം അടിസ്ഥാനമായി ഏറ്റു പറയു ന്നത് ക്രിസ്ത്യാനിത്വത്തിന്റെ വിശ്വസ്തതയാണെന്ന് ഒരാൾ പറഞ്ഞേക്കാം. അതിനാൽ പൗലൊസ് പറഞ്ഞു, "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻപ്രകാരം അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു" (1 കൊ. 15:3, 4). യേശു മരിക്കുകയും ദൈവശക്തിയാൽ ഉയർക്കപ്പെടുകയും, മനുഷ്യർക്ക് പ്രത്യക്ഷനാകുകയും ചെയ്തിരിക്കയാൽ ക്രിസ്ത്യാനിയുടെ ദൈവത്തിലുള്ള വിശ്വാസവും നിത്യജീ വനു വേണ്ടിയുള്ള പ്രത്യാശയും ബലവത്താണ്. ഇവിടെ പറയുന്ന "മഹത്വം" യേശുവിന് ഉയർത്തെഴുന്നേറ്റപ്പോഴോ, അല്ലെങ്കിൽ സ്വർഗാരോഹണം ചെയ് തു പിതാവിന്റെ വലത്തുഭാഗത്തിരുന്നു വാഴ്ച്ച തുടങ്ങിയപ്പോഴോ ദൈവം നൽകിയതായിരിക്കാം (പ്രവൃ. 2:33; റോമ. 8:34; 1 കൊ. 15:25). യേശു അനു ഭവിച്ചതായ മഹത്വം തന്നെയാണ് അവന്റെ അനുയായികൾക്ക് പങ്കിടുവാൻ

തരുന്നത് (1:8, 11).

വിശ്വാസികൾ **തങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ വെച്ചുകൊള്ളേണ്ടതിനായിരുന്നു** ദൈവം ക്രിസ്തു മുഖാന്തരം ചെയ്തതെല്ലാം. "വിശ്വാസവും," "പ്രത്യാശയും" എന്ന വാക്കുകൾ, പ്രത്യേകിച്ച് "വിശ്വാസം" ആശ്രയമാണെന്ന് മനസിലാക്കുമ്പോൾ, രണ്ടിനും ഒരേ അർത്ഥമാണുള്ളത് എങ്കിലും, ഓരോന്നിനും അതിന്റേതായ പ്രതലമുണ്ട്. ക്രിസ്ത്യാനികൾ ജീവിക്കുന്ന വർത്തമാന കാലവുമായി ബന്ധപ്പെട്ടതാണ് "വിശ്വാസം." വിശ്വാസം മൂലം ക്രിസ്ത്യാനികൾ സംരക്ഷിക്കപ്പെടും എന്നു പത്രൊസ് മുൻപ് പറഞ്ഞിരുന്നു, അതിനോട് "നിങ്ങൾ അവനെ കണ്ടിട്ടില്ലെങ്കിലും" എന്നുകൂടെ ചേർത്താണ് പറഞ്ഞത് (1:5, 8). "വിശ്വാസം" എന്നതിൽ ദൈവത്തിലുള്ള ആശ്രയവും ഉൾപ്പെടുന്നു. ആ ആശ്രയം അനുഭവസിദ്ധമായ തെളിവിന്റെ അഭാവത്തിലുമുള്ളതാണ്. നേരെ മറിച്ച് "പ്രത്യാശ" എന്നു പറയുന്നത് ഭാവി-യുമായി ബന്ധപ്പെട്ടതാണ്. ക്രിസ്തുവിലാകുമ്പോൾ അനുഗ്രഹങ്ങൾ ലഭിക്കും, ജീവനുള്ള പ്രത്യാശ (1:3) വിശ്വാസികൾക്ക് ദൈവം ഭാവിയിൽ വെച്ചിരിക്കുന്ന അവകാശമാണ്.

## കെടാത്ത ബീജത്താൽ ജനിച്ചിരിക്കുന്നു (1:22-25)

**22എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ട്, ഹൃദ
യപൂർവ്വം അന്യോന്യം സ്നേഹിപ്പിൻ. 23കെടുന്ന ബീജത്താലല്ല കെടാത്ത
തിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.**

**24"സകല ജഡവും പുല്ല് പോലെയും**
**അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂ പോലെയും ആകുന്നു,**
**25പുല്ല് വാടി, പൂവുതിർന്നുപോയി; കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു."**
**അത് ആകുന്നു നിങ്ങളോട് പ്രസംഗിച്ച വചനം.**

ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തെ അപ്പൊസ്തലൻ ഇതു രണ്ടാം പ്രാവശ്യമാണ് പറയുന്നത് (1:3, 23). അവൻ പറഞ്ഞു, "നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു." അവരുടെ പാപങ്ങൾ ദൈവം ക്ഷമിച്ച് തന്റെ സ്വന്ത കൂട്ടരോടൊപ്പം ചേർത്തപ്പോൾ, ക്രിസ്ത്യാനികൾ അങ്ങനെ തന്നെ ജീവിക്കുവാനാണ് ദൈവം ആഗ്രഹിച്ചത്.

**വാക്യം 22.** തന്റെ വായനക്കാരുടെ അനുസരണത്തെ കുറിച്ച്, മൂന്നാം പ്രാവശ്യമാണ് പത്രൊസ് സംസാരിക്കുന്നത് (1:2, 14, 15, 22); അനുസരണവും വിശുദ്ധീകരണവും ഒന്നു തന്നെയാണെന്ന് ഇത് മൂന്നാം പ്രാവശ്യമാണ് അപ്പൊസ്തലൻ വ്യക്തമാക്കുന്നത്. ഗ്രീക്കിൽ **വിശുദ്ധീകരിച്ചു** എന്നത് പൂർണ്ണക്രിയാബന്ധമാണ്. ക്രിയാബന്ധത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത് ഒന്നുകിൽ വകവെച്ചുകൊടുക്കലോ, **നിങ്ങൾക്ക് ഉള്ളതിനാൽ** ..., അല്ലെങ്കിൽ കാരണമായേക്കാവുന്നതിനോ, "നിങ്ങൾക്ക് ഉള്ളതുകൊണ്ട് ..." ആണ്. എൻ ഏഎസ്ബി തർജ്ജിമ ചെയ്തിരിക്കുന്നത് കൺസെസിവ് ഫോഴ്സിലാണ്:

"നിങ്ങൾ സത്യത്തെ അനുസരിച്ചിരിക്കയാൽ നിങ്ങളുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെട്ടു." 1:2, 3 ലും 1:22, 23 ലും പറഞ്ഞിരിക്കുന്ന അനുസരണവും വിശുദ്ധീകരണവും വീണ്ടും ജനനത്തെ ഓർപ്പിക്കുന്നത് യാദൃശ്ചികമല്ല. നിർബ്ബന്ധിക്കുവാനായി നൽകുന്ന പ്രസ്താവനയേക്കാൾ ഉപരിയാണ് **സത്യം**. സത്യം അനുസരിക്കുവാനുള്ളതാണ്. വേർപെടുത്തിയതിൽനിന്നുള്ള സത്യം അല്ല പത്രൊസിന്റെ വായനക്കാർ അനുസരിച്ചത്. പ്രത്യേകമായി അവർ അനുസരിച്ചത് സുവിശേഷ സത്യമാണ്. യേശു അവർക്കുവേണ്ടി മരിച്ചു എന്ന സത്യം അവർ വിശ്വസിച്ചു, സത്യത്തിൽ ഉൾപ്പെട്ട ആജ്ഞകളോട് അവർ പ്രതികരിച്ചു. അവർ സത്യം അനുസരിച്ചപ്പോൾ അതേ സമയത്തു തന്നെ അവർ വീണ്ടും ജനിക്കയും ചെയ്തു. അത് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്ന വിശുദ്ധീകരണമാണ്. പത്രൊസിനെ കുറിച്ച് റെയ്മണ്ട് സി. കെൽസി പറഞ്ഞു, "തന്റെ വായനക്കാർ കീഴ്പ്പെട്ട് സുവിശേഷം അനുസരിച്ച സമയതെ പത്രൊസ് അവരെ ഓർപ്പിക്കുകയാണ്, സത്യം ആവശ്യപ്പെടുന്ന കാര്യങ്ങളോട് അവർ പ്രതികരിച്ച സമയത്തെ ആണ് അനുസ്മരിപ്പിക്കുന്നത്."[35]

ഭൂതകാലത്തിൽ സംഭവിച്ച കാര്യങ്ങളുടെ ഫലം വർത്തമാന കാലത്തിൽ തുടരുന്ന പ്രവൃത്തിയെയാണ് ഗ്രീക്ക് വർത്തമാനകാലം സൂചിപ്പിക്കുന്നത്. തന്റെ വായനക്കാരെ കുറിച്ച് പത്രൊസ് പറഞ്ഞു, "നിങ്ങൾ ... നിങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിച്ചു" പൂർണ്ണ ക്രിയാബന്ധം ഉപയോഗിച്ച് അപ്പൊസ്തലൻ തന്റെ വായനക്കാരെ, അവർ വീണ്ടും ജനിച്ച കാലത്തിലേക്ക് തിരിഞ്ഞു നോക്കുവാൻ ഇടയാക്കി. വർഷങ്ങൾക്ക് മുൻപ്, യെരുശലേമിലെ വലിയ ഒരു ജനക്കൂട്ടത്തോട് മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനമേൽക്കുവാൻ ആവശ്യപ്പെട്ടു (പ്രവൃ. 2:38). പത്രൊസ് പ്രഖ്യാപിച്ചപ്പോൾ, മൂവായിരം പേർ സ്നാനം ഏൽക്കുകയും, വീണ്ടും ജനിച്ച് ആത്മാക്കളെ വിശുദ്ധീകരിക്കയും ചെയ്തു. വീണ്ടും ജനനത്തെ പൗലൊസ് "പുനർജ്ജനന സ്നാനം" എന്നാണ് പറഞ്ഞത്, അതായത് പുതിയ ജനനം (തിത്തൊ. 3:5). വെള്ളത്തിലുള്ള അടക്കമാകുന്ന സ്നാനത്തേക്കാൾ അധികമുള്ള ഒന്നാണ് വീണ്ടും ജനനം, എന്നാൽ സ്നാനം കൂടാതെ വീണ്ടും ജനനം നടക്കുകയുമില്ല. സത്യം അനുസരിക്കയാൽ അവരുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെട്ടതിനാൽ, അവർ വീണ്ടും ജനിക്കപ്പെട്ടവരെ പോലെ ജീവിക്കുവാനാണ് അപ്പൊസ്തലൻ ആവശ്യപ്പെടുന്നത്.

**നിർവ്യാജമായ സഹോദരപ്രീതിക്കായി** ക്രിസ്ത്യാനികളുടെ **ആത്മാക്കൾ ശുദ്ധീകരിക്കപ്പെട്ടിരിക്കയാൽ**, പത്രൊസ് **ഹൃദയപൂർവ്വം അന്യോന്യം സ്നേഹിപ്പാൻ** കൽപിച്ചിരിക്കുന്നു. കെല്ലി എഴുതി,

> ... എഴുത്തുകാരൻ ക്രിസ്ത്യാനികളോട് അന്യദേവനെ നമസ്ക്കരിക്കുന്നതിനെതിരായി വിശദീകരിക്കുന്ന പ്രവൃത്തിയിൽനിന്നു മാറിയെന്നു തോന്നുന്നു, [1:15, 17, 18]. ഇപ്പോൾ അവൻ വീണ്ടും അതിലേക്ക് മടങ്ങി വന്ന്, ക്രിസ്ത്യാനി സ്നാനമേറ്റപ്പോഴത്തെ അവസ്ഥയായ സാഹോദര്യ സ്നേഹം, വിശുദ്ധി, ദൈവഭയം എന്നീ സ്വഭാവങ്ങൾ കൂട്ടി ചേർത്തിരിക്കുന്നു.[36]

ഒരാളുടെ ആത്മാവിനെ ശുദ്ധീകരിക്കുക എന്നാൽ അയാളെ തന്നെ ശുദ്ധീകരിക്കുക എന്നാണ് അർത്ഥം. കർശനമായി പറഞ്ഞാൽ പത്രൊസിന്റെ വായന

ക്കാരായിരുന്നില്ല ശുദ്ധീകരിച്ചത്, മറിച്ച്, "കുഞ്ഞാടിന്റെ രക്തം ചിന്തി" യേശു അവരെ വീണ്ടെടുത്തപ്പോൾ, ദൈവം ആണ് ശുദ്ധീകരിച്ചത് (1:19). എന്നാലും അനുസരിക്കുവാൻ തീരുമാനം എടുത്തത് അവർ തന്നെയായിരുന്നു. പത്രൊസിന്റെ പ്രസംഗ ശേഷം, ലൂക്കൊസ് രേഖപ്പെടുത്തി, "മറ്റു പല വാക്കുകളാലും അവൻ അവരെ പ്രബോധിപ്പിച്ചു, ഈ വക്രതയുള്ള തലമുറയിൽനിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു" (പ്രവൃ. 2:40; എൻആർഎസ്‌വി).[37] വിശ്വാസികളുടെ അനുസരണ പ്രതികരണമാണ് ഫലപ്രദമായ പാപമോചനത്തിനിടയാക്കിയത്.

സുവിശേഷ സന്ദേശത്തിലെ ആജ്ഞകളോട് അവർ പ്രതികരിച്ചപ്പോൾ–അവർ വിശ്വസിച്ച്, മാനസാന്തരപ്പെട്ടു, സ്നാനം ഏറ്റപ്പോൾ–അടിസ്ഥാനപരമായി അന്യോന്യം "സ്നേഹിക്കുന്ന" തല്ലാതെ മറ്റൊന്നിനും അവർ സമൂഹത്തിൽ കടപ്പെടുന്നില്ല എന്നു പത്രൊസ് തന്റെ വായനക്കാരെ ഓർപ്പിച്ചു. പൗലൊസിനെ പോലെ (1 കൊ. 13:13; 1 തെസ്സ. 1:3), പത്രൊസിനെ പോലെ "വിശ്വാസവും," "പ്രത്യാശയും" (1:21), "സ്നേഹവും" ആണ് ക്രിസ്ത്യാനിയുടെ ഉള്ളിൽനിന്നു പുറപ്പെടുവിക്കേണ്ടത്. വിശ്വാസികൾക്കിടയിൽ അന്യോന്യം സ്നേഹിക്കുകയും, ബഹുമാനിക്കുകയും, കരുതുകയും ചെയ്യുന്നതിനപ്പുറമായി അവരുടെ നടപ്പിന് മറ്റൊരു നിയമവുമില്ല. യേശു പറഞ്ഞു, "നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹ. 13:35). യോഹന്നാൻ പിന്നെ പറഞ്ഞു, "നിങ്ങൾ ആദി മുതൽ കേട്ട ദൂത്, അന്യോന്യം സ്നേഹിക്കേണം എന്നല്ലോ ആകുന്നു" (1 യോഹ. 3:11).

"സഹോദര പ്രീതി" എന്നതിന് പൗലൊസ് ഉപയോഗിച്ച വാക്ക് *ഫിലാദെൽഫിയാ*, പെൻസിൽവാനിയ എന്ന പട്ടണത്തിന്റെ പേരാണ് അതിന്റെ ഉച്ചാരണം. 3:8 ൽ അവൻ ആ വാക്ക് വീണ്ടും ഉപയോഗിച്ചിരിക്കുന്നു. സത്യം അനുസരിച്ച്, ആത്മാക്കളെ ശുദ്ധീകരിച്ചു എന്നു പറയുന്നത് സമൂഹത്തിലെ സഹോദരീസഹോദരന്മാരോട് ചേരുമ്പോൾ സംഭവിക്കുന്നതാണ്. യേശു മനുഷ്യവേഷം എടുക്കുവാൻ കാരണം അവന് മനുഷ്യരോടുള്ള സ്നേഹം നിമിത്തം ആയിരുന്നു (യോഹ. 3:16). ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മാതൃക പിന്തുടരുന്നതാണ് സകല മനുഷ്യരേയും സ്നേഹിക്കുക എന്നത്. എല്ലാവരോടും അനുവർത്തിക്കുന്ന സ്നേഹമാണ് വിശ്വാസികളുടെ ആത്മിക ഭവനത്തിലെ സ്നേഹ-ബന്ധം (ഗലാ. 6:10) പൗലൊസിന്റെ ചിന്ത ഇതായിരുന്നു: നിങ്ങൾ സന്ദേശം അനുസരിച്ചതിനാൽ, നിങ്ങളുടെ വിശ്വാസവും പ്രത്യാശയും സ്വീകരിച്ചിരിക്കുന്നവരോടു, ദൈവം തിരഞ്ഞെടുത്തിരിക്കുന്നവരോട്, നിർവ്യാജമായ സഹോദരപ്രീതി പ്രകടിപ്പിക്കുവാനായി ഹൃദയപൂർവ്വം അന്യോന്യം സ്നേഹിക്കുക.

സ്നേഹത്തിന് അപ്പൊസ്തലൻ രണ്ടാമത് *അഗാപയോ* എന്ന വാക്ക് ഉപയോഗിച്ചതിന് പ്രത്യേക പ്രാധാന്യം ഇല്ല. "തുല്യമായ പ്രയോഗങ്ങൾ ആയ സഹോദരപ്രീതി എന്നും അന്യോന്യം ഹദയപൂർവ്വം സ്നേഹിക്കണമെന്നു പറഞ്ഞപ്പോൾ അപ്പൊസ്തലൻ അതു മനസിലാക്കിയിരുന്നു എന്നു സ്പഷ്ടം."[38] അവർ സത്യം അനുസരിച്ചപ്പോൾ, എന്താകുവാൻ ദൈവം ആഗ്രഹിച്ചുവോ, അങ്ങനെ തന്നെ ആകുവാനായിരുന്നു അപ്പൊസ്തലൻ തന്റെ വായനക്കാരോട് അപേക്ഷിച്ചത്. അവൻ അവരുടെ ആത്മാക്കളെ ശുദ്ധീകരിച്ചു. പത്രൊസ് ആജ്ഞകളിൽ കൂട്ടിച്ചേർത്ത പ്രാധാന്യമുള്ള വാക്കാണ് "ഊർജ്ജസ്വലതയോടെ" എന്നത്. ഗ്രീക്കിൽ ഊന്നൽ കൊടുത്ത് ആ വാക്ക്

വാചകത്തിന്റെ അവസാനമാണ് കൊടുത്തിരിക്കുന്നത്. വിശ്വാസികൾ അന്യോന്യം സ്നേഹിക്കുന്നത് സ്ഥിരവും, മായം കലരാത്തതും, പ്രകടിപ്പിക്കുവാൻ താൽപര്യവും ഉള്ളതായിരിക്കണം. രണ്ടാം നൂറ്റാണ്ടിലെ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ കൂട്ടിക്കലർത്തപ്പെട്ടവരായിരുന്നു, അവർ ക്രിസ്തുവിന്റെ നാമം ധരിച്ചവരുടെ സാഹോദര്യത്വം അറിഞ്ഞവരായിരുന്നു. ക്രിസ്ത്യാനികൾ പരസ്പരം സമർപ്പിക്കപ്പെട്ട രീതിയിൽ കഴിയുന്നതിനെ ചിലപ്പോൾ അവർ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ ലേഖനം തുറക്കുമ്പോൾ പത്രൊസ് പിന്നീട് ആ ആശയത്തിലേക്ക് മടങ്ങി വരുന്നതു കാണാം (2:17; 5:9).

**വാക്യം 23.** മുമ്പിലത്തെ വാക്യത്തിൽ, തന്റെ വായനക്കാരുടെ വിശുദ്ധീകരണത്തെ വിവരിക്കുവാൻ പൂർണ്ണകാലം ഉപയോഗിച്ചു. ഇവിടെ വീണ്ടും പൂർണ്ണകാലം ഉപയോഗിച്ച് അവരുടെ വീണ്ടും ജനനത്തെ വിവരിച്ചിരിക്കുകയാണ്. **കെടുന്ന ബീജത്താലല്ല, കെടാത്ത ബീജത്താലത്രെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.** അന്യോന്യം ഹൃദയപൂർവ്വം നിർമ്മലമായി സ്നേഹിക്കുന്നതിനാണ് അവർ സത്യം അനുസരിച്ചതും വീണ്ടും ജനിച്ചതും. സത്യത്തെ അനുസരിക്കലും, വിശുദ്ധീകരണവും, വീണ്ടും ജനനവും ഒറ്റക്ക് നിൽക്കുന്ന ആശയങ്ങളല്ല. ഓരോന്നിലും മറ്റു രണ്ടും അന്തർലീനമാണ്. ജീവനുള്ള പ്രത്യാശക്കായിട്ടാണ് നാം വീണ്ടും ജനിച്ചിരിക്കുന്നത് എന്ന് അപ്പൊസ്തലൻ മുൻപ് പറഞ്ഞിരുന്നു (1:3). ഇവിടെ അവൻ അവരുടെ വീണ്ടും ജനനത്തെ കെടാത്ത ബീജത്തോട് ബന്ധിപ്പിച്ചിരിക്കുന്നു. **ജീവിക്കുന്നതും നിലനിൽക്കുന്നതുമായ ദൈവവചനം.**

വീണ്ടും ജനനത്തെ കുറിച്ച് യേശു നിക്കൊദെമോസിനോട് പറഞ്ഞപ്പോൾ, അവൻ രണ്ടിനേയും ഭദ്രമായി സ്നാനത്തോട് ബന്ധപ്പെടുത്തി (“വെള്ളത്താലും”; യോഹ. 3:5), പരിശുദ്ധാത്മാവിനാലും ഉള്ള ജനനം. (പുതിയ ജനനത്തെ കുറിച്ചുള്ള പരാമർശത്തിന് 1:3 നോക്കുക.) 1:3-ൽ, പുതിയ ജനനം സാധ്യമായത് ക്രിസ്തു ഉയർത്തെഴുന്നേറ്റത് മൂലമായിരുന്നു. ഇവിടെ അത് കെടാത്ത ബീജത്താലാണ്, ദൈവശക്തിയാൽ ഉയർത്തെഴുന്നേറ്റ യേശു മുഖാന്തരം ആണ് ലഭിക്കുന്നത്. വചനത്തിലും വചനം മഖാന്തരവുമാണ് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത്. ഒരർത്ഥത്തിൽ അവരോട് പ്രസംഗിച്ച സുവിശേഷം ആയിരുന്നു വചനം (1:12). മറ്റൊരുവിധത്തിൽ അത് പരിശുദ്ധാത്മാവിന്റെ ശക്തിയാലായിരുന്നു. പഴയനിയമ വായനക്കാർക്ക് മനസിലാകുന്ന ഒന്നായിരുന്നു വചനത്തിന്റെ സൃഷ്ടിപരമായ ശക്തി. ദൈവം സംസാരിച്ച വചനം മുഖാന്തരമാണ് ലോകം ഉണ്ടായത് (ഉല്. 1:3), അതു മുഖാന്തരം അവൻ മനുഷ്യരുടെ കാര്യങ്ങളിൽ വാഴ്ച്ച നടത്തുന്നു (സങ്കീ. 33:9). ആത്മ-ശ്വാസിയ വചനം മുഖാന്തരം, ക്രിസ്ത്യാനികൾ വീണ്ടും ജനിക്കുന്നു. തിരുവെഴുത്ത് പ്രായോഗികമാക്കുന്നവരിൽ അതിന്റെ ശക്തി വ്യാപരിക്കുമെന്ന് പത്രൊസിന് അറിയാമായിരുന്നു. കാരണം ആത്മാവ് ആണ് അതിനു ശ്വാസിയതയും ജീവിക്കുവാനുള്ള ശക്തിയും നൽകിയത്. വചനം ജീവിക്കുകമാത്രമല്ല, തുടർച്ചയായി ജീവിക്കും. അത് സഹിക്കുന്നതാണ്.

വചനം വാമൊഴിയായോ അല്ലെങ്കിൽ എഴുതപ്പെട്ടതോ ആകാം, എന്നാൽ രണ്ട് വിധത്തിലായാലും, അതിനു ഫലം പുറപ്പെടുവിക്കുവാൻ ശക്തിയുണ്ട്. അവന്റെ ഇഷ്ടം അനുസരിച്ച് ആത്മാവ് വ്യാപരിക്കുന്നു (യോഹ. 3:8), ആളുകളുടെ ഉള്ളിൽ വചനം അങ്ങനെ മർമ്മമായും ശക്തമായും പ്രവർത്തിക്കുന്നു. അത് ജീവിതങ്ങളെ മാറ്റുന്നു. “സത്യത്തിന്റെ വചനത്താൽ നമ്മെ

ജനിപ്പിച്ചിരിക്കുന്നു" (യാക്കൊ. 1:18). ആത്മാവോ വചനമോ ഒന്നിന്റെ അഭാവത്തിൽ മറ്റൊന്നു പ്രവർത്തിക്കുന്നു എന്നു പറയുന്നത് അർത്ഥശൂന്യമാണ്. പത്രൊസിന്റെ വായനക്കാർ അനുസരിക്കയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്തതിനു തുല്യമാണ് കെടാത്ത ബീജത്താൽ ക്രിസ്ത്യാനികൾ വീണ്ടും ജനിക്കുന്നത്. വചനം "കെടാത്ത" ബീജമായി പത്രൊസ് പറഞ്ഞിരിക്കുന്നു, എന്നാൽ മനുഷ്യരുടെ പുനരുൽപാദനത്തിനായി ദൈവം വെച്ചിരിക്കുന്ന ബീജം "കെടുന്നതാണ്." 1:13-ൽ പറഞ്ഞതുപോലെ, മാനുഷിക ബീജത്തിനും ദൈവിക ബീജത്തിനും പ്രകടമായ വ്യത്യാസം ഉണ്ട്. മനുഷ്യർ എന്തെല്ലാം ചെയ്താലും അവരുടെ ജീവിതം മാറ്റമുള്ളതാണ്; അത് അധികം നീണ്ടുനിൽക്കാതെ കടന്നുപോകുന്നതാണ്. വീണ്ടും ജനനത്തിനായി വെച്ചിരിക്കുന്ന ബീജം വസിക്കുന്നതും നിത്യവുമാണ്. അവൻ പറയുന്ന അന്തരം താഴെ പറയുന്ന വാക്യത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

**വാക്യം 24.** പുതിയ ജനനത്തിന് ഉപയോഗിക്കുന്നത് കെടാത്തതും, നിലനിൽക്കുന്നതുമായ ദൈവവചനമാണ്, പത്രൊസിന്റെ മനസിലെ വേദഭാഗം യെശയ്യാവ് 40:6-8 (സങ്കീ. 103:15-17 മായി താരതമ്യം ചെയ്യുക). മുൻവാക്യത്തിൽ പറഞ്ഞതിനെ ആ വേദഭാഗം പിന്തുണക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നതാണ് യെശയ്യാവിലെ വേദഭാഗം (യാക്കൊ. 1:11), പത്രൊസ് അൽപ വ്യത്യാസം വരുത്തിയെങ്കിലും, വ്യത്യസ്തവും അതേസമയത്ത് ബന്ധപ്പെടുന്നതുമായ രീതിയിൽ കർത്താവിന്റെ സഹോദരൻ പറഞ്ഞിരിക്കുന്നു. ഉദ്ധരണി സെപ്ത്വജിന്റിൽനിന്നാണ് (LXX), യേശു ജനിക്കുന്നതിന് ഇരുന്നൂറ് വർഷങ്ങൾക്ക് മുൻപാണ് എബ്രായ ഭാഷയിൽനിന്ന് പഴയനിയമം ഗ്രീക്കിലേക്ക് തർജ്ജിമ ചെയ്തത്. ചിതറിക്കിടക്കുന്ന ഗ്രീക്ക്-റോമാ ലോകത്ത് സെപ്ത്വജിന്റ് പരക്കെ ഉപയോഗിച്ചിരുന്നു. പുതിയനിയമകാലമായപ്പോഴേക്ക് യെഹൂദന്മാരിൽ പലരും ഗ്രീക്ക് ലോകവുമായി പൊരുത്ത പ്പെട്ടിരുന്നു. ആധുനിക കാലത്ത് പ്രാദേശികഭാഷയിൽ തർജ്ജിമ ആവശ്യമായതുപോലെ, അവരുടെ സംസാരഭാഷയിലേക്ക് തർജ്ജിമ ചെയ്യേണ്ടതു ആവശ്യമായിരുന്നു.

യെശയ്യാവ് 40:6-8 ൽ പ്രവാചകൻ പറഞ്ഞ ഉദ്ദേശം പത്രൊസിനെ വിചാരപ്പെടുത്തിയില്ല. യെശയ്യാവ് സംസാരിച്ച ആളുകൾ ബാബിലോണിലെ പ്രവാസം നിമിത്തം ക്ഷീണിതരായിരുന്നു. അവർ ദൈവത്തിന്റെ വാഗ്ദാനങ്ങളെ എല്ലാം മറന്നിരിക്കുവാനാണ് സാധ്യത-തീർച്ചയായും അവർ ദൈവത്തെ തന്നെയും ഉപേക്ഷിച്ചിരിക്കാം. അവരെ ആശ്വാസിപ്പിക്കുവാനും ദൈവം അവർക്ക് മരുഭൂമിയിൽകൂടെ സ്വദേശത്തേക്ക് മടങ്ങി പോകുവാൻ ഒരു വഴി ഒരുക്കുമെന്നും ദൈവം പ്രവാചകനെ അയച്ചു മുന്നറിയിച്ചു. ആളുകളുടെ അധികാരം വരികയും പോകുകയും ചെയ്യും; രാജ്യങ്ങൾ ഉയരുകയും വീഴുകയും ചെയ്യും. സകല ജഡവും പുല്ല് പോലെ ആണ്. ദൈവത്തിന്റെ വചനവും, അവന്റെ വാഗ്ദാനങ്ങളും, വിശ്വസ്തമാണ്, എന്നേക്കും നിലനിൽക്കുന്നതുമാണ്.

വിശ്വാസത്തിനു വേണ്ടി കഷ്ടത അനുഭവിക്കുന്ന ആസ്യയിലെ ക്രിസ്ത്യാനികളെ കുറിച്ചാണ് യെശയ്യാവ് പറഞ്ഞതെന്ന് പത്രൊസ് അവകാശപ്പെട്ടില്ല. മറിച്ച് ദൈവത്തിന്റെ വാഗ്ദാനങ്ങൾ യെശയ്യാവിന്റെ കാലത്തും പത്രൊസിന്റെ വായനക്കാരുടെ കാലത്തും വിശ്വസ്തമാണെന്ന പോയിന്റാണ് പത്രൊസ് നൽകുന്നത്. സകല മനുഷ്യരും അവരുടെ പ്രയത്നങ്ങളും അനിശ്ചിതമാണെന്ന് അടിവരയിടുന്നതാണ് യെശയ്യാവിലെ വേദഭാഗം. ആളുകൾ ആഗ്രഹിക്കുന്നത്

സ്ഥിരതയും മാറ്റമില്ലാത്തതുമാണ്, പക്ഷെ **സകല ജഡവും പുല്ല് പോലെ ... പുല്ല് വാടുന്നു, പൂ ഉതിർന്നു പോകുന്നു.** ജഡവും അതിന്റെ പ്രതാപവും മനുഷ്യാനുഭവത്തിന് യോജിച്ച വിഷയമോ, എല്ലാം നശിക്കുവാനിരിക്കുന്നു എന്നതൊഴിച്ചാൽ പൊതുവായത് ഒന്നുമില്ല. ജഡം ഉതിർന്നു പോകുന്നു. ഏറ്റവും പുകഴ്ച്ചായോഗ്യരും ഉത്തമ ഗുണങ്ങളുള്ളവരും ഓർമ്മയിൽനിന്നു മാഞ്ഞുപോകുന്നു. യെശയ്യാവിന്റെ സദസ്യരും പത്രൊസിന്റെ വായനക്കാരും മനുഷ്യരിൽ ആശ്രയിക്കരുതായിരുന്നു. ദൈവവും അവന്റെ സന്ദേശവുമാണ് ജീവിതത്തിലെ നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങൾ.

**വാക്യം 25.** ജീവിതത്തിന് അർത്ഥവും, യോജിപ്പും, ഉദ്ദേശവും നൽകുന്നത് ദൈവവും അവന്റെ സ്വയം വെളിപ്പെടുത്തലുമാണ്. മനുഷ്യാനുഭവത്തിൽ നിന്നും മാനുഷിക മഹത്വത്തിൽനിന്നും വ്യത്യസ്തമായി, ദൈവവും അവന്റെ വചനവും എന്നേക്കും നിലനിൽക്കും. 1:23 ൽനിന്ന് (ലോഗോസ്, "വചനം") 1:25 ലേക്ക് വരുമ്പോൾ (രേമാ, "വചനം") രസകരമായ മാറ്റമാണ് സംഭവിക്കുന്നത്. ഈ സന്ദർഭത്തിൽ ആ രണ്ടു വാക്കുകളും പര്യായങ്ങളാണ്. രണ്ടാമത്തെ വാക്ക് LXX ൽ ഉപയോഗിച്ചിരിക്കുന്നു. വാക്കുകൾ മാറിയെങ്കിലും പത്രൊസിന്റെ പോയിന്റിൽ മാറ്റമില്ല. "ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവത്തിന്റെ വചനത്തെയാണ് [ലോഗോസ് ]" യെശയ്യാവ് 40:8 ൽ യഹോവയുടെ വചനം [രേമാ] എന്നു പറഞ്ഞിരിക്കുന്നത്. അവരോട് പ്രസംഗിച്ച കർത്താവിന്റെ വചനമാണ് എന്നേക്കും നിലനിൽക്കുന്നത് എന്നു പത്രൊസ് പറഞ്ഞു.

1:22 പത്രൊസ് തുടരുമ്പോൾ പത്രൊസിന്റെ ചിന്തയുടെ തുടർച്ച നാം കാണാതെ പോകരുത്. സത്യത്തെ അനുസരിച്ചതുകൊണ്ടാണ് ക്രിസ്ത്യാനികളുടെ ആത്മാക്കൾ വിശുദ്ധീകരിക്കപ്പെട്ടത്. അവർ അനുസരിച്ച സത്യം നശിക്കാത്തതും, നിത്യവും, ജീവിക്കുന്നതുമായ ദൈവവചനമാണ്. അവർ സത്യത്തെ അനുസരിക്കയാൽ വീണ്ടും ജനിച്ചിരിക്കുന്നു. കർത്താവിന്റെ വചനമായ സത്യം "എന്നേക്കും നിലനിൽക്കുന്നതും", പത്രൊസിന്റെ വായനക്കാരോടും **പ്രസംഗിച്ചതുമായ വചനം** ഒന്നു തന്നെയാണ്. ഏതു കാലത്തും ഏതു സമയത്തും, സത്യവചനം പ്രസംഗിക്കുമ്പോൾ ക്രിസ്ത്യാനികൾക്ക് അതേ ഫലം പ്രതീക്ഷിക്കാം. ആളുകൾ വീണ്ടും ജനിക്കുകയും നിത്യജീവന് അവകാശികളായി തീരുകയും ചെയ്യുന്നു.

## പ്രായോഗികത

### വിശുദ്ധിയും സ്നാനവും (1:3-25)

പത്രൊസിന്റെ ലേഖനത്തിൽ ഒരിക്കൽ മാത്രമാണ് "സ്നാനം" എന്ന വാക്ക് കാണുന്നുള്ളു എങ്കിലും (3:21), ലേഖനത്തിലെ മുഖ്യ വിഷയമാണ് സ്നാനം എന്ന് ബൈബിൾ വിദ്യാർത്ഥികൾ വളരെ കാലമായി മനസിലാക്കിയിരിക്കുന്നു. സ്നാനവും വീണ്ടും ജനനവും ഒന്നല്ലെങ്കിലും, രണ്ടിനേയും തമ്മിൽ വേർപിരിക്കുവാനും സാധ്യമല്ല. ഒരു വിശ്വാസി സ്നാനം ഏൽക്കുമ്പോൾ, അയാളിൽ വീണ്ടും ജനനം നടക്കുന്നു. സ്നാനം ഏറ്റു വെള്ളത്തിൽനിന്ന് കയറി വരുന്നയാൾ "ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ്" എന്നു ആലങ്കാരികമായി പൗലൊസ് പറഞ്ഞപ്പോൾ ഒരുപടികൂടെ മുമ്പോട്ടു പോകുകയാണ് (റോമ. 6:4). "വീണ്ടും ജനനം" എന്നു പത്രൊസ് 1:3 ലും 1:23 ലും പറഞ്ഞപ്പോൾ, അത് ക്രിസ്തീയ സ്നാനം ആണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അത്

“കെടുന്ന ബീജത്താലല്ല, കെടാത്ത ബീജത്താലുള്ള ജനനമാണ്.”

ഉടൻ തൃപ്തിക്കായി പരിശ്രമിക്കുന്ന ആധുനിക മുതലാളിത്ത വ്യവസ്ഥയുടെ സമ്മർദ്ദ കാലത്തിലാണ് ക്രിസ്ത്യാനികൾ ജീവിക്കുന്നത്, അത്തരം ലോകത്തിലാണ് അവർ വിശുദ്ധരായി ജീവിക്കേണ്ടത്. തങ്ങളുടെ പഴയ ഹീനമായ ജീവിതത്തിൽനിന്ന് ക്രിസ്ത്യാനികളാകുമ്പോൾ, കടന്നു വന്ന അതിർ പത്രൊസിന്റെ ജീവനക്കാർക്ക് പറയുവാനില്ല. ആ സമയത്ത്, ഒരുപക്ഷെ, ആധുനിക ലോകവും പത്രൊസിന്റെ കാലത്തെ ലോകവും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നേക്കാം. ആധുനിക ലോകത്ത് വിശുദ്ധജീവിതവും അവിശുദ്ധ ജീവിതവും തമ്മിൽ വേർതിരിക്കുന്നത് മലിനപ്പെടുത്തുന്നതാണ്. ക്രിസ്ത്യാനികളും ചിലപ്പോൾ അത്തരം മലിനപ്പെടുത്തൽ വേർപെടുത്തുന്നതിനായി എടുക്കും. ലോകം, ചിലപ്പോൾ പറയും, “തീർച്ചയായും നാം എല്ലാ തമാശയും വിട്ടുകളയേണ്ട ആവശ്യമില്ല, ഉണ്ടോ? നാം വിശുദ്ധിയെ അത്ര ദൂരെ കാണേണ്ടതായിട്ടില്ല” ആധുനിക ലോകത്തിന്റെ എല്ലാ ഭയാനകമായ വിശേഷങ്ങളെയും ഭയപ്പെടുന്നു: “മതഭ്രാന്ത്.” രാജാവിന്റെ മക്കൾ എന്ന നിലയിൽ നാം ഗൗരവമുള്ളവരാണെന്ന് ചിലർ പറഞ്ഞേക്കാം.

ലോകത്തിൽ, വ്യാപകമായി കാണുന്ന സുഖലോലുപത വിശ്വാസികളെ മിക്കവാറും നിരാശപ്പെടുത്തുകയും ദുഃഖിപ്പിക്കുകയും ചെയ്യുന്നു. യോശുവയുടെ വാക്കുകൾ പുരാതന യിസ്രായേലിന്ന് ഇന്നത്തെ ആധുനിക സഭയ്ക്ക് യുക്തമായിരിക്കണമെന്നില്ല: “നിങ്ങൾക്ക് യഹോവയെ സേവിപ്പാൻ കഴിയുന്നതല്ല. അവൻ പരിശുദ്ധ ദൈവം; അവൻ തീഷ്ണതയുള്ള ദൈവം; അവൻ നിങ്ങളുടെ അതിക്രമങ്ങളെയും പാപങ്ങളെയും ക്ഷമിക്കയില്ല ...” (യോശുവ. 24:19). വിശുദ്ധിയുടെ വെല്ലുവിളി നാം സ്വീകരിച്ചിട്ടുണ്ടോ? ആ ചോദ്യത്തിനു നാം എങ്ങനെ ഉത്തരം പറയുമെന്ന് തീർച്ചയില്ല. മോശെ അതിനു ഇങ്ങനെ ഉത്തരം നൽകിയിരിക്കുന്നു: “ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന ഈ കൽപന പ്രയാസമുള്ളതല്ല, ദൂരമായുള്ളതുമല്ല ... നീ അനുസരിപ്പാൻ തക്കവണ്ണം വചനം നിനക്ക് ഏറ്റവും സമീപത്ത്, നിന്റെ ഹൃദയത്തിലും തന്നെ ഇരിക്കുന്നു” (ആവ. 30:11, 14).

അവിശുദ്ധ ലോകത്ത് വിശുദ്ധി പ്രാപിപ്പാൻ ശ്രമിക്കുമ്പോൾ, പ്രതിസന്ധി നേരിടുന്ന സമയത്ത് വിശ്വാസികൾക്ക് ഉന്മേഷം നൽകുന്നതിന് പത്രൊസ് രണ്ട് ഉറവിടങ്ങൾ നൽകിയിരിക്കുന്നു, ഒന്ന്, വിശുദ്ധ നഗരത്തിൽ, വിശുദ്ധി കണ്ടെത്തുവാൻ സഹായിക്കുന്നതാണ് സഹോദരപ്രീതി നൽകുകയും സ്വീകരിക്കുകയും ചെയ്യുന്നത്. അവരും നമ്മെ പോലെ വിശുദ്ധ നഗരത്തിലേക്ക് യാത്ര ചെയ്യുന്നവരാണ്. നിർവ്യാജസ്നേഹത്തിന് സഹായിക്കുന്നതാണ് തന്റെ വായനക്കാരുടെ അനുസരണവും നിർമ്മലതയും. എന്നാൽ പിന്നെയും അവൻ അവരെ പ്രബോധിപ്പിച്ചിരിക്കുന്നു, “ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ” (1 പത്രൊ. 1:22).

രണ്ട്, വിശുദ്ധി നിത്യമാണ്; ലോകത്തെ മാനിക്കുന്നവർ അത് താൽക്കാലികമാണെന്ന് തിരിച്ചറിയണം. വിശ്വാസികൾ കെടാത്ത ബീജത്താലാണ് വീണ്ടും ജനിച്ചത് എന്നു പത്രൊസ് പറഞ്ഞു. മനുഷ്യരുടെ മഹത്വമെല്ലാം, അവൻ തന്റെ ജീവിതത്തിനു വേണ്ടി എന്തെല്ലാം നൽകിയാലും, അവന്റെ പഠനവും, സമ്പത്തും, അവന്റെ നല്ല സമയവും-അവയെല്ലാം പുല്ലിന്റെ പൂ പോലെ കൊഴിഞ്ഞുപോകും. എന്നാൽ ദൈവ വചനം എന്നേക്കും ഇരിക്കും. “അതാകുന്നു നിങ്ങളോട് പ്രസംഗിച്ച വചനം” (1:25).

ഭൗതികമായും വൈകാരികമായും ഉള്ള ആശ്വാസം പത്രൊസ് തന്റെ വായനക്കാർക്ക് നൽകിയില്ല. നേരെ മറിച്ച്, അത്തരം കാര്യങ്ങൾ കൂടുതൽ വഷളായേക്കാം എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. എന്തു സംഭവിച്ചാലും, അവർ ദൈവത്തിന്റെ ജനമാണെന്നും, ദൈവത്തിന്റെ ജനം വിശുദ്ധരാണെന്നും വായനക്കാരെ ഓർപ്പിച്ചു. ഇരുപത്തി-ഒന്നാം നൂറ്റാണ്ടിലും ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്നവർക്കും ഇതിനേക്കാൾ വലിയ ഒരാവശ്യമില്ല. ഒഴികഴിവിനോ വിട്ടുവീഴ്ച്ചക്കോ സ്ഥാനമില്ല. ഇന്ന് പാപം താലോലിച്ച് നമ്മോടു പറയുന്നു, എങ്ങനെയായാലും നാം മനുഷ്യരാണ് എന്ന്. നമുക്ക് നമ്മിൽനിന്ന് കൂടുതൽ പ്രതീക്ഷയില്ല. അതിന്റെ ഫലമായി, ജീവിതത്തിൽ തിരഞ്ഞെടുക്കേണ്ട ഒന്നാണ് വിശുദ്ധി എന്ന് ക്രിസ്ത്യാനി പലപ്പോഴും ചിന്തിക്കാതിരിക്കുന്നു. ദൈവം വിശുദ്ധ ജനത്തെ വീണ്ടെടുത്തിരിക്കുന്നു എന്നു നാം തിരിച്ചറിയണം.

**വീണ്ടെടുത്തത്, നശിച്ചുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല (1:18, 19)**

ഈ ലോകത്തിലെ ആനുകാലിക വസ്തുക്കളിൽ വിലപിടിപ്പുള്ളതായി ഊഹിക്കാവുന്നതാണ്, ബുദ്ധിയുള്ളവരാകുവാൻ, ആധുനികതയും, ധീരതയും അതേ അജ്ഞതയുടെ വിപുലീകരണമായി ആയിരക്കണക്കിനു വർഷങ്ങളായി സന്തോഷം എടുത്തുകളഞ്ഞിരിക്കുകയാണ്. മനസില്ലാതെ പിന്തുടരുന്ന പലരെയും പലതും അടിമയാക്കുകയും നശിപ്പിക്കുകയുമാണ്. തന്റെ രണ്ടാം ലേഖനത്തിൽ, പത്രൊസ് പറയുന്നത് തങ്ങൾ തന്നെ നാശത്തിന്ന് അടിമകളായിരിക്കെയാണ് മറ്റുള്ളവർക്ക് വാഗ്ദത്തങ്ങൾ നൽകുന്നത് എന്നാണ്: "... ഒരുത്തൻ ഏതിനോട് തോൽക്കുന്നുവോ അതിന്ന് അടിമപ്പെട്ടിരിക്കുന്നു" (2 പത്രൊ. 2:19).

ക്രിസ്തുവിൽ അവർ ആസ്വദിക്കുന്ന സ്വാതന്ത്ര്യവും അടിമത്വത്തിൽ നശിപ്പിച്ചുകൊണ്ടിരുന്ന അവരുടെ മുമ്പിലത്തെ ജീവിതവും തമ്മിലുള്ള വലിയ അന്തരത്തെയാണ് അപ്പൊസ്തലൻ 1 പത്രൊസിൽ വരച്ചു കാണിച്ചിരിക്കുന്നത്. അവർ വീണ്ടെടുക്കപ്പെട്ടവരാണെന്ന് പത്രൊസ് തന്റെ വായനക്കാരെ ഓർപ്പിച്ചു. ലോകത്തിൽ മറുവില കൊടുക്കുന്നതിന് ഉപയോഗിച്ച വാക്കാണ് "വീണ്ടെടുക്കുക" എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ച വാക്ക്. കടൽക്കൊള്ളക്കാർക്കോ കൊള്ള സംഘത്തിനോ ധനവാനിൽനിന്ന് കവർച്ചക്കായി കൽപ്പിക്കാം. അലങ്കാരശാസ്ത്രം പഠിക്കുവാനായി റോഡെസ് ദ്വീപിലേക്ക് പോയ റോമൻ ചരിത്രകാരനായിരുന്ന സുവറ്റോണിയസ് ബി. സി., 74-ൽ ജൂലിയസ് സീസറുമായി ബന്ധപ്പെട്ട ഒരു കഥ പറഞ്ഞിരിക്കുന്നു. പോകുന്ന വഴിയിൽ അയാൾ സഞ്ചരിച്ചിരുന്ന കപ്പൽ കൊള്ളസംഘത്തിന്റെ പിടിയിൽ പെട്ടു. അയാളെ മിലേത്തൊസിലേക്ക് കൊണ്ടുപോയി, തിരിച്ചു കൊടുക്കുവാൻ അമ്പതു താലന്ത് സ്വർണ്ണം ആവശ്യപ്പെട്ടു. മിലേത്തൊസ് അത് നൽകുകയും സീസറിനെ സ്വതന്ത്രനാക്കുകയും ചെയ്തു.

ധനികരായ ആളുകൾ മറുവിലയായി കൊടുത്തിരുന്നത് പൊന്നും വെള്ളിയും ആയിരുന്നു. തന്റെ വായനക്കാരെ വീണ്ടെടുക്കുവാൻ അതിലും വലിയ വിലയാണ് നൽകിയതെന്നാണ് പത്രൊസ് പറഞ്ഞത്. ദൈവപുത്രനായ യേശുവിന്റെ വിലയേറിയ രക്തമായിരുന്നു അവരുടെ മറുവിലയായി കൊടുത്ത് അവരെ വാങ്ങിയത് (1 പത്രൊ. 1:18, 19). പൗലൊസ് അതിനെ 2 കൊരിന്ത്യർ 5:21-ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന് അവൻ നമുക്ക് വേണ്ടി പാപം ആക്കി".

കുറിപ്പുകൾ

[1]ക്രിയ “ബി” അല്ലെങ്കിൽ “ഈസ്” ആണ് 1 പത്രൊസ് 1:3 ലും മത്തായി 21:9 ലും കൊടുക്കേണ്ടത്. മത്തായി 21:9-ൽ “ഭാഗ്യവാൻ” എന്നത് തർജ്ജിമ ചെയ്തിരിക്കുന്ന വാക്കാണ് *യൂലോജെമെനോസ്*, എന്നാൽ പത്രൊസ് ഉപയോഗിച്ചത് *യൂലോജെറ്റോസ്* എന്ന ക്രിയാവിശേഷണമാണ്. ക്രിയാബന്ധം ക്രിയാ വിശേഷണമാണ്. “അനുഗ്ര ഹിക്കപ്പെട്ടവൻ ...” എന്നതും “അനുഗ്രഹിക്കപ്പെടുവിൻ” എന്ന ആജ്ഞയും തമ്മിൽ ചെറിയ വ്യത്യാസം ആണുള്ളത്. [2]യെഹൂദമതാനുസാരിയായ ഒരാളെ റബ്ബിമാർ ചില പ്പോൾ ജനിച്ച ശിശുവിനോട് താരതമ്യം ചെയ്യാറുണ്ട്, എങ്കിലും പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്ന വീണ്ടും ജനനവുമായി അതിനു ധാർമ്മികമായോ ആത്മികമായോ ഒരു ബന്ധവുമില്ല. തെളിവുകൾ പരിശോധിച്ച ശേഷം ബീസ്ലേ-മുറേ ഈ തീർപ്പിൽ എത്തി, “... ഒരു വ്യക്തിയുടെ ആത്മീയ ജീവിതത്തിനായുള്ള പുനർജ്ജനന ആശയ ത്തിന്റെ പ്രായോഗികത ക്രിസ്ത്യാനിത്വം വരുന്നതിന് മുൻപ് ലോകത്തിൽ യെഹൂദ സംസ്കാരത്തിലും ഗ്രീക്ക് സംസ്ക്കാരത്തിലും അന്യമായിരുന്നു.” (ജി. ആർ. ബീസ്ലേ-മുറേ, *ബാപ്റ്റിസം ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലി യുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1962], 227.) [3]ഇബിഡ്., 228. [4]“വിശ്വാ സികളെ ആണ് പൗലൊസ് മക്കൾ എന്നു വിളിച്ചത്, എന്നാൽ വീണ്ടും ജനനത്താ ലല്ല, ദത്തെടുത്തതിനാലാണ് അങ്ങനെയായത്” എന്നു ജോർജ് എൽഡൻ ലാഡ് പറഞ്ഞത് ഭാഗികമായി മാത്രം ശരിയാണ് (റോമ. 8:15). (ജോർജ് എൽഡൻ ലാഡ്. *ഏ തിയോളജി ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, 2ഡ് എഡി. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലി യുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1993], 664.) പൗലൊസ് ദത്തെടുക്കൽ എന്നും വീണ്ടും ജനനം എന്നും രണ്ട് രൂപകാലങ്കാരങ്ങൾ ഉപയോഗിച്ചു, തിത്തൊസ് 3:5 ലേതുപോലെ വ്യക്തമാക്കുവാനാണ് അത്. റോമർ 8:15, 16-ൽ ദത്തെടുക്കൽ എന്ന രൂപകാലങ്കാരം ഉപയോഗിച്ച്, ക്രിസ്തു മുഖാന്തരം അവർക്ക് ദൈവത്തോടുള്ള ശക്ത മായ ബന്ധത്തെ വ്യക്തമാക്കി. റോമർ 6:1-4 ലും തിത്തൊസ് 3:5 ലും, ഒരാൾ ക്രിസ്ത്യാ നിയാകുമ്പോൾ ഉണ്ടാകുന്ന മാറ്റത്തെ വെളിപ്പെടുത്തിയിരിക്കുന്നു. നേരെ മറിച്ച്, അത് പഴയ മനുഷ്യനെ മരിപ്പിക്കുന്നതും, പുതിയ ജനനവുമാണ്. [5]ജെ. എൻ. ഡി.കെല്ലി, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് പീറ്റർ ആന്റ് ഓഫ് ജൂഡ്,* ബ്ലാക്സ് ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1969), 46. [6]ഡേവിഡ് എവെർട്ട്, *ആന്റ് ദെൻ കംസ് ദ എന്റ്* (സ്കോട്സ്ഡെയിൽ, പിഎ,: ഹെരാൾഡ് പ്രസ്, 1980), 173. [7]ജെ. ഏ. ഹോർട്ട്, *ദ ഫസ്റ്റ് എപ്പിസ്റ്റൽ ഓഫ് സെന്റ്. പീറ്റർ. I:1–II.17: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് ഇൻട്രൊഡക്ടറി ലെക്ച്ചർ, കമെന്ററി ആന്റ് അഡീഷ്ണൽ നോട്ട്സ്* (ന്യുയോർക്ക്: മാക്ക്മില്ലൻ കമ്പനി., 1898), 38. [8]കെല്ലി, 46. [9]നോക്കുക, ജെ. രാംസേ മൈക്കിൾസ്, *1 പീറ്റർ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 49 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1988), 29. [10]ഗവൺമെന്റിനെ കുറിച്ചുള്ള പത്രൊസിന്റെ പ്രബോധനം പുതിയനിയമകാലത്തെ ഭവനനിയമാവലിയായി അവഗണിക്കാവുന്നതല്ല. എഫെസ്യർ 5; 6 ലും കൊലൊസ്യർ 3; 4 ലും കാണുന്ന നിയമാവലികൾ ഗവൺമെന്റിനെ കുറി ച്ചാണെന്നതിനു തെളിവില്ല. തന്റെ വായനക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന രീതി യിലാണ് പത്രൊസ് പറഞ്ഞത്.

[11]കെല്ലി, 46. [12]ജോൺ സ്റ്റോട്ട്, *ദ കണ്ടെമ്പ്രറി ക്രിസ്റ്റ്യൻ* (ലെയിസെസ്റ്റർ, യു. കെ.: ഇന്റർ വാഴ്സിറ്റി പ്രസ്, 1992), 157. [13]ക്രിയാബന്ധത്തിന് ഒരു ആജ്ഞയുടെ ശക്തിയുണ്ട്, പ്രത്യേകിച്ച് ആജ്ഞകളുടെ കൂട്ടത്തിൽ ഉപയോഗിക്കുമ്പോൾ. [14]എഡ്വേർഡ് ഗോർഡൻ സെൽവിൻ, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് സെന്റ്.പീ*

*റ്റർ: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് ഇൻട്രോഡക്ഷൻ, നോട്ട്സ് ആന്റ് എസ്സെയ്സ്, തോൺആപ്പിൾ കമെന്ററീസ്,* 2ഡ് എഡി. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1947; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1981), 131. [15]ഇബിഡ്, 260. ഡുവെയിൻ വാർഡനും നോക്കുക. "1 പത്രൊസ് 1:10-12 ലെ പ്രവാചകന്മാർ" *റെസ്റ്റൊറേഷൻ ക്വാർട്ടെർലി* 31 (ഫസ്റ്റ് ക്വാർട്ടർ 1989): 1-12. ഈ വേദഭാഗത്തിലെ പ്ര വാചകന്മാരെ കുറിച്ചു പറയുമ്പോൾ മിക്ക വ്യാഖ്യാതാക്കളും സെൽവിനെ കുറിച്ചു പറയും. അവനെ എതിർക്കുവാൻ വേണ്ടിയാണ് പറയുന്നത്. അവർ അതിൽ വിജ യിച്ചോ ഇല്ലയോ എന്നത് ചോദ്യമായി അവശേഷിക്കുന്നു. 1:10 ലെ *എയിസ് ഹുമാസ്* എടുത്ത് മൈക്കിൾസ് വിചാരിക്കുന്നതുപോലെ, പ്രശ്നം പരിഹരിക്കപ്പെട്ടില്ല എന്നു തോന്നുന്നു (മൈക്കിൾസ്, 44.) 1:10 ലെ കൃപ 1:11 ലെ ക്രിസ്തുവിന്റെ നാമം ന 1മിത്തം കഷ്ടതയനുഭവിച്ചിരുന്ന ക്രിസ്ത്യാനികൾക്കുള്ളതായിരുന്നു. [16]പുതിയനി യമ പ്രവാചകന്മാർ സഭയിലെ ഉറച്ച അംഗങ്ങളായിരുന്നോ എന്നതിനെ സംബന്ധിച്ച് പണ്ഡിതന്മാർ ധാരാളം പഠനം നടത്തിയിരുന്നു (ഒരുപക്ഷെ 1 കൊ. 12-ൽ സൂചിപ്പിച്ച തുപോലെ) അല്ലെങ്കിൽ യോഹന്നാന്റെ ലേഖനങ്ങളിലും ഡിഡാക്കെയിലും പറഞ്ഞി രിക്കുന്നതുപോലെ അലഞ്ഞുതിരിയുന്നവരും ആയിരിക്കാം കൂടുതൽ പഠനത്തിന് നോക്കുക, ഡേവിഡ് ഹിൽ, *ന്യു ടെസ്റ്റമെന്റ് പ്രോഫസി* (അറ്റലാന്റാ: ജോൺ നോക്സ് പ്രസ്, 1979), 104-9. [17]കെല്ലി, 59. [18]ഹോർട്ട് എഴുതി, "ജാതികളെ കുടെ ഉടമ്പടി യുടെ ഭാഗമാക്കുന്നതിനോട് അനുകൂലിക്കുന്നതും, പ്രത്യേകിച്ച് സ്വീകരിക്കുന്നതുമായി അർത്ഥമാക്കുന്നു" (ഹോർട്ട്, 49). [19]വ്യത്യസ്തമായ കാഴ്ച്ചപ്പാടിന് നോക്കുക, വെയിൻ ഏ. ഗ്രൂഡെം, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പീറ്റർ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്റ റി*, ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, വാല്യം 17 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988), 69-71. ഗ്രൂഡെത്തിന്റെ ആ വേദഭാഗത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രാമർ വായിക്കുവാൻ തന്നെ വേദനാജന കമാണ്. സെൽവിൻ ഈ വേദഭാഗം ശരിയായി മനസിലാക്കി. [20]ആൽബർട്ട് കാമസ് തുടങ്ങിയ എഴുത്തുകാർ പിടിച്ചുതൂങ്ങി കിടക്കുന്നത് ദൈവത്തെ നിഷേധിക്കുന്ന അവസ്ഥയിലാണ് എന്നതു ഖേദകരമത്രെ. "മിത്ത് ഓഫ് സിസിഫസ്" എന്ന പുസ്തക ത്തിൽ, കാമസ് വിലയിരുത്തി, "പ്രായോഗികമോ വർഗീയമോ ആയ സാർവ്വലൗകിക കാരണങ്ങൾ, നിർണ്ണയങ്ങൾ എന്നിവ മാത്രം മതിയാകും മനുഷ്യനു ചിരിക്കുവാൻ." (ആൽപർട്ട് കാമസ്, *ദ മിത്ത് ഓഫ് സിസിഫസ് ആന്റ് അദർ എസ്സെയ്സ്,* ട്രാൻസ്. ജസ്റ്റിൻ ഓ ബ്രയൻ [ന്യുയോർക്ക്: വിന്റേജ് ബുക്ക്സ്, 1955], 16.) സാധാരണ നിരീ ശ്വരവാദികളിൽനിന്നു വ്യത്യസ്തമായി, കാമസ് ജീവിതം പരമാർത്ഥമായി നോക്കി കാണുകയും ദൈവത്തെ തള്ളിക്കളയുകയുമാണ് ചെയ്തത്. മനുഷ്യജീവിതത്തെ അയാൾ കണ്ടത്, അസംബന്ധവും, നിരാശാജനകവും, പ്രത്യാശാരഹിതവുമായിട്ടാണ്.

[21]അതിനു പുറമെ, സന്ദർഭം പറയുന്നത് ഗ്രീക്ക് പാർട്ടിസിപ്പിൾസ്, "നിങ്ങളുടെ മനസിനെ ഒരുക്കുക" (1:13) എന്നതും "മാതൃകയാക്കാതെ" (1:14) എന്നതും ആജ്ഞാരൂ പത്തിലാണ് നൽകിയിരിക്കുന്നത്. [22]യെഹൂദ ഭാഷാശൈലിക്ക് നോക്കുക, 2 ശമുവേൽ 7:10, അവിടെ എബ്രായഭാഷയിൽ "ദുഷ്ടന്മാർ" എന്നു പറഞ്ഞിരിക്കുന്നത് ഇംഗ്ലീഷിൽ "ദുഷ്ടരായ" എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു അൽപം പുറകിലാണ്. (മത്തായി 8:12 ലെ "രാജ്യത്തിന്റെ പുത്രന്മാർ" എന്നതും എഫെസ്യർ 2:3 ലെ "കോപത്തിന്റെ മക്കൾ" എന്നു പറഞ്ഞിരിക്കുന്നതും താരതമ്യം ചെയ്യുക). [23]വേദഭാഗത്ത് *സുസ്കെ മാറ്റിസോമെനോയി* സാങ്കേതികമായി ക്രിയാബന്ധത്തിലാണെങ്കിലും, ആജ്ഞാ സ്വഭാവത്തിലുള്ളതാണ്. [24]മൈക്കിൾസ്, 51. [25]ഗ്രൂഡെം 79. [26]ഇബിഡ്, 80. [27]ലാഡ്, 564. [28]ഏണെസ്റ്റ് ബെസ്റ്റ്, *1 പീറ്റർ*, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ്

റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1971), 87. [29]ജോൺ എച്ച്.എലിയറ്റ്, *ഹോം ഫോർ ദ ഹോംലെസ്: ഏ സോഷ്യോളജിക്കൽ എക്സെജിസ് ഓഫ് 1 പീറ്റർ, അതിന്റെ സാഹചര്യങ്ങളും നയങ്ങളും* (ഫിലദെൽഫിയ: ഫോർട്ട്റെസ് പ്രസ്, 1973), 42. [30]പത്രൊസ് ഉപയോഗിച്ച വാക്ക് പറയുന്നത് വിടുവിപ്പാണ്, അല്ലാതെ മറുവിലയല്ല. (ബെസ്റ്റ്, 89.)

[31]ഫ്രാൻസിസ് റൈറ്റ് ബെയർ *ലുട്രൂമായി*, "കുടുംബം" എന്ന വാക്കിനെ കുറിച്ച് പഴയനിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനെയും അന്യദേവനെ നമസ്ക്കരിക്കുന്നവരുടെ ഇടയിലെ ഉപയോഗത്തെ സംബന്ധിച്ചും പൂർണ്ണമായ ഒരു ചർച്ച നടത്തിയിരിക്കുന്നു. (ഫ്രാൻസിസ് റൈറ്റ് ബെയർ, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പീറ്റർ: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് നോട്ട്സ്,* 3ഡ് എഡി. [ധഓക്സ്ഫോർഡ്: ബേസിൽ ബ്ലാക്വെൽ, 1970], 103-5.) [32]പുതിയ നിയമത്തിൽ എൻഏഎസ്ബിയിൽ "അറ്റോൺമെന്റ്" എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല. കെജെവിയിൽ, ഒരിക്കൽ റോമർ 5:11 ഉപയോഗിച്ചിരിക്കുന്നു. എൻആർഎസ്വിയിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് റോമർ 3:25; എബ്രാ. 2:17; എൻഐവിയിൽ റോമർ 3:25; എബ്രാ. 2:17; 9:5. [33]മൈക്കിൾസ്, 66-67. [34]റോബർട്ട് എച്ച്. ഗൺഡ്രി, " 'വെർബാ ക്രിസ്റ്റി' ഇൻ 1 പീറ്റർ; 1 പത്രൊസിന്റെ ലേഖകന്റെ ആധികാരികതയെയും *സുവിശേഷ പാരമ്പര്യങ്ങളുടെ ആധികാരികതയും* അന്തർലീനമാക്കിയിരിക്കുന്നു" *ദ ന്യൂ ടെസ്റ്റമെന്റ് സ്റ്റഡീസ്,* 13 (ജൂലായ് 1967), 339-40. [35]റെയ്മണ്ട് സി. കെൽസി, *ദ ലെറ്റേഴ്സ് ഓഫ് പീറ്റർ ആന്റ് ജൂഡ്*, ദ ലിവിങ്ങ് വേർഡ് കമെന്ററി, വാല്യം. 17 (ആസ്റ്റിൻ: ടെക്സ്.: ആർ ബി. സ്വീറ്റ് കമ്പനി., 1972), 38. [36]കെല്ലി, 78. [37]എൻഏഎസ്ബി പ്രവൃത്തികൾ 2:40 അക്ഷരികമായി തർജിമ ചെയ്തിരിക്കുന്നത്, "ഈ വക്രതയുള്ള തലമുറയിൽനിന്നു രക്ഷിക്കപ്പെടുവിൻ" എന്നാണ്. ഉയരുന്ന ചോദ്യം, "ഒരാൾ വചനം കേൾക്കുന്ന ആളോട് ചിലത് കൽപിക്കുന്നത് എങ്ങനെ?" "കേട്ടു," "കൈക്കൊണ്ടു" എന്നീ വാക്കുകൾ വാസ്തവത്തിൽ, "നിങ്ങൾ കേൾക്കുവാൻ അനുവദിച്ചു," "നിങ്ങൾ കൈക്കൊള്ളുവാൻ അനുവദിച്ചു" എന്നു വരണം. പ്രവൃത്തികൾ 2:40-ൽ പത്രൊസ് അർത്ഥമാക്കിയത് അതാണ്. തന്നെ കേൾക്കുന്നവർ രക്ഷിക്കപ്പെടുവാൻ തന്നെത്താൻ അനുവദിക്കണം എന്നാണ് പത്രൊസ് അർത്ഥമാക്കിയത്. അങ്ങനെയാണെങ്കിൽ, പത്രൊസിന്റെ പ്രസംഗം കേട്ട് വിശ്വസിച്ചവരോട് ചിലത് ചെയ്യുവാൻ പത്രൊസ് പറഞ്ഞപ്പോൾ, അവരുടെ തീരുമാനത്തിന് വിട്ടുകൊടുക്കുകയായിരുന്നു. ഈ അർത്ഥത്തിലാണ് അവന്റെ കേൾവിക്കാരോട് "രക്ഷിക്കപ്പെടുവിൻ" എന്നു പറഞ്ഞത്. [38]മൈക്കിൾസ്, 75.